www.malankaralibrary.com

# നനവുള്ള കാറ്റുകൾ



വിനായക് നിർമ്മൽ

www.malankaralibrary.com

www.malankaralibrary.com

# നനവുള്ള കാറ്റുകൾ

വിനായക് നിർമ്മൽ

www.malankaralibrary.com

www.malankaralibrary.com

# നനവുള്ള കാറ്റുകൾ

വിനായക് നിർമ്മൽ

BP No. 143

ബഥനി പബ്ലിക്കേഷൻസ്
കോട്ടയം - 686 010
2013

www.malankaralibrary.com

ISBN: 81-904578-0-2

**Nanavulla Kattukal**
Malayalam
*by*
**Vinayak Nirmal**

*First Published*
2007 April

IInd Edition
2009 April

*Printed at*
Bethany Offset Printers, Kottayam-686010
Ph: 0481-2571355
Email: bethanyktm@gmail.com

*Cover design*
Fingraph

*Copy right*
®

*Pub. & Dis. by*
**Bethany Publications**
Kottayam-686010
Ph: 0481-2571355
**Rs. 60.00**

www.malankaralibrary.com

**വിനായക് നിർമ്മൽ**

കോട്ടയം ജില്ലയിലെ പ്രവിത്താനം ആണ് സ്വദേശം.
മാതാപിതാക്കൾ: സെബാസ്റ്റ്യൻ, ത്രേസ്യാമ്മ.
ഭാര്യ: ഷീജ, മകൻ : ഫ്രാൻസിസ് ലിയോ.
ഫോൺ: 9446197429
email:vinayaknirmal@hotmail.com

www.malankaralibrary.com

# കാറ്റ് കടന്നുപോകുന്ന വഴികൾ


നനഞ്ഞ കാറ്റുകൾക്കകത്തെ ജ്വാലകൾ
*പെരുമ്പടവം ശ്രീധരൻ* 5

കാറ്റിന്റെ ഹൃദയനനവുകൾ
*അഭിലാഷ് ഫ്രേസർ* 8

കാറ്റ് പറഞ്ഞ കഥകൾ
*വിനായക് നിർമ്മൽ* 10

1. അദ്ഭുതങ്ങൾ കുറഞ്ഞ പള്ളികൾ 15
2. അപ്പൻ 20
3. അയലത്തെ ചില കാര്യങ്ങളെക്കുറിച്ച് 26
4. ആഗ്രഹവും അനുഗ്രഹവും 29
5. ഇതാ ഒരു സ്ത്രീ 32
6. ഉറക്കം 35
7. ഒരച്ഛന്റെ ഓർമ്മയ്ക്ക് 38
8. കുട്ടി 41
9. ക്ഷമയുടെ പുസ്തകത്തിൽനിന്നുള്ള വായന 44
10. ചങ്ങാത്തം 48
11. ചക്കക്കുരു 53
12. ചെമ്പരത്തിപ്പൂക്കൾ 57
13. ജന്മദിനം 60
14. തിരിച്ചുപിടിക്കേണ്ട നന്മകൾ 63
15. നീതന്നെ ജീവിതം സന്ധ്യേ 66
16. പെരുനാളുകൾ 69
17. പ്രായം 72
18. പ്രാർത്ഥന 75
19. ബിജി നല്കിയ വേദന 80
20. സമയം 83
21. (അ)വിവാഹിതം 86
22. കലണ്ടർ 90

www.malankaralibrary.com

# നനഞ്ഞ കാറ്റുകൾക്കകത്തെ ജാലകൾ

**പെരുമ്പടവം ശ്രീധരൻ**

**ചെ**റുപ്പക്കാരായ എഴുത്തുകാരോട് എനിക്ക് പ്രത്യേകമായ ഒരു സ്നേഹമുണ്ട്. താല്പര്യത്തോടെയാണ് അവരെ ഞാൻ വായിക്കുക. അങ്ങനെയുള്ള വായനയിലൂടെയാണ് ഞാൻ വിനായക് നിർമ്മലിനെ ഇഷ്ടപ്പെട്ടത്. ജീവിതത്തിലെ ഏതു ചെറിയ അനുഭവത്തെയും ലളിതവും സുന്ദരവുമായ വിവരണകലകൊണ്ട് ഈ എഴുത്തുകാരൻ തന്റെ ഹൃദയ മുദ്ര പതിഞ്ഞതാക്കി തീർക്കുന്നു. ശൈലിയുടെ ഭംഗിയാണോ അതോ അതിനകത്തെ ആർദ്രമായ മാനുഷികസ്പർശനമാണോ എന്നെ കൂടുതൽ ആകർഷിച്ചത്? അത് രണ്ടും ചേർന്നിട്ടാണെന്ന് എന്റെ മനസ് എന്നോട് പറയുന്നു. ആ എഴുത്തിലൂടെ ഒരു പുഴ ഒഴുകുന്നുണ്ട്. മനുഷ്യസ്നേഹത്തിന്റെ കുളിരും ഊഷ്മളതയും കൊണ്ട് അത് അനുഭൂതികളുടെ ഒരൊഴുക്കായിത്തീരുന്നു. അതിൽ മുങ്ങിനിവരുമ്പോൾ ജീവിതത്തെ അതിന്റെ എല്ലാ ക്ഷതങ്ങളോടും ആകുലതകളോടും കൂടിത്തന്നെ ഇഷ്ടപ്പെടാൻ തോന്നിപ്പോവുന്നു.

വിനായക് നിർമ്മലിന്റെ 'നനവുള്ള കാറ്റുകൾ' ഈ അനുഭവം തന്നെ എനിക്ക് വീണ്ടും പങ്കുവയ്ക്കുന്നു.

ഈ ലേഖനങ്ങളിൽ ജീവിതനിരീക്ഷണത്തിന്റെ മികവുകൊണ്ട് എന്നെ വല്ലാതെ ആകർഷിച്ച ഒന്നാണ് 'അപ്പൻ.' അമ്മയെന്ന പുഴയെ ധ്യാനിച്ച് ധ്യാനിച്ച് അപ്പൻ എന്ന കടലിലെത്താൻ വൈകിപ്പോയ ഒരു കൈത്തോടാണ് ഞാനെന്ന് പറഞ്ഞ് വിനായക് നിർമ്മൽ ആ ലേഖനം തുടങ്ങുന്നു. അടുക്കളയിലെ അഗ്നിയിൽ അമ്മ സ്വയം ഹോമിക്കുന്നത് പെട്ടെന്ന് എല്ലാവരുടെയും ഓർമ്മയിൽ വരും. എന്നാൽ പുറംലോകം മുഴുവൻ നിറഞ്ഞു ജ്വലിക്കുന്ന ഒരു യാഗകുണ്ഡത്തിൽ നിന്നുരുകുന്ന അപ്പന്റെ കാര്യമോ? പരുക്കൻ പുറംതോടിനുള്ളിൽ ഒളിഞ്ഞിരിക്കുന്ന അപ്പന്റെ സ്നേഹം പിന്നെയല്ലേ നിനവിൽ വരുന്നത്? മാറുന്ന കാലത്തിന്റെ വിപരീതങ്ങളെ നേരിട്ടും സഹിച്ചും മക്കളുടെ നന്മയ്ക്കുവേണ്ടി സ്വയം കത്തിയെരിയുന്ന അപ്പനെക്കുറിച്ചുള്ള വിചാരം വിനായക് നിർമ്മൽ ഉൽക്കടമായ ഒരു ഹൃദയാനുഭവമാക്കി മാറ്റുന്നു. അനിയന്റെ പീടികയിൽ

www.malankaralibrary.com

ബീഡി തെറുത്തു കൊടുത്ത് ആഴ്ച തോറും കിട്ടുന്ന അഞ്ചുരൂപ കൊണ്ട് ഭാര്യയും ആറു മക്കളുമടങ്ങുന്ന കുടുംബത്തെ അപ്പൻ എങ്ങനെ പോറ്റിയെന്ന് വർഷങ്ങളുടെ അകലങ്ങളിൽനിന്ന് വിനായക് അമ്പരക്കുന്നു. അത് വായിക്കുമ്പോൾ എന്റെ ഹൃദയത്തിന്റെ ആഴങ്ങളിൽ ഒരു ചുഴലിക്കാറ്റ് രൂപം കൊള്ളുന്നത് ഞാനറിഞ്ഞു.

നമ്മുടെ പ്രശ്നങ്ങളല്ല അയൽപക്കങ്ങളുടെ രഹസ്യങ്ങളാണ് കുടിലമായ നമ്മുടെ മനസിനെ അലട്ടുന്നത്. എനിക്കു പലപ്പോഴും തോന്നിയിട്ടുള്ള ഒരാശയം വിനായക് ഈ പുസ്തകത്തിലെ 'അയലത്തെ ചില കാര്യങ്ങളെക്കുറിച്ച്' എന്ന ലേഖനത്തിൽ ഭംഗിയായി വിശകലനം ചെയ്യുന്നുണ്ട്. "കണ്ടില്ലേ, ഇന്നലെ വരെ കഞ്ഞി കുടിക്കാതെ കഴിഞ്ഞ കൂട്ടരാ." അയൽപക്കം തഴയ്ക്കുന്നത് കണ്ട് അങ്ങനെ നെടുവീർപ്പെടുന്ന എത്രയോ പേരെ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. സമൂഹത്തിന്റെ നേർക്കു തിരിച്ചുപിടിച്ച വിനായക് നിർമ്മലിന്റെ ദൃഷ്ടിയിൽ അയൽപക്കങ്ങളുടെ കറുത്ത വികാരങ്ങൾ തെളിഞ്ഞുവരുന്നത് ഞാൻ കൗതുകത്തോടെ കാണുന്നു. സമൂഹത്തിന്റെ തിന്മകളെക്കുറിച്ച് ബോധ്യമുള്ള ഒരെഴുത്തുകാരന്റെ ചിന്തയാണത്.

ഇടയ്ക്കിടയ്ക്ക് നാം കണ്ടുമുട്ടുന്നവരിൽ ചിലരെങ്കിലും സ്വന്തം ദൗർഭാഗ്യങ്ങൾ വർണ്ണിച്ചു കേൾപ്പിച്ച് മറ്റുള്ളവരെ മടുപ്പിക്കുന്നതായി തോന്നിയിട്ടില്ലേ? അവർക്ക് അവരുടെ ദീനങ്ങളെക്കുറിച്ചും ദൈന്യങ്ങളെക്കുറിച്ചും മാത്രമേ പറയാനുള്ളൂ, നാക്കെടുക്കുമ്പോഴൊക്കെ. അത്തരക്കാരിൽ നിന്ന് തീർത്തും വ്യത്യസ്തയായ ഒരു സ്ത്രീയെ വിനായക് 'ഇതാ ഒരു സ്ത്രീ'യെന്ന് പറഞ്ഞ് കാട്ടിത്തരുന്നു. കഠിനമായ രോഗം ബാധിച്ച് മരണാസന്നയായി കിടക്കുന്ന ആ സ്ത്രീ വിനായകിന്റെ സഹപ്രവർത്തകയായിരുന്നു. ദരിദ്രമായ ഒരു കുടുംബം. ഇരുപത്തൊന്നു വർഷമായി ഭർത്താവിന് കാഴ്ച നഷ്ടപ്പെട്ടിട്ട്. മകളെ വിവാഹം കഴിച്ചയച്ചു. ഒരു മകനുള്ളത് തടിക്കേസിലെ പ്രതിയാണ്. യഥാർത്ഥത്തിൽ നിരാലംബമായ ഒരു ജീവിതമാണ് അത് ഇപ്പോൾ. തങ്ങളെ കാണുമ്പോൾ ആ സ്ത്രീ ആ സങ്കടങ്ങളൊക്കെ എണ്ണിപ്പെറുക്കി കരയുമെന്ന് പേടിച്ച് പടിക്കെട്ടുകൾ കയറിച്ചെല്ലുന്ന വിനായക് നിർമ്മലിനെയും കൂട്ടുകാരെയും ആ സ്ത്രീ സ്വീകരിക്കുന്നത് നിറഞ്ഞ സ്നേഹത്തോടും സന്തോഷത്തോടും കൂടിയാണ്. ആ സ്ത്രീ അവരുടെ രോഗത്തെയോ ദൗർഭാഗ്യങ്ങളെയോ കുറിച്ച് മിണ്ടുന്നില്ല. അതിനു പകരം നിങ്ങളെയൊക്കെ ഞാനോർക്കുന്നുണ്ടെന്ന് പറഞ്ഞ് അവർ അവരുടെ സ്നേഹം കാണിക്കുകയാണ് ചെയ്യുന്നത്. അതിനിടയിൽ അടുക്കളയിലേക്ക് തിരിഞ്ഞ് അനിയത്തിയോട് അതിഥികൾക്ക് ചായയുണ്ടാക്കാനും അവർ പറഞ്ഞു. വിശേഷങ്ങൾ പറഞ്ഞിരിക്കുന്നതിനിടയിൽ കട്ടൻചായയും ബിസ്ക്കറ്റും

www.malankaralibrary.com

വന്നു. പാൽ തീർന്നുപോയെന്ന് ഖേദിക്കുകയോ നിങ്ങളീ കട്ടൻചായ കുടിക്കുമോയെന്ന് ചോദിക്കുകയോ ചെയ്യാതെ അവർ അവരുടെ ആത്മാർത്ഥത കൊണ്ട് അതിഥികളെ സൽക്കരിക്കുന്നു. അപകർഷതാ ബോധത്തിന്റെ നിഴൽപോലുമില്ല ആ സ്ത്രീയുടെ മുഖത്ത്. സങ്കടങ്ങളോ പരാതിയോ ഇല്ലാതെയും വിധിയെ പഴിക്കാതെയും ആ സ്ത്രീ അവരുടെ ജീവിതം പ്രാർത്ഥനയുടെ സുഗന്ധം കൊണ്ടു നിറയ്ക്കുന്നു. വിനായക് ആ അനുഭവത്തെ ഇങ്ങനെ നിരീക്ഷിക്കുന്നു: "ഒരു മണിക്കൂർ നേരത്തെ വചനപ്രഘോഷണം കേൾക്കുന്നതിനെക്കാൾ ഹൃദയത്തെ സ്പർശിക്കുന്നത് ഇവരെപ്പോലെയുള്ളവരുമായുള്ള സഹവാസമാണ്. ഇതുതന്നെയല്ലേ സുവിശേഷവും?"

ദൃഷ്ടാന്തങ്ങൾ വച്ചുകൊണ്ട് ജീവിതത്തെ സംബന്ധിച്ച ചില മൂല്യവിചാരങ്ങളിലെത്തുകയാണ് ഈ എഴുത്തുകാരൻ ചെയ്യുന്നത്. ജീവിതത്തെക്കുറിച്ച് ചിന്തിക്കുന്ന ഒരാളുടെ ഹൃദയത്തിന്റെ അകം വെളിവാകുന്നത് ഇത്തരം നിമിഷങ്ങളിലാണെന്ന് എനിക്കു തോന്നുന്നു.

അടിയന്തിരാവസ്ഥക്കാലത്ത് പോലീസ്ക്യാമ്പിൽ കൊല ചെയ്യപ്പെട്ട രാജനെക്കുറിച്ച് രാജന്റെ അച്ഛൻ ഈച്ചരവാര്യർ എഴുതിയ 'ഒരച്ഛന്റെ ഓർമ്മക്കുറിപ്പുകൾ' എന്ന പുസ്തകത്തെ മുൻനിർത്തി ചിന്തിക്കുമ്പോൾ നിസ്സഹായമായിത്തീരുന്ന നിലവിളികൾക്ക് വിനായക് നിർമ്മൽ പ്രതിദ്ധ്വനികളുണ്ടാക്കുന്നു. തീ പിടിക്കുന്ന സങ്കടങ്ങൾക്കിടയിലും സത്യത്തിനും നീതിക്കും വേണ്ടിയുള്ള പോരാട്ടവും ജീവിതമാണെന്ന് ഈച്ചരവാര്യർ നമ്മെ പഠിപ്പിച്ചു. നിസ്സഹായമായ ഒരു കുടുംബത്തിന്റെ സങ്കടങ്ങളിൽ നിന്നുയിർക്കൊള്ളുന്ന സഹനവും പോരാട്ടവും ഉയർത്തിക്കാണിച്ചുകൊണ്ട് ധാർമ്മികതയുടെ ആകുലതകൾ ആ ലേഖനം പങ്കുവയ്ക്കുന്നു.

അങ്ങനെ എന്തെങ്കിലും ഒരപൂർവ്വത കൊണ്ടു തിളങ്ങുന്ന ലേഖനങ്ങളാണ് ഈ ഗ്രന്ഥത്തിലേറെയും. ഒരു വായനക്കാരനെന്ന നിലയിൽ അതെന്നെ സന്തോഷിപ്പിച്ചു. നന്ദി.

തിരുവനന്തപുരം
15. 2. 2007

www.malankaralibrary.com

# കാറ്റിന്റെ ഹൃദയനനവുകൾ

**അഭിലാഷ് ഫ്രേസർ**

**മ**ഞ്ഞുപെയ്യുന്ന ഡിസംബർ രാവുകളിൽ പാതിരാകുർബാന കഴിഞ്ഞു മടങ്ങുമ്പോൾ പലപ്പോഴും ഈറൻ കാറ്റു കൊണ്ടിട്ടുണ്ട്. പിന്നെ കടൽത്തീരത്ത് നിന്നപ്പോൾ കടൽത്തിരയുടെ കണ്ണീർത്തരികൾ വഹിച്ചു വരുന്ന കാറ്റിന്റെ സ്പർശവും അറിഞ്ഞിട്ടുണ്ട്. വഹിക്കുന്ന മഞ്ഞുകണങ്ങൾ കാറ്റിന്റെ നെഞ്ചിലെ ഭാരമാണ്. കണ്ണീർഭാരം. എന്നിട്ടും കാറ്റേൽക്കുന്നവർക്കൊക്കെ ആ തെന്നൽ സ്പർശം കുളിരാവുന്നു. സ്മൃതികളുടെയും നന്മ നിറഞ്ഞ ഗൃഹാതുരത്വത്തിന്റെയും കുളിര്!

വിനായക് നിർമ്മലിന്റെ ഈ കുറിപ്പുകളിലൂടെ കടന്നുപോയപ്പോൾ നനഞ്ഞ ഒരു കാറ്റ് എന്റെ നെഞ്ചിലൂടെയും കടന്നുപോയി. ഓർമ്മകളുടെ നനുത്ത മഞ്ഞുപെയ്തു. ഗൃഹാതുരത്വത്തിന്റെ കുളിരറിഞ്ഞു. ഹൃദയം വീണ്ടും തരളമായി. ഇതു വിനായകിന്റെ സിദ്ധിയാണ്. ദൈവദത്തമായ ഒരു വിശിഷ്ടസിദ്ധി. ഇയാളുടെ വാക്കിന്റെ നിശ്വാസത്തിനുപോലും ആർദ്രതയുണ്ട്. മിഴിനീരിന്റെയും ഓർമകളുടെയും നനവുണ്ട്. ആത്മസ്പർശമുള്ള ഓരോ കുറിപ്പും നനച്ചുപോകുന്നത് അനുവാചകന്റെ ഹൃദയത്തെയാണ്... കണ്ണിനു നനയുകയോ നനയാതിരിക്കുകയോ ചെയ്യാം.

പതിവിൽനിന്ന് വ്യത്യസ്തമായി ഈ കുറിപ്പുകൾ പൂർണ്ണമായും ആത്മനിഷ്ഠങ്ങളല്ല. നിരീക്ഷണങ്ങളും ലഘുചിന്തകളും ഓർമകളും ഒക്കെ കലർന്ന ഒരു ലേഖനസമാഹാരമാണിത്.

നെഞ്ചിൽ കനിവിന്റെയും സ്നേഹത്തിന്റെയും നന്ദിയുടെയും ഉറവയുണർത്തുന്ന അതീവഹൃദ്യമായ ഒരു ലേഖനമിതിലുണ്ട്. 'അത്ഭുതങ്ങൾ കുറഞ്ഞ പള്ളികൾ.' അതു വായിച്ചുകഴിയുമ്പോൾ നന്മയുടെ ഒരു പ്രവാഹത്തിൽ പെട്ടുപോയ നമ്മൾ തണുക്കുന്നു. കുളിരിന്റെ ഹർഷമറിയുന്നു, നന്മയിൽ കുളിച്ചുകയറാനുള്ള ഒരു സരോവരമാകുന്നു ഈ ലേഖനം.

വിനായകിന്റെ 'ഒബ്സെഷനു'കളിലൊന്നായ 'സൗഹൃദം', പ്രാതിനിധ്യസ്വഭാവമുള്ള 'ചങ്ങാത്തം' എന്ന ഒറ്റ ലേഖനത്തിൽ ആഘോഷിക്ക

www.malankaralibrary.com

പ്പെടുന്നുണ്ട്. സൗഹൃദത്തിന്റെ സഹസ്രസഭാവങ്ങളുടെ മിന്നലാട്ടം ഇതിൽ കാണാവതുണ്ട്.

നഷ്ടപ്പെട്ടുപോയ ഗതകാലനന്മകളോടുള്ള പ്രിയം പല ലേഖന ങ്ങളുടെയും ആവർത്തനതാളമാണ്. 'തിരിച്ചുപിടിക്കേണ്ട നന്മകൾ', 'ചക്ക ക്കുരു' തുടങ്ങിയ ലേഖനങ്ങളിൽ ആ താളം സുവ്യക്തമാണ്. സൂക്ഷ്മ മായ ജീവിതനിരീക്ഷണപാടവം വെളിവാക്കുന്ന 'ചെമ്പരത്തിപ്പൂക്കൾ', 'ഇതാ ഒരു സ്ത്രീ', 'അയലത്തെ ചില കാര്യങ്ങളെക്കുറിച്ച്' തുടങ്ങിയ ലേഖനങ്ങൾ ഹൃദ്യമായജീവിതഗന്ധംകൊണ്ടും നേർത്ത ജീവിത വിമർശനം കൊണ്ടും ശ്രദ്ധേയമാണ്.

'ബിജി നല്കിയ വേദന', 'ഒരച്ഛന്റെ ഓർമ്മയ്ക്ക്', 'നീ തന്നെ ജീവിതം സന്ധ്യേ' തുടങ്ങിയവ സമകാലിക സംഭവങ്ങളോടുള്ള ഹൃദയ പൂർവ്വമായ പ്രതികരണമാണ്. സമകാലിക സംഭവങ്ങളാണെങ്കിലും അവയെ ഹൃദയത്തിലേക്കെടുത്താണ് വിനായക് അവതരിപ്പിക്കുന്നത് എന്നതാണ് ഇത്തരം ലേഖനങ്ങളെ വ്യത്യസ്തവും ശ്രദ്ധേയവുമാക്കു ന്നത്. മനുഷ്യത്വത്തിന്റെ നനവാണ് ഇതിൽ പടരുന്നത്.

വരണ്ട ഒരു കാലത്തിൽ ജീവിക്കുമ്പോൾ ഇടയ്ക്കെങ്കിലും നന വുള്ള ചില കാറ്റുകൾ വീശിയില്ലെങ്കിൽ ഹൃദയങ്ങളെന്തു ചെയ്യും? മണ ലാരണ്യങ്ങളിലെ ചില മരുപ്പച്ചകൾ... നിരന്തരം വരണ്ട കാറ്റുകളേല്ക്കു ന്നത് കൊണ്ടാവാം നമ്മുടെ തലമുറയിൽ ഒരു കിരുകിരുപ്പ്. friction. 'പുഴ'യും 'മഴ'യും 'കടലു'മൊക്കെ അവതരിപ്പിച്ച് ഹൃദയനനവിന്റെ സംസ്കാരം തിരികെ കൊണ്ടുവരാനുള്ള വിനായകിന്റെ പരിശ്രമത്തിലെ പുതിയ കണ്ണിയാണ് 'നനവുള്ള കാറ്റുകൾ.'

വാക്കുകൾക്ക് പിന്നിൽ മിടിക്കുന്ന ഒരു ഹൃദയത്തെ ഈ കുറിപ്പു കൾ ആത്മാർത്ഥമായി വായിക്കുന്ന ഒരനുവാചകനും കണ്ടെത്താതെ പോവില്ല. ഈ മിടിപ്പുകൾ ശബ്ദത്തിനുപരി ആത്മാവിലേക്ക് മുഴങ്ങു ന്നതു കൊണ്ടാവണം വിനായകിന്റെ കുറിപ്പുകളെ വായനക്കാർ ഹൃദയ ത്തോട് ചേർത്തുപിടിക്കുന്നത്.

സ്വാഗതം, കാറ്റിന്റെ ഈ ഹൃദയനനവുകളിലേക്ക്...

www.malankaralibrary.com

## കാറ്റ് പറഞ്ഞ കഥകൾ

**കാ**റ്റ് പച്ചിലകളോട് പറയുന്നതെന്താവും? കണ്ടോളൂ, ഇനിയും നീ സ്വപ്നങ്ങൾ കണ്ടോളൂ... ഞാൻ നിന്റെ ഒപ്പമുണ്ട്... നേർത്ത തലോടലായി തഴുകിയും പുണർന്നും...

പഴുത്തിലകളോട് പറയുന്നതോ...? ഇല്ല നിനക്കിനി സ്വപ്നങ്ങളുടെ പച്ചപ്പുകളില്ല... അടുത്ത യാമത്തിൽ ഞാൻ വീശുമ്പോഴേക്കും നീ വീണു കഴിഞ്ഞിരിക്കും... എന്റെ നേരിയ തലോടലിനെപോലും പ്രതിരോധിക്കാൻ അപ്പോൾ നിനക്കാവില്ല...

കാറ്റിനോട് പിണങ്ങല്ലേ... ഇത് കാറ്റിന്റെ നിയോഗം... ചിലയിടത്ത് സാന്ത്വനവും മറ്റു ചിലയിടത്ത് ക്ഷോഭവും.

കാറ്റു പറയുന്നത് ആരോടാണെങ്കിലും അതൊരിക്കലും ഒന്നായിരിക്കില്ല; ഒന്നുപോലെയും. സ്നേഹത്തിന്റെ മന്ത്രണം രണ്ടുപേരോട് ഒരേപോലെ പറയാൻ കാറ്റിന് കഴിയുമോ?

ഓരോ കാറ്റും കടന്നുപോവുന്നത് എന്തെല്ലാം ഓർമ്മകൾ കൊണ്ടായിരിക്കണം! നോവിന്റെ... സന്തോഷത്തിന്റെ... സങ്കടങ്ങളുടെ...

ചിലപ്പോൾ ഒരു കാറ്റു കൊള്ളുമ്പോൾ നമുക്കെന്തെല്ലാമാണ് ഓർമ്മവരുന്നത്? വിരിച്ചിട്ട സ്വപ്നങ്ങളുടെ വസ്ത്രാഞ്ചലങ്ങൾപോലും അപ്പോൾ ഓർമയിൽ ഉലയും.

'കാറ്റിൽ പെട്ട കരിയില' പ്രയോഗിച്ച് മുഷിഞ്ഞതാണ്. എന്നിട്ടും ജീവിതത്തെ, ബന്ധങ്ങളെ ഒക്കെ ചില പ്രത്യേക ചുറ്റുപാടിൽ നിർവചിക്കാൻ അതിനെക്കാളെളുപ്പമുള്ള മറ്റൊന്നില്ല. കാറ്റിന്റെ കൈകളിലെ പട്ടമാവുന്നു ജീവിതം... എങ്ങനെയൊക്കെയോ തട്ടിയും എവിടെയൊക്കെയോ തടഞ്ഞും അതെവിടേയ്ക്കൊക്കെയോ പോവുന്നു...

കാറ്റിന് സുഗന്ധമാണിഷ്ടമെന്ന് കവി. എന്നിട്ടും കാറ്റിൽ നിറയുന്നത് എല്ലായ്പ്പോഴും സുഗന്ധമാവണമെന്നില്ല. കത്തിക്കരിഞ്ഞതിന്റെ, ചീഞ്ഞളിഞ്ഞതിന്റെ, ഓർക്കാൻ ഇഷ്ടമില്ലാത്തവയുടെ...

പൂവാടിയിലേക്ക് ഒരു കാറ്റിന്റെ പ്രവേശം എങ്ങനെയായിരിക്കും? പൂക്കളെയെല്ലാം കവർന്നെടുത്തുകൊണ്ട്... തരുലതാദികളുടെ നഷ്ട

www.malankaralibrary.com

പ്പെടലിന്റെ വേദനയെ ഗൗനിക്കാതെ... കാറ്റ് ചിലപ്പോൾ ഒരു പൂക്കുട യിലെ സുഗന്ധങ്ങളെ മുഴുവൻ അപഹരിച്ചേക്കും... എങ്കിലും സുഗന്ധ ങ്ങളെ ഇല്ലാതാക്കാൻ അതിനു കഴിയില്ല...

കാറ്റ് സർവ്വസംഗപരിത്യാഗിയായ ഒരു സന്യാസിയാണ്. കാരണം ഒന്നിനോടും അതു മമത പുലർത്തുന്നില്ല... ഒരിടത്തും അത് ചുറ്റിവരിയ പ്പെടുന്നില്ല... എല്ലാറ്റിനും മീതെ ഒന്നിനെയും ഒഴിവാക്കാതെ കാറ്റ് കടന്നു പോവുന്നു.

പ്രകാശിച്ചുനില്ക്കുന്ന വിളക്കിന്റെ നാളങ്ങളെ എത്ര ധാർഷ്ട്യ ത്തോടെയാണ് കാറ്റ് ഊതിയണയ്ക്കുന്നത്? പക്ഷേ വിളക്കണയ്ക്കാനേ കാറ്റിനു കഴിയൂ... വെളിച്ചം ഇല്ലാതാക്കാനാവില്ല...

എല്ലാ കാറ്റും ഒരേപോലെയാകുന്നില്ല... മഴയ്ക്കൊപ്പം വരുന്ന കാറ്റു കൾ... വെയിലിന്റെ തോളുരുമ്മി വരുന്നവ... അതെ... ചിലതിന് വല്ലാത്ത തീവ്രത... ചുട്ടുപൊള്ളുന്ന തരത്തിലുള്ളത്... മറ്റു ചിലതിന് വല്ലാത്ത ശൈത്യം...

കാറ്റിന്റെ മനസുണ്ടായിരിക്കുക വലിയൊരു പുണ്യമാണെന്ന് തിരി ച്ചറിയുന്നു. എങ്ങനെയുള്ള കാറ്റിന്റെ മനസെന്നാൽ, അധികമാരെയും പൊള്ളിക്കാതെയും അധികമാരെയും തണുപ്പിക്കാതെയും എന്നാൽ ആരെയും തന്റെ സ്പർശത്തിൽ നിന്നൊഴിവാക്കാതെയുമുള്ള നനുനന വുള്ള ഒരു കാറ്റ്.

കാറ്റ് കടന്നുപോവുന്ന വഴികളിൽ കാലം കാത്തുനില്ക്കുന്നു, എങ്ങനെയാണ് കാറ്റ് വരികയെന്നും എങ്ങനെയാണ് കാറ്റ് പോവുക യെന്നും എന്താണു കാറ്റ് കൊണ്ടുവരികയെന്നും നിശ്ചയമില്ലാതെ...

ഏതോ ഒരു കഥാപാത്രം ചെയ്തതുപോലെ കാറ്റിനു നേരെ കരം നീട്ടി കാറ്റിനെ കൈകളിൽ പിടിക്കാൻ എനിക്കിപ്പോൾ തോന്നുന്നു... കാറ്റിന്റെ മുഴക്കം എന്നിൽ നിറയുന്നു. ഈ കാറ്റെന്താണാവോ എനിക്ക് തരിക? ഈ കാറ്റ് എന്താണാവോ എന്നിൽ നിന്നെടുക്കുക?

ഇനി കാറ്റിന്റെ ചെപ്പ് കിലുങ്ങട്ടെ...

ഇനി എനിക്കും നിനക്കും മീതെ നനവിന്റെ കാറ്റുവീശട്ടെ...

സ്നേഹനിശ്വാസത്തോടെ

**വിനായക് നിർമ്മൽ**

www.malankaralibrary.com

**നന്ദി**

ശ്രീ പെരുമ്പടവം ശ്രീധരൻ
അഭിലാഷ് ഫ്രേസർ

www.malankaralibrary.com

**ചങ്ങാതിമാർക്ക്**

*വലിയ ദുഃഖത്തോടും ഹൃദയവ്യഥയോടും*
*വളരെ കണ്ണുനീരോടും കൂടി ഞാൻ*
*നിങ്ങൾക്ക് എഴുതിയത്*
*നിങ്ങളെ ദുഃഖിപ്പിക്കാൻ വേണ്ടിയല്ല,*
*മറിച്ച് നിങ്ങളോടുള്ള എന്റെ സമൃദ്ധമായ സ്നേഹം*
*അറിയിക്കാൻ വേണ്ടിയാണ്.*

- സെന്റ് പോൾ

www.malankaralibrary.com

www.malankaralibrary.com

# 01

# അത്ഭുതങ്ങൾ കുറഞ്ഞ പള്ളികൾ

യാത്രകൾക്കിടയിൽ കാണാറുണ്ട്, ചില കുരിശുപള്ളികൾക്ക് മുമ്പിലായി മെഴുകുതിരികൾ ആളില്ലാതെനിന്ന് കത്തുന്നത്. കുരിശുപള്ളികൾക്ക് കത്തീഡ്രലുകളുടെയത്ര ഭംഗിയുണ്ടാവില്ല. ചായം പൊളിഞ്ഞിട്ട് ഏറെ ക്കാലം ആയിട്ടുമുണ്ടാവും. ഒരിക്കലും വലിയ ആൾക്കൂട്ടങ്ങളോ ആരാധനാ കർമങ്ങളോ അവിടെ കാണാറുമില്ല. അദ്ഭുതങ്ങൾക്കായി നൊവേനപ്പള്ളി കളെയും തീർത്ഥാടനകേന്ദ്രങ്ങളെയും സമീപിക്കുന്ന ഭക്തർ കുരിശു പള്ളികളെ മറന്നുപോവുന്നു.

ടീച്ചറമ്മയെയും സാറിനെയും ആ കുടുംബത്തെയും കുറിച്ച് ഓർമി ക്കുമ്പോഴെല്ലാം ഞാൻ മനസിൽ ധ്യാനിക്കുന്നത് ഇത്തരം കുരിശുപള്ളി കളെയാണ്. നിശ്ശബ്ദം നിന്ന് പക്ഷേ അത്ഭുതങ്ങൾ നിറവേറ്റുന്ന കുരിശു പള്ളികളെ...

ഹൃദ്രോഗബാധയെ തുടർന്ന് അമ്മ ആശുപത്രിയിലായപ്പോഴാണ് ടീച്ചർ അമ്മയെ കാണാൻ എത്തുന്നത്. അതവരുടെ ആദ്യ കണ്ടുമുട്ടലു മായിരുന്നു. പക്ഷേ ഞാനൊരിക്കലും ടീച്ചറുടെ വിദ്യാർത്ഥിയായിരുന്നില്ല. എന്നാൽ ടീച്ചറുടെ ഭർത്താവ് എന്റെ അദ്ധ്യാപകനായിരുന്നു. എല്ലാ മാഷു മാർക്കും ഇരട്ടപ്പേരുകൾ ഇട്ടിരുന്ന തലതെറിച്ച കുട്ടികൾപോലും അദ്ദേ ഹത്തെ അതിൽ നിന്നൊഴിവാക്കിയിരുന്നത് ആ വ്യക്തിത്വത്തോടുള്ള തികഞ്ഞ ആദരവിന് തെളിവായിരുന്നു.

ടീച്ചറുമായി ഞാൻ കണ്ടുമുട്ടിയതും ആത്മബന്ധം സ്ഥാപിച്ചതും അതിനും ഏതാനും മാസങ്ങൾക്കുമുമ്പായിരുന്നു. അവരുടെ വീട്ടിൽ ചില പ്രത്യേകസാഹചര്യത്തിൽ ഞാൻ കടന്നുചെല്ലുകയായിരുന്നു. ആദ്യമായി

www.malankaralibrary.com

കണ്ടുമുട്ടുന്നതിന് മുമ്പ് തന്നെ ഞങ്ങൾ ഏതൊക്കെയോ ചില വഴികളിലൂടെ പരിചിതരായിരുന്നു എന്നതായിരുന്നു സത്യം.

സ്കൂളിൽ പഠിപ്പിക്കുമ്പോൾ പ്രത്യേകമായി തന്റെ ഹൃദയത്തിൽ ഇടം കിട്ടാതെ പോയ ഒരു സാധാരണ വിദ്യാർത്ഥിയായ എനിക്ക് ആദരണീയനായ ആ അദ്ധ്യാപകനൊപ്പം വിരുന്നുമേശയിൽ സ്നേഹത്തിന്റെ വിരുന്നു പങ്കിട്ടപ്പോൾ ഒരവാർഡിന്റെ സന്തോഷം എന്റെയുള്ളിൽ നിറയുന്നുണ്ടായിരുന്നു. യാത്ര പറഞ്ഞിറങ്ങുമ്പോൾ ഇനിയും വരണമെന്നുള്ള അഭ്യർത്ഥന വെറും ഔപചാരികമായിരുന്നില്ല, “വരാം” എന്ന മറുപടിയും അങ്ങനെ തന്നെ. സ്നേഹം ആത്മാർത്ഥതയുള്ളതാണ്. അത് പ്രകടനങ്ങളിൽതന്നെ തിരിച്ചറിയാനും കഴിയും.

പിന്നെ ഇടയ്ക്കിടെ ടീച്ചർ എന്നെ വിളിച്ചുകൊണ്ടിരുന്നു, ഞാൻ ടീച്ചറെയും. ഞങ്ങൾക്കിടയിൽ സ്നേഹത്തിന്റെ വല വീശി കഴിഞ്ഞിരുന്നു. അങ്ങനെയൊരു വിളി വരുമ്പോൾ രാത്രിയിൽ ഞാൻ നാട്ടിലേക്കുള്ള ബസിലായിരുന്നു. അമ്മ ആശുപത്രിയിലാണെന്ന് അറിഞ്ഞ്, തിടുക്കത്തിലുള്ള യാത്ര.

കാര്യം പറഞ്ഞപ്പോൾ “ദൈവത്തിന്റെ ഓരോ കാര്യങ്ങൾ... നിന്നെ വിളിക്കണമെന്ന് കുറച്ചുനേരമായി ഉള്ളിൽ ശക്തമായ തോന്നൽ. പല തവണ കിട്ടാതിരുന്നിട്ടും വീണ്ടും വീണ്ടും ട്രൈ ചെയ്തത് അതോണ്ടാ... അതു ഇതിനുവേണ്ടിയായിരുന്നുവെന്ന് ഇപ്പോഴാ മനസിലായെ... വിഷമിക്കണ്ടാട്ടോ... ദൈവഹിതത്തിന് കീഴടങ്ങുക... നമുക്കു പ്രാർത്ഥിക്കാം...” എന്നായിരുന്നു ടീച്ചറുടെ മറുപടി.

ദൈവഹിതത്തിന് കീഴടങ്ങുക എന്ന് ടീച്ചർ പറഞ്ഞത് മറ്റു ചിലർ പറയുന്നതുപോലെ ദാർശനികച്ഛായയിലായിരുന്നില്ല. മറിച്ച് സ്വന്തം ജീവിതാനുഭവങ്ങളിൽ നിന്നായിരുന്നു.

പ്രാണനിൽ പ്രാണൻ കണക്കെ സ്നേഹിച്ചിരുന്ന മകനെ പ്രാർത്ഥനകൾക്കു കാതുകൊടുക്കാതെ ദൈവം അകാലത്തിൽ തിരിച്ചുവിളിച്ചപ്പോഴും “എന്തുകൊണ്ടിത്” എന്നു താൻ ചോദിച്ചിട്ടില്ല എന്ന് ടീച്ചർ പറഞ്ഞത് ഞാൻ മറന്നിരുന്നില്ല. അത് “ഇതാ കർത്താവിന്റെ ദാസി” എന്നു പറഞ്ഞതിനോടു ചേർത്തുവായിക്കേണ്ട ഒന്നാണെന്ന് എനിക്ക് തോന്നിയിരുന്നു.

ഐ.സി.യു.വിൽ പ്രവേശിപ്പിച്ചിരുന്ന അമ്മയെ കാണാൻ ആദ്യം എത്തിയത് സാറായിരുന്നു. ടീച്ചർക്കു തീരെ വയ്യാത്തതുകൊണ്ടാണ് വരാത്തതെന്ന് സാർ പറഞ്ഞു. എന്നെ ഹൈസ്കൂൾ ക്ലാസിലെന്നോ പഠിപ്പിച്ചിരുന്ന എന്റെ അദ്ധ്യാപകൻ അന്നോ പിന്നീടോ യാതൊരു തരത്തിലും

www.malankaralibrary.com

ബന്ധമില്ലാതിരുന്നിട്ടും എന്റെ അമ്മയെ കാണാൻ എത്തിയത് വീട്ടുകാരെയും കൂട്ടുകാരെയും അദ്ഭുതപ്പെടുത്തി. മറ്റാരെയോ കാണാൻവന്നപ്പോൾ അദ്ദേഹം അമ്മയെയും സന്ദർശിച്ചുവെന്നേ അവർ ആദ്യം കരുതിയിരുന്നുള്ളൂ.

എന്നാൽ ടീച്ചറിൽനിന്ന് തുടങ്ങിയ വലിയൊരു സ്നേഹത്തിന്റെ തുടർക്കണ്ണിയായിട്ടാണ് അദ്ദേഹമെത്തിയതെന്ന് അവരുണ്ടോ അറിയുന്നൂ? ടീച്ചറിന്റെ മകനും കുടുംബവും അതിനടുത്ത ദിവസം അമ്മയെ കാണാൻ വന്നു. അവരെയാരെയും അമ്മയ്ക്കോ എന്റെ വീട്ടുകാർക്കോ പരിചയമുണ്ടായിരുന്നില്ല.

എന്നിട്ടും അവർ വരുമ്പോഴൊക്കെ സ്നേഹത്തിന്റെ സുഗന്ധം ഞങ്ങളറിഞ്ഞു. ഇങ്ങനെ സ്നേഹിക്കാൻ ഞങ്ങളിലെന്തിരിക്കുന്നുവെന്ന ചിന്ത പിന്നീടുള്ള സംസാരത്തിനിടയിൽ ഞങ്ങൾക്കെല്ലാം തോന്നി. ഞങ്ങളെക്കാൾ വളരെ ഉയർന്ന നിലയിലായിരുന്നു അവരെങ്കിലും ഞങ്ങൾക്കാർക്കും അവരോടിടപെടാൻ അപകർഷത തോന്നിയിരുന്നില്ല എന്നതാണ് മറ്റൊരു സത്യം. അതു ഞങ്ങളുടെ മേന്മയായിരുന്നില്ല. മറിച്ച് സമന്മാരോട് എന്ന രീതിയിൽ ഇടപ്പെടാൻ കഴിയുന്ന അവരുടെ ഹൃദയചക്രവാളത്തിന്റെ വിസ്തൃതികൊണ്ടായിരുന്നു.

പിന്നീടാണ് ടീച്ചർ വന്നത്. നടന്നുവന്നതിന്റെ തളർച്ച ടീച്ചറിന്റെ ഓരോ ചലനങ്ങളിലുമുണ്ടായിരുന്നു. ആദ്യം കണ്ടുമുട്ടുന്നവരായിരുന്നിട്ടും പൂർവ്വജന്മസുഹൃത്തുക്കളെപ്പോലെയാണ് അമ്മയും ടീച്ചറും ഇടപെട്ടത്. യാത്ര പറഞ്ഞിറങ്ങുമ്പോൾ ടീച്ചർ എന്റെ കൈയിൽ ഒരു കവർ തന്നു.

“ഇതു ഞാനെഴുതിയതാ... നോക്കിയിട്ട് തിരുത്തിത്തരണം...” ടീച്ചർ നല്ല കവിതകളെഴുതാറുണ്ടെന്ന് ആയിടെ ഞാനറിഞ്ഞിരുന്നു. എന്നാൽ പ്രസിദ്ധീകരണങ്ങൾക്കൊന്നിനും അയച്ചുകൊടുക്കാറുമില്ല.

ഞാനപ്പോൾതന്നെ തുറന്നുനോക്കാൻ തുടങ്ങിയപ്പോൾ ടീച്ചർ തടഞ്ഞു. “വേണ്ട ഞാൻ പോയതിനു ശേഷം തുറന്നാൽ മതി...” ഞാനത് സമ്മതിച്ചു. രോഗീപരിചരണവും സന്ദർശകരുടെ വരവും പ്രമാണിച്ച് രാത്രിയിലാണ് ഞാനാ കവർ തുറന്നുനോക്കിയത്. ഞെട്ടിപ്പോയി. കുറെ കറൻസിനോട്ടുകൾ... “എന്റെ അമ്മേ ഈ ടീച്ചറ് കാണിച്ചിരിക്കുന്നത് കണ്ടോ”യെന്ന് ഞാൻ നിലവിളിച്ചു.

നോട്ടുകൾക്കൊപ്പം ഒരു തുണ്ട് പേപ്പർ. മനസുപോലെ ശുദ്ധതയുള്ള ഭംഗിയുള്ള അക്ഷരങ്ങളിൽ ടീച്ചറെഴുതിയിരിക്കുന്നത് വിറയലോടെ ഞാൻ വായിച്ചു: “മോനേ വിനൂ, കടമ ചെയ്യുന്നതിന് നന്ദി പറയരുത്... നമ്മുടെ ഈ ബന്ധത്തെ ഇങ്ങനെ അലങ്കരിച്ച ദൈവം തമ്പുരാനും നമ്മളു മല്ലാതെ മറ്റാരും ഇതറിയാൻ പാടില്ല. ഞാൻ തെറ്റ് തിരുത്താൻ

www.malankaralibrary.com

തന്ന കവിത യായി ഇതിനെ കണ്ടാൽ മതി. തെറ്റ് കാണില്ലെന്നുറപ്പ്. സ്നേഹപൂർവ്വം സ്വന്തം ടീച്ചറമ്മ..."

എന്റെ കണ്ണുകൾ നിറഞ്ഞുപോയി. തുകയുടെ വലിപ്പമോർത്ത് മാത്രമല്ല ഇങ്ങനെ സ്നേഹിക്കപ്പെടാൻ എനിക്കെന്താണ് അർഹതയുള്ള തെന്നോർത്ത്... സത്യത്തിൽ അതു സ്വീകരിക്കാൻ എന്റെ ദുരഭിമാനം സമ്മതിച്ചിരുന്നില്ല എന്നതാണു സത്യം.

ഏതു രീതിയിലും അതു തിരിച്ചു കൊടുക്കും എന്നു വാശിപിടിച്ച എന്നോട്, ആശുപത്രിയിൽ എനിക്കു രാത്രികാലങ്ങളിൽ തുണയായെ ത്താറുണ്ടായിരുന്ന എന്റെ പ്രിയ ചങ്ങാതി ടോമി പറഞ്ഞു: "തിരിച്ചു കൊടു ക്കുന്നത് അവരെ വേദനിപ്പിക്കും. അതു ശരിയല്ല."

അല്ലെന്ന് എനിക്കുമറിയാമായിരുന്നു. എന്നിട്ടും അഹന്ത എന്നെ ആ രാത്രി മുഴുവൻ പീഡിപ്പിച്ചുകൊണ്ടിരുന്നു. പിറ്റേന്ന് ഫോൺ വിളിച്ച പ്പോൾ ഞാൻ ടീച്ചറമ്മയോട് പറഞ്ഞു:

"ഇതിനൊക്കെ എനിക്കെന്താണ് അർഹത." "അർഹത നിശ്ചയി ക്കുന്നത് നമ്മളാരുമല്ല, മുകളിലിരിക്കുന്ന ആളാ..." അതായിരുന്നു മറു പടി. പിന്നെ ടീച്ചറമ്മ പറഞ്ഞു: "വിനു എന്ന് ഞാനെന്നും വിളിക്കണ മെങ്കിൽ ഞാൻ പറയുന്നതൊക്കെ അനുസരിച്ചോണം." സ്നേഹത്തോടെ യുള്ള സ്വാതന്ത്ര്യമായിരുന്നു അത്.

ടീച്ചറമ്മ എന്തുകൊണ്ടാണ് അങ്ങനെ പറഞ്ഞതെന്ന് മനസിലാ യിരുന്നില്ല, പിറ്റേന്ന് സാർ ആശുപത്രിയിലെത്തുംവരെ. അമ്മയെ ഡിസ്ചാർജ് ചെയ്യുന്നതിന്റെ തലേന്നായിരുന്നുവത്. ആശുപത്രി വരാ ന്തയുടെ ഒഴിഞ്ഞ മൂലയിലേക്ക് എന്നെ കൂട്ടിക്കൊണ്ടുപോയി ആരും കാണാതെ സാർ തിടുക്കത്തിൽ ഒരു കവർ എന്നെ ഏല്പിച്ചു.

"ഇതു വാങ്ങണം, പ്ലീസ്..." ചെറുതായൊന്നെതിർക്കുവാനേ എനിക്ക് കഴിഞ്ഞുള്ളൂ. ആ മനസിന്റെ നൈർമല്യത്തെ, വലതുകരം കൊടുക്കുന്നത് ഇടതുകരം അറിയരുതെന്ന് നിർബന്ധബുദ്ധിയുള്ള ആ ത്യാഗത്തെ എങ്ങനെയാണ് എന്റെ അഹങ്കാരംകൊണ്ട് നിഷേധിക്കാനാ വുക? എന്റെ കൈയിൽ അതു തന്നിട്ട് ധൃതിയിൽ അദ്ദേഹം സംതൃപ്തി യോടെ ഇറങ്ങിപ്പോകുന്നത് നിറകണ്ണുകളോടെ ഞാൻ നോക്കിനിന്നു.

പിന്നീട് ഞാനറിഞ്ഞു, ടീച്ചറമ്മയും സാറും മറ്റുള്ളവരെ സഹായി ക്കുന്നതിന്റെ കണ്ണു നനയ്ക്കുന്ന ഒരുപാട് കഥകൾ. ആവശ്യങ്ങൾ കണ്ട റിഞ്ഞ് സഹായിക്കുന്ന ആ മനസുകളുടെ വിശുദ്ധി... അതു പുറത്തറി യാതിരിക്കാൻ അവർ കാണിക്കുന്ന നിഷ്ക്കർഷ... എന്തെല്ലാം ചെയ്തിട്ടും ഒന്നും ചെയ്തില്ലെന്ന മട്ടിൽ മാറിനില്ക്കുന്ന എളിമ... ഞാനവരുടെ

www.malankaralibrary.com

സ്നേഹത്തിന്റെ, സഹായത്തിന്റെ പുതിയൊരു കണ്ണി. അത്രമാത്രം... എനിക്കാവശ്യമുള്ള സഹായം ആവശ്യമുള്ളപ്പോൾ എത്തിച്ചുതന്നു. പിന്നീടതിനെക്കുറിച്ച് ഓർക്കാനോ ഓർമിപ്പിക്കാനോ തയ്യാറാവാതെ അവർ മാറിനിന്നു.

അത്ഭുതങ്ങൾ നടന്നിട്ടും അതു ഭാവിക്കാതെ നില്ക്കുന്ന ചെറിയ കുരിശുപള്ളികൾ പോലെ... കുരിശുപള്ളികൾക്കു മുമ്പിൽ പ്രാർത്ഥനാ പൂർവ്വം തിരികൾ കൊളുത്തി നിശ്ശബ്ദം നടന്നുപോവുകയാണ് ഞാൻ. ഒരു ഭക്തനെപ്പോലെ...

വീടും നാടും പിന്നെ ക്രൈസ്തവലോകമറിയുന്ന ചില അടുത്ത ബന്ധങ്ങളുമെല്ലാം ഈ ദമ്പതികൾക്കൊപ്പം ചേർത്തുപറയാത്തത് അവരുടെ സ്വകാര്യതകളെ പ്രദർശിപ്പിക്കുന്നത് അവരോട് ചെയ്യുന്ന അപരാധമായി തോന്നുന്നതിനാലാണ്. ഇത്രയുമെങ്കിലും എഴുതിയത് ദാനധർമങ്ങളിൽ നമ്മൾ കാണിക്കുന്ന പൊങ്ങച്ചഭാവങ്ങളെ സൂക്ഷ്മമായി ഒന്ന് അപഗ്രഥിക്കാനും.

ടീച്ചറമ്മേ, ക്ഷമിക്കുക. നീയും ഞാനും നമ്മുടെ ബന്ധത്തെ ഇങ്ങനെ അലങ്കരിച്ച ദൈവം തമ്പുരാനുമല്ലാതെ മറ്റൊരാൾ ഇതറിയരുതെന്ന് ആവശ്യപ്പെട്ട വാക്കു തെറ്റിച്ചതിന്... ഒന്നേയുള്ളൂ നീതികരണം. "ആരും വിളക്ക് കത്തിച്ച് പറയുടെ കീഴിൽ വയ്ക്കാറില്ല."

◆

www.malankaralibrary.com

# 02

# അപ്പൻ

**അ**മ്മയെന്ന പുഴയെ ധ്യാനിച്ച് ധ്യാനിച്ച് അപ്പൻ എന്ന കടലിലെത്താൻ വൈകിപ്പോയ കൈത്തോടാകുന്നു ഞാൻ. അമ്മയുടെ സ്നേഹവും അമ്മയുമൊത്തുള്ള അനുഭവങ്ങളും വരികളിൽ പെയ്തുതോരാതെ നിന്നു. അപ്പനെക്കുറിച്ച് ഒറ്റവരിയിലെഴുതിയതെല്ലാം ഇരട്ടവാക്കുകളായി വ്യാഖ്യാനിക്കപ്പെട്ടു.

അമ്മയുടെ സ്നേഹത്തിന് പുഴയുടെ തണുപ്പും കുളിരുമായിരുന്നു. എപ്പോൾ വേണമെങ്കിലും ഇറങ്ങിച്ചെല്ലാനും കൈക്കുടന്നയിൽ കോരിക്കുടിക്കാനും കഴിയും വിധത്തിൽ അത് ആർദ്രമായിരുന്നു; പ്രാപ്യവും. പക്ഷേ അപ്പന്റെ സ്നേഹത്തിന് കടലിന്റെ തിരയിളക്കമായിരുന്നു; പ്രക്ഷുബ്ധവും. തീരത്തുനിന്നു നോക്കുന്ന ഒരാളെ അതെപ്പോഴും പരിഭ്രമിപ്പിക്കുന്നു.

അതിന്റെ ആഴങ്ങളെക്കുറിച്ചോ പരപ്പിനെക്കുറിച്ചോ ചിന്തിച്ചിരുന്നുമില്ല. ഇതെഴുതുമ്പോഴും എനിക്ക് അതിനെ തീരത്തുനിന്ന് അളക്കാനോ തിട്ടപ്പെടുത്താനോ കഴിയുന്നുവെന്ന് ഒരു ധാരണയുമില്ല. അമ്മയ്ക്ക് മുഴുവൻ സ്നേഹവും പരിഗണനയും ശ്രദ്ധയും കൊടുക്കാനുള്ള ശ്രമത്തിൽ അപ്പനെ ഞാനുൾപ്പെടെ മറ്റു മക്കൾ വേണ്ടപോലെ പരിഗണിച്ചില്ലെന്ന തോന്നൽ ഒരു വെളിപാടുപോലെ കഴിഞ്ഞ ദിനങ്ങളിലെന്നോ ആണ് എനിക്കു തോന്നിയത്.

ഒരുപക്ഷേ അപ്പനെക്കുറിച്ച് കണ്ട ഒരു ദുഃസ്വപ്നത്തിൽ നിന്നായിരിക്കാം അത്. സ്വപ്നത്തിൽ അപ്പൻ മരിച്ചുകിടക്കുകയായിരുന്നു. സെമിത്തേരിയിൽ പണിതീർന്ന കല്ലറയ്ക്കു സമീപം, അലങ്കരിച്ച ശവപേടക

www.malankaralibrary.com

ത്തിലായി... സംസ്കാരത്തിന് ഇനിയും ഏതാനും നിമിഷങ്ങളുണ്ടായിരുന്നുവെന്ന് തോന്നുന്നു. അവസാനത്തെ ചുംബനം എന്ന ഏറ്റവും വേദനാകരവും തിരിച്ചുപിടിക്കാൻ കഴിയാത്തതുമായ ഒരു അഭിശപ്ത നിമിഷത്തിന്റെ തികവിൽ ഞാനപ്പനെ ഉമ്മ വച്ചു.

ആ നിമിഷംതന്നെ ഞാനൊരു നിലവിളിയോടെ ചാടിയെണീറ്റു. എനിക്കു സഹിക്കാൻ കഴിഞ്ഞില്ല... അപ്പൻ എന്നേയ്ക്കുമായി എനിക്കു നഷ്ടമായിരിക്കുന്നു ഈ ഭൂമിയിൽ നിന്ന്... ഞാനപ്പനെ സ്നേഹിച്ചിരുന്നുവെന്നും ഒരു മൃദുമന്ത്രണമായി കഴിഞ്ഞ കുറെ കാലങ്ങളായി അപ്പനെക്കുറിച്ചുള്ള ഓർമകൾ എന്റെ ഹൃദയജാലകങ്ങളിൽ വന്നലയ്ക്കാറുണ്ടായിരുന്നുവെന്നും അപ്പനെ അറിയിക്കാതെ, അപ്പനു മനസിലാവാതെ എന്റെ അപ്പൻ യാത്രയായിരിക്കുന്നു..

അപ്പോൾ... അപ്പോൾ എനിക്കു തോന്നി, ഒരു പക്ഷേ അമ്മ മരിച്ചു പോയാൽ ഞാൻ ഇത്രമാത്രം തകരുകയോ തളരുകയോ ചെയ്യില്ലെന്ന്. കാരണം ഈ ജന്മംകൊണ്ട് അമ്മയ്ക്കു കൊടുക്കാവുന്ന സ്നേഹം മുഴുവൻ, ഒരു മകനെന്ന നിലയിൽ ചെയ്തുകൊടുക്കേണ്ടതെല്ലാം ഇതിനകം അമ്മയ്ക്കു നല്കി കഴിഞ്ഞിരുന്നുവല്ലോ.

പക്ഷേ അപ്പൻ... അപ്പന് ഞാനെന്തെങ്കിലും നല്കിയിട്ടുണ്ടോ? കൊടുക്കാതെ പോയ സ്നേഹങ്ങളെയോർത്ത് ഞാനിത്രമേൽ ഇതിന് മുമ്പൊരിക്കലും വേദനിച്ചിട്ടില്ല. തിരികെ കിട്ടാതെ പോയ സ്നേഹങ്ങൾ ഒരുപാടുണ്ടാവാം. എങ്കിലും ചുറ്റിനും ബന്ധപ്പെട്ടിരുന്നവർക്ക്, അർഹതപ്പെട്ടിരുന്നവർക്ക് അത് നല്കാതെ പോയിട്ടില്ല.

അപ്പന്റെ സ്വരം കേൾക്കാൻ എനിക്കപ്പോൾ അദമ്യമായി ആഗ്രഹം തോന്നി. മാത്രവുമല്ല ഞാൻ കണ്ടത് ഒരു സ്വപ്നം മാത്രമാണെന്ന് ആകുലമായ എന്റെ മനസിനെ എനിക്ക് തൃപ്തിപ്പെടുത്തുകയും വേണമായിരുന്നു. കിലോമീറ്ററുകൾക്കകലെനിന്ന് ഞാനന്ന് പതിവില്ലാത്തവിധം അപ്പനോട് സംസാരിച്ചു.

അപ്പോഴെനിക്ക് ഓർമ വന്നത് രണ്ടുവർഷം മുമ്പത്തെ പിറന്നാൾ ദിനത്തിൽ എനിക്ക് അപ്പൻ ഫോൺ ചെയ്തതാണ്. അപ്പൻ സാധാരണയായി ഫോൺ ചെയ്യുകയോ അറ്റന്റ് ചെയ്യുകയോ ഇല്ല. അതുകൊണ്ട് പതിവില്ലാതെ അപ്പന്റെ ഫോൺ വന്നപ്പോൾ എനിക്കു പരിഭ്രമമായി. “എന്നാ അപ്പാ കാര്യം” എന്ന് ഉൽക്കണ്ഠപ്പെട്ടപ്പോൾ “ഇന്ന് നിന്റെ പിറന്നാളല്ലേടാ” എന്നായിരുന്നു മറുപടി. അന്ന് വീട്ടിലെ ഫോൺ കംപ്ലയ്ന്റ് ആയിരിക്കുകയായിരുന്നു.

അതുകൊണ്ട് അമ്മ പറഞ്ഞതിൻപ്രകാരം ബൂത്തിൽനിന്ന് വിളിച്ചതായിരുന്നു അപ്പൻ. മറ്റാരും എന്നെ വിളിക്കുകയോ എന്റെ ജന്മദിനം

www.malankaralibrary.com

ഓർക്കാതിരിക്കുകയോ ചെയ്ത ആ ജന്മദിനത്തിലെ ആ വിളിക്ക് ഒരു പിറന്നാൾ സമ്മാനത്തിന്റെ ആനന്ദമുണ്ടായിരുന്നു.

കുട്ടിക്കാലത്ത് ദിനവും ഞാൻ അപ്പനെ കണ്ടതായി ഓർക്കുന്ന തേയില്ല. കാരണം കച്ചവടക്കാരനായ അപ്പൻ വളരെ വൈകി മാത്രം കടയടച്ച് വീട്ടിലെത്തുമ്പോഴേക്കും ഞാൻ ഉറങ്ങിക്കഴിഞ്ഞിട്ടുണ്ടാവും. അതിരാവിലെ കട തുറക്കാൻ പോകേണ്ടിയതുകൊണ്ട് ഞാൻ ഉണർന്നിട്ടു മുണ്ടാവില്ല. കൗമാരത്തിലെത്തിയപ്പോഴേക്കും അപ്പൻ വളരെ വൈകി മാത്രം കടയിലേക്ക് പുറപ്പെടുകയും വളരെ നേരത്തെ കടയടച്ച് വീട്ടി ലെത്തുകയും ചെയ്തുകൊണ്ടിരുന്നു.

അപ്പോഴേക്കും അപ്പന്റെ കച്ചവടം പൊളിഞ്ഞുതുടങ്ങിയിരുന്നു. കാലിയായ മിഠായിഭരണികൾക്കും തൊലിയുണങ്ങി അറ്റുവീഴാൻ പാക ത്തിൽ ഭൂരിഭാഗവും തീരാറായ പഴക്കുലകൾക്കും ഇടയിൽ പുകയുന്ന ബീഡിത്തുണ്ട് പോലെ അപ്പൻ നില്ക്കുന്നത് ഇന്നും ഞാൻ മറന്നിട്ടില്ല.

അനിയന്റെ കടയിൽ ബീഡി തൊറുത്തുകൊടുത്താൽ ആഴ്ച തോറും കിട്ടുന്ന അഞ്ചുരൂപ കൊണ്ട് ഏകദേശം മുപ്പതോളം വർഷ ങ്ങൾക്ക് മുമ്പ് ഭാര്യയും ആറുമക്കളുമടങ്ങുന്ന വലിയൊരു കുടുംബത്തെ അപ്പൻ എങ്ങനെ തീറ്റിപോറ്റിയെന്ന് ഇന്ന് ഞാനമ്പരക്കാറുണ്ട്.

(അമ്മമാരുടെ ത്യാഗത്തെക്കുറിച്ചും സഹനത്തെക്കുറിച്ചും വ്യാകുല പ്പെടുന്ന നമ്മൾ എന്തുകൊണ്ടാണ് മക്കളുടെയും ഭാര്യയുടെയും എല്ലാവിധ കാര്യങ്ങളും തങ്ങളാലാവുന്നവിധം നോക്കി നടത്താൻ ബദ്ധപ്പെടുന്ന പാവം കുടുംബനാഥന്മാരെക്കുറിച്ച് ആഴപ്പെടാത്തത്? ക്രിസ്തുവിന്റെ ജനനം മുതൽ മരണംവരെ താങ്ങായും തണലായും നിന്ന മേരിയെ നമ്മൾ ഹൃദയപൂർവ്വം മനസിലാക്കിയിട്ടുണ്ട്. എന്നാൽ ജോസഫിന്റെ സഹനയാനങ്ങളെ നമ്മൾ ആഴത്തിൽ എത്രകണ്ട് മനസിലാക്കിയിട്ടുണ്ട് ? എല്ലാ അമ്മമാരിലും മേരിയുണ്ടെന്ന പാഠമേ നമ്മൾ പഠിച്ചിട്ടുള്ളൂ. ഇനി മുതൽ നീതിനിഷ്ഠരും നിസ്സഹായരും ദുർബലരുമായ എല്ലാ കുടുംബ നാഥന്മാരിലും ജോസഫുമുണ്ടെന്ന നവപാഠങ്ങൾ കൂടി നമ്മൾ പറഞ്ഞു കൊടുക്കണം).

തങ്ങൾക്കു കിട്ടാതെ പോവുന്ന സുഖസൗകര്യങ്ങളോയോർത്ത് പഴി പറയാനാവും കുടുംബത്തിലെ മറ്റ് അംഗങ്ങളുടെ താല്പര്യം. കുറ്റ പ്പെടുത്തിയിട്ടുണ്ട്, മനസിലും അല്ലാതെയും ഞാനപ്പനെ ഒരുപാട്. ഇന്നെനി ക്കറിയാം ഒരു കുടുംബം നടത്താനുള്ള ഒരാളുടെ പെടാപാട്. ഇന്നും സ്വന്തമായി അങ്ങനെയൊരു ഉത്തരവാദിത്തം എനിക്കേല്ക്കേണ്ടി വന്നിട്ടി ല്ലെങ്കിലും.

www.malankaralibrary.com

അപ്പനെനിക്ക് ഒന്നും നിഷേധിച്ചിരുന്നില്ല. പ്രോഗസ് കാർഡിൽ ഒന്നിലധികം വിഷയങ്ങൾക്ക് താഴെ ചുവപ്പുവരയുമായി ഒപ്പിട്ടുകിട്ടുന്നതിനായി സമീപിക്കുമ്പോഴും മറുത്തൊന്നും പറയാതെ ഒപ്പിട്ടുതന്നിട്ടേയുള്ളൂ എന്റെ അപ്പൻ. പിന്നെ കോളജ് വിദ്യാഭ്യാസത്തിന്റെ തുടക്കത്തിൽ ദിനംതോറുമുള്ള രണ്ടുനേരത്തെ ബസ് യാത്രയ്ക്കായി ഇരുപത്തഞ്ചിന്റെയും പത്തിന്റെയുമായി കൃത്യം എഴുപതു പൈസ തന്നുവിടുന്നതിലും മുടക്കം വരുത്തിയിട്ടില്ല അപ്പൻ.

എൺപതുവർഷത്തെ ജീവിതംകൊണ്ട് ഭൂമിയിലെ ഒരു ബാങ്കിലും അപ്പന് നിക്ഷേപങ്ങളുണ്ടായിട്ടില്ല. എന്നിട്ടും നിക്ഷേപിക്കാനുള്ള ചെറിയ പാഠം അബോധപൂർവ്വമായി എന്നെ പഠിപ്പിച്ചത് അപ്പനാണ്. അതെങ്ങനെയെന്നാൽ കച്ചവടക്കാരനായ അപ്പന് അവധിദിവസങ്ങളിൽ ഉച്ചയ്ക്ക് ചൂടുചോറുമായി പോകേണ്ടിയ ജോലി എനിക്ക് വന്നുപെടാറുണ്ടായിരുന്നു.

അത്തരം ദിവസങ്ങളിൽ മടങ്ങാൻ തുടങ്ങുമ്പോൾ പണപ്പെട്ടിയിൽ നിന്ന് പുതിയ ഒറ്റ രൂപനാണയം അപ്പനെനിക്ക് തരും; പോരുന്ന വഴിക്ക് തിന്നാനായി കപ്പലണ്ടി മിഠായിയും. ആ നാണയം പ്രിയപ്പെട്ടതായിരുന്നുവെങ്കിലും അത്തരം യാത്രകളെ ഞാൻ വെറുത്തിരുന്നു. കാരണം ഞാൻ വരുമ്പോൾ കട എന്നെയേല്പിച്ച് അപ്പൻ അത്യാവശ്യകാര്യങ്ങൾക്കായി എങ്ങോട്ടെങ്കിലും പോകും. ആ നേരത്ത് കച്ചവടം വല്ലതും നടന്നാൽ കണക്കുകൂട്ടി പൈസ വാങ്ങാനോ സാധനം എടുത്തുകൊടുക്കാനോ എനിക്കറിയില്ല. അതുകൊണ്ടാണ് അത്തരം യാത്രകളെ ഞാൻ വെറുത്തതും അതിൽ നിന്ന് കഴിയുന്നതും ഒഴിഞ്ഞുമാറിയതും. ഈ നശിച്ച കട ഒന്നടച്ചുപൂട്ടിയിരുന്നെങ്കിലെന്ന് ഞാനന്നൊക്കെ ആഗ്രഹിച്ചിട്ടുണ്ട്.

എന്റെ പ്രാർത്ഥന കൊണ്ടൊന്നുമായിരിക്കില്ല പിന്നെയും ഒരുപാട് കാലം അപ്പന് കച്ചവടിക്കാനായില്ല. വാടകപോലും കൃത്യമായി കൊടുത്തുവീട്ടാൻ കഴിയാതെ വന്നപ്പോൾ, കടം വാങ്ങിയും കട നടത്തിക്കൊണ്ടുപോവാൻ കഴിയില്ലെന്ന് തീർച്ചയായപ്പോൾ, ഇനി ഒരദ്ഭുതവും വഴിവക്കിൽ അപ്പനെ കാത്തുനില്ക്കുന്നില്ലെന്ന് അറിഞ്ഞപ്പോൾ, അനിവാര്യമായ ഒരു ദുരന്തംപോലെ അപ്പന് കട ഒഴിഞ്ഞുകൊടുക്കേണ്ടിവന്നു. അങ്ങനെ ഒരു തിരുവോണനാൾ ഒഴിഞ്ഞ മിഠായിഭരണികളും കാലിയായ പണപ്പെട്ടിയും പിന്നെ ഒരു മുറുക്കാൻകടയിലെ പരിമിതമായ സാധനസാമഗ്രികളുമായി അപ്പൻ വീട്ടിലേക്കു വന്നപ്പോൾ വീടുകൾ പുകയാറുണ്ടെന്നും അതിനു ശ്വാസം മുട്ടാറുണ്ടെന്നും എനിക്കാദ്യമായി മനസിലായി. ജീവിതത്തിലെ ഏറ്റവും സങ്കടകരമായ ഓണമായിരുന്നുവതെന്ന് ഞാനിന്നും ഓർക്കുന്നു.

ജീവിതം തുടങ്ങിയ പഴയ പണിയിലേക്ക് അപ്പൻ ഗതികേടുകൊണ്ട് മടങ്ങുന്നത് ഒട്ടൊരു അപമാനത്തോടെയാണ് ഞാൻ നോക്കിനിന്നത്. വെട്ടി

www.malankaralibrary.com

യൊരുക്കിയ പ്രത്യേക ആകൃതിയുള്ള ബീഡിയിലകൾ പുരയിലെ മുറിയിൽ അപ്പന് ചുറ്റും നിറയ്ക്കാനുള്ള ചുക്കായ്ക്കും ചുറ്റിവരിയാനുള്ള നൂലുണ്ടയ്ക്കുമായി കാത്തുകിടന്നു. അതാരെങ്കിലും അറിയുന്നത് വലിയ നാണക്കേടായി ഞങ്ങൾക്കെല്ലാവർക്കും തോന്നി. മുറ്റത്തുപതിയുന്ന കരിയിലയൊച്ചകൾപോലും ഞങ്ങളെ പതിവില്ലാത്തവിധം ജാഗരൂകരാക്കി. കാഴ്ചയുടെ തെളിമയ്ക്കായി അപ്പൻ ബീഡിമുറവുമായി വരാന്തയിലേക്കെങ്ങാനും നീങ്ങുന്നതു കണ്ടാൽ ഞാൻ വിറളി പിടിക്കും... നാണക്കേട്.

വിറയ്ക്കുന്ന കരങ്ങൾകൊണ്ടും മൂടൽ വന്നു തുടങ്ങിയ കാഴ്ച കൊണ്ടും അപ്പൻ ബീഡി തെറുക്കുന്നതും അതു നൂറിന്റെയും അമ്പതിന്റെയും രണ്ടുതരം കെട്ടുകളായി വേർതിരിക്കുന്നതും പിന്നെ വൈകുന്നേരങ്ങളിൽ അതു പൊതിഞ്ഞുകെട്ടി വില്ക്കാനായി പോകുന്നതും കണ്ണീരിന്റെ തിളക്കത്തോടെ ഞാൻ ഇന്നും കാണുന്നു. മടങ്ങിവരുമ്പോൾ ഒരുനേരത്തെയെങ്കിലും വകയുണ്ടാവും അപ്പന്റെ കൈയിൽ.

ജീവിതവും ഭാവിയും എന്നെ ഇത്രമേൽ അസ്വസ്ഥപ്പെടുത്തിയ മറ്റൊരു കാലമില്ല. ബീഡിയിലകളുടെ നനവുഗന്ധം ഇന്നും നാസാരന്ധ്രങ്ങളിൽ എന്നെ അസ്വസ്ഥപ്പെടുത്തുന്നു. അങ്ങനെ എത്ര നാളുകൾ... പിന്നെ കാലത്തിന്റെ ആശ്വാസംപോലെ അപ്പന്റെ മടിയിൽനിന്ന് ബീഡിമുറം എന്നേയ്ക്കുമായി താഴെയിറങ്ങി.

അന്നത്തെ ചുറ്റുപാടിൽ അപ്പാ, ഞാൻ അപ്പനെ വെറുത്തിട്ടുണ്ടെന്ന് ഏറ്റുപറയുന്നു. ഏതു മകനും അവന്റെ ജീവിതത്തിലെ ചില പ്രത്യേക ഘട്ടങ്ങളിൽ അച്ഛൻ വെറുക്കപ്പെട്ടവനാകാറുണ്ടെന്ന ചില പാഠങ്ങൾ മാത്രമാണ് അതിൽ നിന്നെന്നെ കുറച്ചെങ്കിലും ആശ്വസിപ്പിക്കുന്നത്. അവന്റെ വെറുക്കലിന് അടിസ്ഥാനങ്ങളൊന്നും ഇല്ലായിരുന്നുവെന്ന് വളരെ വൈകിയായിരിക്കും തിരിച്ചറിവും ഉണ്ടാകുക. ഞാനിപ്പോൾ അത്തരമൊരു തിരിച്ചറിവിലാണ്. അപ്പനെന്നെ മനസിലാവും എന്നു ഞാൻ വിശ്വസിക്കുന്നു. കാരണം അപ്പനും ഈ പ്രായം കടന്നാണല്ലോ വന്നത്?

അപ്പനോടെന്നാണ് എനിക്കേറ്റവും കൂടുതൽ ബഹുമാനം തോന്നിയത്? ചേട്ടൻ വിവാഹിതനായപ്പോഴായിരുന്നു അതെന്നു തോന്നുന്നു. അപ്പൻ അന്ന് അമ്മയോട് പറഞ്ഞത് ഇതാണ്: “ഇനി മുതൽ നമുക്കു നാലല്ല അഞ്ചാണ് പെൺമക്കൾ.”

അപ്പൻ സ്നേഹിച്ചിട്ടില്ല, അപ്പന് സ്നേഹിക്കാനറിയില്ല എന്നൊക്കെയുള്ള മിഥ്യാധാരണകൾ, ചേട്ടന്റെ കുഞ്ഞുമക്കൾക്ക് സ്നേഹത്തിന്റെ ഉത്സവങ്ങളോടെ അപ്പൻ ആറാട്ടു നടത്തുന്നത് കാണുമ്പോൾ തകർന്നു വീഴുകയാണെന്നിൽ.

www.malankaralibrary.com

രാത്രികാലങ്ങളിൽ ജോലിസ്ഥലത്തേക്ക് യാത്ര തിരിക്കുമ്പോൾ വണ്ടി കയറ്റിവിടാനായി മഴയെന്നും മഞ്ഞെന്നും ഇരുട്ടെന്നും നോക്കാതെ കൂടെ വരുമ്പോൾ, മഴയത്ത് കുടയെടുക്കാതെ പോയതറിഞ്ഞ് വെയ്റ്റിംങ് ഷെഡിൽ കുടയുമായി കാത്തുനില്ക്കുമ്പോൾ, അപ്പന്റെ സ്നേഹത്തിന്റെ മഴക്കുളിര് ഞാനറിയുന്നു. ആ കടലിൽ ഞാൻ സ്നാനപ്പെടുന്നു. മക്കൾ സ്നേഹിച്ചാലും സ്നേഹിച്ചില്ലെങ്കിലും പരാതിപറയുകയോ ഒന്നും നല്കിയില്ലെങ്കിലും കൈ നീട്ടുകയോ മക്കളോടുള്ള സ്നേഹത്തിന്റെമേൽ അവകാശവാദങ്ങളോ വാദപ്രതിവാദങ്ങളോ ഉന്നയിക്കുകയോ ചെയ്യാതെ എന്റെ അപ്പൻ പുഴപോലെ നിശ്ശബ്ദം ഒഴുകുന്നു...

അടുത്തയിടെ അവധിക്ക് വീട്ടിലെത്തിയപ്പോൾ അപ്പൻ കളിയായെന്നോണം എന്നോടു പറഞ്ഞു:

“നിന്റെയത്ര പഠിപ്പുണ്ടായിരുന്നെങ്കില് നിന്നെക്കാൾ നന്നായി ഞാനെഴുതുമായിരുന്നു..”

കേട്ട മാത്രയിൽ ചിരിയാണ് തോന്നിയത്. പക്ഷേ പിന്നീട് എനിക്ക് മനസിലായി, സത്യം. അപ്പന്റെ ഭാവനയ്ക്കും സങ്കല്പങ്ങൾക്കും കഴിവുകൾക്കും പരിധി നിശ്ചയിക്കാനാവില്ല.

അപ്പാ, അപ്പനെഴുതാതെ പോയത് ഞാനെഴുതുന്നുവെന്നേയുള്ളൂ... ഒടുവിൽ ഞാനെഴുതിയതും അപ്പൻ എഴുതാത്തതും ഒന്നാകും... എഴുതാതെ പോയ അപ്പന്റെ നിത്യഓർമയ്ക്കായി എഴുതി പോയ ഈ മകന്റെ കുറിപ്പുകൾ ഞാനിവിടെ രേഖപ്പെടുത്തട്ടെ...

ഒടുവിൽ ഹൃദയം തുറന്ന് മറ്റൊന്നുകൂടി പറഞ്ഞുകൊള്ളട്ടെ...നന്ദിയുണ്ട്, അകാലത്തിൽ ജന്മം തന്നതിനും അതുകൊണ്ടുതന്നെ പിറക്കാൻ അനുവദിച്ചതിനും. എന്റെ ജന്മനിയോഗം എന്തായിരുന്നുവെന്ന് എനിക്കിപ്പോൾ മനസിലാവുന്നു. അത് അപ്പനെക്കുറിച്ച് ഇത്രയുമെങ്കിലും എഴുതുക എന്നതായിരുന്നു. അപ്പന്മാരെ ജീവിതത്തിൽ ഒരിക്കലെങ്കിലും വെറുക്കുകയും സ്നേഹിക്കാൻ വൈകിപ്പോവുകയും ചെയ്ത എല്ലാ മക്കൾക്കുവേണ്ടിയും ഒത്തിരി സ്നേഹത്തോടെ...

◆

www.malankaralibrary.com

# 03

# അയലത്തെ ചില കാര്യങ്ങളെക്കുറിച്ച്

നമ്മുടെ നിരീക്ഷണങ്ങളും താരതമ്യപ്പെടുത്തലുകളും എപ്പോഴും അടുത്ത വീടുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. അടുത്ത വീട്ടിലെ ഭർത്താവ്, ഭാര്യ, അവിടുത്തെ മക്കൾ, അമ്മായിയപ്പൻ, അമ്മായിയമ്മ, അപ്പൻ, അമ്മ, വീട് എന്നിങ്ങനെ അടുത്തവീട്ടിലെ ടിവിയും ഫ്രിഡ്ജും ഇരിപ്പിടങ്ങളുംവരെ നമ്മുടെ താരതമ്യപ്പെടുത്തലുകൾക്കും വിലയിരുത്തലുകൾക്കും വിധേയമാവുന്നു.

അവിടുത്തെപോലെ ഒന്നും ഇവിടെ നടക്കുന്നില്ലല്ലോ എന്ന അസഹിഷ്ണുതയും അസ്വസ്ഥതയുമാണ് ഈ താരതമ്യപ്പെടുത്തലുകൾക്കു കാരണം. അല്ലെങ്കിൽ ഈ താരതമ്യപ്പെടുത്തൽ അസഹിഷ്ണുതയിലേക്കും അസ്വസ്ഥതയിലേക്കും നമ്മെ കൊണ്ടുചെന്നെത്തിക്കുന്നു. അതുകൊണ്ടാവാം അടുത്തവീടുമായി തികഞ്ഞ സൗഹാർദ്ദത്തിൽ കഴിയേണ്ടതിന് പകരം പുറമേയ്ക്ക് വെളുക്കെ ചിരിയുമായി നേരിടുമ്പോഴും അയൽവീടിനെയോർത്ത് നമ്മുടെ വീടുകൾ പുകയുന്നത്.

അടുത്ത വീട്ടിൽ 21 ഇഞ്ചിന്റെ കളർ ഫ്ളാറ്റ് ടിവിയുണ്ട്. ഡബിൾ ഡോർ ഫ്രിഡ്ജുണ്ട്. ടൈൽസ് ഒട്ടിച്ച മുറികളുണ്ട്. അവർക്കു കൂടുതൽ വരുമാനമുണ്ട്. ബാങ്ക് ബാലൻസുണ്ട്. കെട്ടിവന്ന പെണ്ണിന് കൂടുതൽ മുതലുണ്ട്. കെട്ടിച്ചയച്ച പെണ്ണിന് കൂടുതൽ കൊടുത്തു. അവിടുത്തെ ചെറുക്കന് പഠിച്ചുതീർന്ന ഉടനെ ജോലി കിട്ടി. ഇങ്ങനെയൊക്കെയാണ് നമ്മുടെ താരതമ്യപ്പെടുത്തലുകൾ. ഇതൊക്കെ നമ്മുടെ അസ്വസ്ഥത വർദ്ധിപ്പിക്കുന്നു.

www.malankaralibrary.com

ഈ താരതമ്യപ്പെടുത്തലുകൾക്ക് ഒരു പ്രത്യേകതയുണ്ട്. സ്വന്തം റേഞ്ചിലുള്ള വീടുകളുമായി താരതമ്യപ്പെടുത്തിയാണ് നമ്മുടെ വീടുകൾ പുകയുന്നത്. നമ്മുടേതിനെക്കാൾ മീതെയുള്ളതോ നമ്മെക്കാൾ താഴ്ന്നതോ ആയ ഒരു വീടുമായി പലപ്പോഴും നമ്മൾ താരതമ്യം നടത്താറില്ല. നമ്മളെ അസൂയപ്പെടുത്തുന്നത് ബ്രൂണൈ സുൽത്താനോ വിപ്രോ ചെയർമാനോ ഇൻഫോസിസിലെ കൃഷ്ണമൂർത്തിയോ ഒന്നുമല്ല. മറിച്ച് തൊട്ടയൽവക്കത്തെ ചാക്കോച്ചേട്ടനും മറിയാമ്മചേടത്തിയുമൊക്കെയാണ്. ഇന്നലെവരെ ഒരേ സാമ്പത്തികസ്ഥിതിയിൽ കഴിഞ്ഞിരുന്ന രണ്ടു കുടുംബങ്ങൾ. നേരായ വഴിക്ക് തന്നെ ഒരു കുടുംബം മാത്രം സാമ്പത്തികാഭിവൃദ്ധിയും ജീവിതപുരോഗതിയും കൈവരിക്കുമ്പോൾ മറ്റേ കുടുംബത്തിന് ഈ കുടുംബത്തിനോട് തോന്നുന്നത് സ്വഭാവികമായും അസൂയയാണ്. താരതമ്യപ്പെടുത്തലിൽനിന്ന് വരുന്ന അസൂയ.

"കണ്ടില്ലേ ഇന്നലെ വരെ കഞ്ഞി കുടിക്കാനില്ലാതെ കഴിഞ്ഞ കൂട്ടരാ..." ഈ അസ്വസ്ഥത നിഷേധാത്മകമായ പല നിലപാടുകളെടുക്കാൻ രണ്ടാമത്തെ വീട്ടുകാരെ പ്രേരിപ്പിക്കുന്നു. അയൽവീടിനെയും വീട്ടുകാരെയും താരതമ്യപ്പെടുത്തി സ്വന്തം വീട്ടിൽ സംസാരം വരുമ്പോൾ അത് ആ വീട്ടിലെ കുട്ടികളെയാണ് ഏറ്റവുമധികം ബാധിക്കുന്നത്.

ഒരുവൻ വളർന്നു വികസിക്കുന്ന സമൂഹമല്ല, ജനിച്ചുവളർന്ന വീടാണ്, കുടുംബമാണ് അവനിൽ ആദ്യമായി അപകർഷതയുടെ വിത്ത് വിതയ്ക്കുന്നത്. അടുത്ത വീട്ടിലെ കുട്ടിയുമായി കഴിവിന്റെയും മാർക്കിന്റെയും കാര്യപ്രാപ്തിയുടെയും പേരിലുള്ള താരതമ്യപ്പെടുത്തലുകൾ അവനിൽ അരക്ഷിതാവസ്ഥയും അപകർഷതയുമാണ് ജനിപ്പിക്കുന്നത്.

കുട്ടിക്കാലത്ത് ഒരുപാട് താരതമ്യപ്പെടുത്തലുകൾക്ക് വിധേയനായ വ്യക്തിയാണ് ഞാൻ. അടുത്ത വീട്ടിലെ ഷിബുവുമായി ബന്ധപ്പെടുത്തിയായിരുന്നു അതെല്ലാം. "അവനെ കണ്ടുപഠിക്ക്..." "അവനെന്തു മിടുക്കനാ..." ഇങ്ങനെ പോകുമായിരുന്നു മാതാപിതാക്കളുടെ അഭിപ്രായപ്രകടനങ്ങൾ. അതൊക്കെ എന്നെ വല്ലാതെ അക്കാലത്ത് മുറിപ്പെടുത്തിയിരുന്നു. എന്നിൽനിന്നും വ്യത്യസ്തമായി, അല്ലെങ്കിൽ എന്നെക്കാൾ മീതെയായി എന്നെക്കാൾ പ്രായം കുറഞ്ഞവനായ ഷിബുവിന് എന്തു മേന്മയാണ് ഉള്ളതെന്നോർത്ത് ഞാനന്നു തല പുകച്ചിരുന്നു.

ഷിബുവിന് കഴിവുണ്ടായിരുന്നു. എനിക്കും കഴിവുകളുണ്ടായിരുന്നു. പക്ഷേ എന്റെ കഴിവല്ല ഷിബുവിന്റെ കഴിവാണ് വീട്ടുകാർക്ക് കണ്ണിൽപ്പെട്ടത്. (ശരിയായിരുന്നു, എന്നെക്കാൾ അവൻ പല വിധത്തിലും മിടുക്കൻ തന്നെയായിരുന്നു. നന്നേ പ്രായത്തിൽതന്നെ അവന് സൈക്കിൾ ചവിട്ടാനറിയാമായിരുന്നു. കണക്കും കാര്യങ്ങളും കാര്യപ്രാപ്തിയുമുണ്ടാ

www.malankaralibrary.com

യിരുന്നു. ഞാനോ ഇന്നുപോലും സൈക്കിൾ ചവിട്ടാൻ അറിഞ്ഞു കൂടാത്തവൻ... നന്നായി 'കണക്കുകൾ' കൂട്ടാനറിയാത്തവൻ... അങ്ങനെ പലവിധത്തിലും).

എന്റെ കഴിവ് അംഗീകരിക്കപ്പെട്ടില്ലെന്ന് മാത്രമല്ല പലപ്പോഴും നിന്ദിക്കപ്പെടുകയും ചെയ്തു. മുതിർന്നപ്പോൾ ഏറെ പരിശ്രമിച്ചാണ് അന്നത്തെ അപകർഷതയിൽനിന്ന് ഞാൻ പുറത്തുകടന്നത്. അതായത് എന്റെ കഴിവുകൾ നിന്ദിക്കപ്പെടേണ്ടവയല്ലെന്നും എനിക്കും കഴിവുകളു ണ്ടെന്നും ഞാൻ എന്നെ തന്നെ പറഞ്ഞുവിശ്വസിപ്പിച്ചു.

എന്നിട്ടും ഇന്നും എനിക്ക് എന്നെത്തന്നെ പൂർണ്ണമായും പല പ്പോഴും അംഗീകരിക്കാൻ കഴിയുന്നില്ലെന്നതാണ് സത്യം. ഷിബു ആരായെന്നോ എന്തായെന്നോ എനിക്കിന്നറിയില്ല. അയൽക്കാരന്റെ മുറ്റത്തെ പൂച്ചെടിയെ നോക്കി സന്തോഷിക്കുന്നവന് സ്വന്തം വീട്ടുമുറ്റത്തെ ചെടി കാണാനോ അവിടെ മണ്ണ് കിളച്ച് വളമിട്ട് അതിൽ നിന്നുണ്ടാകുന്ന ഫലം കൊയ്തെടുക്കാനോ കഴിയില്ല. സ്വന്തം മുറ്റത്തുനില്ക്കുന്നത് പുൽ ച്ചെടിയാണെങ്കിലും അതിനെ പരിപാലിക്കൂ... നാളെയത് ഫലം തരാ തിരിക്കില്ല. അയൽക്കാരന്റേത് ഭംഗി ആസ്വദിക്കാനേ കഴിയൂ. അനുഭവി ക്കാൻ കഴിയില്ല. അനാവശ്യമായ താരതമ്യപ്പെടുത്തലുകളിൽനിന്ന് ദീർഘ നിശ്വാസത്തോടെ പുറത്തുകടന്നേ തീരൂ.

ഓരോരുത്തരും സ്വന്തം ട്രാക്കിലൂടെയാണ് ഓടേണ്ടത്. മറ്റേ ആളുടെ ട്രാക്കിലൂടെ നോക്കിക്കൊണ്ട് ഓടിയാൽ സ്വന്തം ട്രാക്ക് തെറ്റു മെന്ന് മാത്രമല്ല ഒരിടത്തും എത്തുകയുമില്ല.

◆

www.malankaralibrary.com

# 04

# ആഗ്രഹവും അനുഗ്രഹവും

**ഭാ**വിയിൽ ആരായിത്തീരണമെന്നാണ് ആഗ്രഹമെന്ന ടീച്ചറുടെ ചോദ്യത്തിന് മുമ്പിൽ എന്താണ് പറയുകയെന്നറിയാതെ കുഴങ്ങിയ ഒരെട്ടു വയസുകാരൻ. ഓരോ കുട്ടികളും ഓരോ വലിയ ആഗ്രഹങ്ങളുടെ പായ്ക്കപ്പലിൽ സഞ്ചരിക്കുമ്പോൾ വെള്ളത്തിലേക്കിറങ്ങാൻപോലും മടിച്ച്, അല്ലെങ്കിൽ അതിനു ത്രാണിയില്ലാതെ അവൻ മാത്രം... ഇന്ന ആളായിത്തീരണമെന്ന് അവനോട് അതിനു മുമ്പ് ആരും പറഞ്ഞിരുന്നില്ല. എന്തെങ്കിലും ആയിത്തീരണമെന്ന ആഗ്രഹം അവന്റെ മനസിലുമുണ്ടായിരുന്നില്ല.

ഈ ടീച്ചർമാരുടെ ഒരു കാര്യം. കുട്ടികളെ 'ആഗ്രഹം' എന്ന വാക്കിന്റെ അർത്ഥവും വ്യാപ്തിയും ആദ്യമായി പഠിപ്പിക്കുന്നത് അവരാണ്. അതിനെ കുട്ടികളുടെ ജീവിതവുമായി അവർ എവിടെയെങ്കിലും ചേർത്തുകെട്ടുകയും ചെയ്യും.

ആഗ്രഹമില്ലാത്ത കുട്ടികൾപോലും പിന്നെ ആഗ്രഹിച്ചു തുടങ്ങും എന്തെങ്കിലുമൊക്കെ... അല്ലെങ്കിൽ ആഗ്രഹമില്ലാത്തതായി ആരെങ്കിലുമൊക്കെയുണ്ടാവുമോ ഈ ഉലകിൽ? ആഗ്രഹങ്ങളല്ലേ ഓരോരുത്തരെയും ജീവിക്കാൻ പ്രേരിപ്പിക്കുന്നത്?

എന്നിട്ടും എന്തുകൊണ്ടാണ് കൗമാരത്തിലേക്ക് കടന്നിട്ടും അവൻ ഭാവിയിലേക്ക് സൂക്ഷിക്കാൻ സാധാരണപോലെ ഒരാഗ്രഹം ഒന്നാമതായി കരുതിവയ്ക്കാതിരുന്നത്? പിന്നെയെന്ന് മുതലാണ് അവൻ അപൂർവ്വമായ ആ ആഗ്രഹത്തെ പ്രാർത്ഥനപോലെ ഉരുവിട്ട് തുടങ്ങിയത്?

www.malankaralibrary.com

പഴയ എട്ടുവയസുകാരന്റെ ഇന്നത്തെ ആഗ്രഹത്തിന് ലോകത്തിന് മുമ്പിൽ യാതൊരു വിലയുമുണ്ടെന്ന് തോന്നുന്നില്ല. ലോകം അത് വിശ്വസി ക്കുക പോലും ഇല്ല. കാരണം അപ്പനെയും അമ്മയെയും അവരുടെ വാർദ്ധക്യത്തിൽ ശുശ്രൂഷിക്കുകയാണ് ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹമെന്ന് അവിചാരിതമായി, അവൻ പറഞ്ഞുകേൾക്കുമ്പോൾ അതെ നിക്കു മനസിലാവുന്നില്ല.

അപകടത്തിൽപെട്ട് നടക്കാൻ വയ്യാതെ ആശുപത്രിയിൽ കിടന്ന അപ്പനെ ശുശ്രൂഷിച്ചപ്പോഴും രോഗിയായ അമ്മയെ കുഞ്ഞിനെപോലെ കുളിപ്പിച്ചപ്പോഴും അവർ തനിക്കു നല്കിയതും താൻ അവരോട് കട പ്പെട്ടിരിക്കുന്നതുമായ ചിലതൊക്കെ ചെയ്തുകൊടുക്കാൻ അവസരം കിട്ടിയ തോർത്ത് താൻ ദൈവത്തിനു നന്ദി പറഞ്ഞുവെന്നും സന്തോഷിച്ചുവെന്നും അവൻ പറയുമ്പോൾ ആ കടങ്കഥയുടെ പൊരുൾ എനിക്ക് പിടുത്തം കിട്ടുന്നില്ല. പക്ഷേ അവരുടെ വാർദ്ധക്യത്തിൽ തനിക്ക് ഇനിയും ശുശ്രൂഷി ക്കാൻ കഴിയണമേയെന്ന് ദിനവും പ്രാർത്ഥിക്കുന്നുണ്ടെന്നു അവൻ പറയു മ്പോൾ അതിനൊപ്പം ഒരു തിരി കത്തിക്കാൻ എനിക്ക് തോന്നുന്നുമുണ്ട്.

ഒരു കുമ്പസാരരഹസ്യം കണക്കെ ഉള്ളിൽ സൂക്ഷിച്ചിരുന്നത് കൈ വിട്ടുപോയ ഭാവത്തോടെ അവനിരിക്കുമ്പോൾ എല്ലാ സമ്പാദ്യങ്ങളും ദീപാളി കുളിച്ച ഒരു താന്തോന്നിയോട് എനിക്കവനെ ഉപമിക്കാൻ തോന്നുന്നു. ഡോക്ടറും എഞ്ചിനീയറും ആവണ്ട, പതിനായിരം രൂപ ശമ്പളവും സ്വന്തമായി വീടും കാറും ഒക്കെയുള്ള മിനിമം ആഗ്രഹ ങ്ങളല്ലേ ഒരു ശരാശരി ചെറുപ്പക്കാരനെ ഇന്ന് അഭിമതനാക്കുന്നത്? മാതാ പിതാക്കളെ വൃദ്ധസദനത്തിലാക്കാൻ തത്രപ്പെടുന്ന മക്കളുടെ ഇക്കാലത്ത് ഈ ചെറുപ്പക്കാരനെ എവിടെയാണാവോ പ്രതിഷ്ഠിക്കേണ്ടത്? ഒരു പക്ഷേ ഭൗതികമായി അവൻ നേടേണ്ട എല്ലാ നേട്ടങ്ങളും ആഗ്രഹങ്ങളും ഈയൊരു ആഗ്രഹത്തിന്റെ പേരിൽ അവനു നിവർത്തിക്കപ്പെട്ടേക്കാം എന്നു ഞാൻ അഭിലഷിക്കുന്നു.

ആഗ്രഹങ്ങളിലെല്ലാം അനുഗ്രഹമുണ്ടായിരിക്കണം. അനുഗ്രഹ ത്തിന്റെ ആശീർവാദങ്ങളാണ് ആഗ്രഹങ്ങളെ കന്മഷതയുടെ മാലിന്യ ങ്ങളിൽനിന്ന് സംരക്ഷിക്കുന്നത്. എല്ലാ ആഗ്രഹങ്ങളും നിവർത്തിക്കപ്പെ ടണമെന്നില്ല. നിവർത്തിക്കപ്പെടേണ്ടതുമില്ല. എന്നാൽ ചില ആഗ്രഹങ്ങൾ സാധിതമാകണമെങ്കിൽ അതിൽ അനുഗ്രഹമെന്ന സമ്മാനം കൂടി വേണം.

സംശയമെന്ത്? അനുഗ്രഹങ്ങൾ സമ്മാനം തന്നെ. ചില പ്രത്യേക സന്ദർഭങ്ങളിൽ... ചില പ്രത്യേക ആളുകൾക്ക്... സമ്മാനങ്ങളുടെ സ്ഥാനം അങ്ങനെയെല്ലാമാണ്. കൊടുത്ത സമ്മാനങ്ങൾ ആരാണ് തിരികെ

www.malankaralibrary.com

യെടുക്കുന്നത്? അതുപോലെ കൊടുത്ത അനുഗ്രഹങ്ങൾ ഒന്നും തിരികെയെടുക്കപ്പെടുന്നുമില്ല.

എനിക്ക് പഴയനിയമത്തിലെ യാക്കോബിനോട് തെല്ലും ദേഷ്യം തോന്നുന്നില്ല. മൂത്തവകാശമാണ് അയാൾ ആഗ്രഹിച്ചത്. അതു നേടിയെടുക്കാൻ, എത്ര മയപ്പെടുത്തി പറഞ്ഞാലും അയാൾ സ്വീകരിച്ച വഴി തെറ്റു തന്നെ. എങ്കിലും ആ വഴിയെ പോകാൻ അയാൾക്ക് അമ്മയുടെ അനുഗ്രഹമുണ്ടായിരുന്നു. അമ്മയുടെ അനുഗ്രഹത്തിന്റെ പിൻബലത്തോടെയാണ് അപ്പന്റെ അനുഗ്രഹത്തിനായി അയാൾ ആൾമാറാട്ടം നടത്തുന്നത്. അതിന്റെ ഫലം അയാൾ പിന്നീട് അനുഭവിക്കുകയുമുണ്ടായി.

എന്നിട്ടും അയാൾക്കു കിട്ടിയ അനുഗ്രഹം വെറുതെയായില്ല. മരങ്ങളെ നനയ്ക്കാതെ മഴ മടങ്ങാത്തതുപോലെ... അനുഗ്രഹത്തിന്റെ വഴിയിലൂടെ സഞ്ചരിക്കാൻ കഴിയുക ഭാഗ്യമാണ്.

അനുഗ്രഹമുണ്ടായിരിക്കണം നിനക്ക്... നിന്റെ എല്ലാ നേട്ടങ്ങൾക്കു പിന്നിലും. എന്തിനെയും അനുഗ്രഹിക്കാൻ കഴിയുന്ന ഒരു മനസും നിനക്കുണ്ടാവണം... അപ്രതീക്ഷിതമായി നിനക്കു നന്മ ചെയ്തു തന്ന ആളെപോലും മനസിലൊന്ന് അനുഗ്രഹിക്കാൻ നിനക്കു കഴിയണം... ആരൊയൊക്കെയോ അനുഗ്രഹിക്കുമ്പോൾ നീയും അനുഗ്രഹിക്കപ്പെടുകയാണ് ചെയ്യുന്നത്.

◆

www.malankaralibrary.com

# 05

# ഇതാ ഒരു സ്ത്രീ

**അ**ടുത്തയിടെ രോഗബാധിതയായി കഴിയുന്ന ഒരു സഹപ്രവർത്തകയെ സന്ദർശിക്കാൻ സുഹൃത്തുക്കളുമൊത്ത് പോയിരുന്നു. രോഗീലേപനം വരെ കഴിഞ്ഞ് മരണത്തിന്റെ തൊട്ടടുത്തെന്നോണമായിരുന്നു അവർ. അതുകൊണ്ട് വളരെ വൈകി അവരെ സന്ദർശിക്കാനെത്തിയതിൽ ഞങ്ങൾ ക്കല്പം കുറ്റബോധം അനുഭവപ്പെട്ടിരുന്നു.

തീരെ ദരിദ്രയായിരുന്നു അവർ. ഇരുപത്തൊന്ന് വർഷമായി ഭർത്താവിനു കാഴ്ച നഷ്ടമായിട്ട്. രണ്ടു പെൺമക്കൾ. ഒരു മകൻ. പെൺമക്കളെ അനുയോജ്യമായ ജീവിതാന്തസുകളിൽ പ്രവേശിപ്പിക്കാൻ സാധിച്ചിട്ടുണ്ട് എന്നതു മാത്രമാണ് ആശ്വസിക്കാൻ കഴിയുന്ന ഏക കാര്യം. മകൻ ഏതോ തടിവെട്ടുകേസിൽ പ്രതിയാണെന്ന് ആരോപിക്കപ്പെട്ടിരുന്ന സമയം കൂടിയായിരുന്നുവത്. മക്കൾക്കാർക്കും അമ്മയുടെ ഈ രോഗാവസ്ഥയിലും സ്ഥിരമായി വന്നുനില്ക്കാനോ പരിചരിക്കാനോ കഴിഞ്ഞിരുന്നുമില്ല.

പിന്നെ അവരെ ആരു നോക്കും, എങ്ങനെ നോക്കും, എങ്ങനെയാണ് അവരുടെ ഓരോ ദിവസങ്ങളും കടന്നുപോവുന്നത് എന്നെല്ലാം പോകുന്ന വഴിക്ക് ഞങ്ങൾ ചർച്ച ചെയ്തിരുന്നു. ഞങ്ങളെ കാണുമ്പോൾ അവർ പൊട്ടിക്കരഞ്ഞേക്കും എന്നും ഞങ്ങൾ കരുതി.

പക്ഷേ ഞങ്ങളെ അമ്പരപ്പെടുത്തിക്കൊണ്ട് നിറഞ്ഞ ചിരിയോടെയാണ് അവർ ഞങ്ങളെ സ്വീകരിച്ചത്. തൽക്കാലം ഒഴിഞ്ഞുമാറിയെങ്കിലും മരണം വീണ്ടും തന്നെ ആക്രമിച്ചേക്കുമോ എന്നുള്ള ഭയപ്പാടുകളോ രോഗത്തിന്റെ വല്ലായ്മകളോ ഒന്നും ആ മുഖത്തുണ്ടായിരുന്നില്ല. രോഗവും മരണവും ഇടയ്ക്കിടെ സന്ദർശനത്തിനെത്തുന്നതിന്റെ ഭാഗമായി അവർ

www.malankaralibrary.com

തീർത്തും ക്ഷീണിതയായിരുന്നുവെന്നതു മാത്രമായിരുന്നു മുമ്പത്തേതിൽ നിന്നും അവർക്കുണ്ടായിരുന്ന ഏക വ്യത്യാസം.

"വാ... വാ.. ഇരിക്ക് പിള്ളേരെ..." കട്ടിലിൽ എണീറ്റിരിക്കുകയായിരുന്ന അവർ ഞങ്ങളെ സ്നേഹത്തോടെയും സന്തോഷത്തോടെയും സ്വീകരിച്ചു. അവർക്കെതിർവശത്തുള്ള കട്ടിലിലും ഒറ്റപ്പെട്ട ഒരു പ്ലാസ്റ്റിക് കസേര യിലുമായി ഞങ്ങളിരുന്നു.

ദിവ്യകാരുണ്യവർഷാചരണത്തോടനുബന്ധിച്ച് 'മുറിയാനും മുറിക്കപ്പെടാനും' എന്നെഴുതിയ കലണ്ടർ ചിത്രത്തിന് ചുവടെയായിരുന്നു അവർ കിടന്നിരുന്നത്. തലയ്ക്കലായി ബൈബിളും ഒരു കൊന്തയും. "ഇപ്പോ എങ്ങനെയുണ്ട്" എന്ന ഔപചാരികമായ ചോദ്യത്തോടെ ഞങ്ങൾ കുശലാന്വേഷണം ആരംഭിച്ചു. ഇതിനകം മൂന്നുമാസമായിരുന്നു അവർ രോഗബാധിതയായിട്ട്. ആശുപത്രിയിൽനിന്ന് രോഗം ഭേദമായി എന്നു പറഞ്ഞ് ഡിസ്ചാർജ് ചെയ്ത് വീട്ടിലെത്തിയതിനുശേഷമായിരുന്നു അവർക്ക് അസുഖം കൂടുതലായതും രോഗീലേപനം കൊടുത്തതുമൊക്കെ.

അക്കാര്യങ്ങളൊക്കെ അവർ വിശദമായി സംസാരിക്കുമെന്നാണ് ഞങ്ങൾ കരുതിയത്. പക്ഷേ ഇത്രയും കാലത്തെ രോഗങ്ങളെക്കുറിച്ചും മറ്റും അഞ്ചുമിനിറ്റിൽ കൂടുതൽ അവർ സംസാരിക്കാനെടുത്തില്ല. അത് ഹ്രസ്വവും എന്നാൽ പൂർണ്ണവുമായിരുന്നു. വളരെയേറെ കാര്യങ്ങൾ ഏറ്റവും ചുരുക്കിപ്പറയുന്നത് വലിയൊരു കലയാണല്ലോയെന്ന് ഞാനാ നിമിഷങ്ങളിലും ഓർത്തു. എന്നാൽ പലപ്പോഴും നമുക്കതു കഴിയാറില്ലല്ലോ.

ചികിത്സിച്ചാൽ ഏഴുദിവസം കൊണ്ടും ഇല്ലെങ്കിൽ ഒരാഴ്ച കൊണ്ടും ഭേദപ്പെടും എന്നു നേരമ്പോക്ക് പറയുന്ന ജലദോഷവും പനിയും പിടിപെട്ടാൽപോലും അതിനെക്കുറിച്ച് എത്ര ദീർഘമായ വിവരണങ്ങളാണ് നമ്മൾ നല്കുന്നത്! മൂക്കൊലിപ്പ്, തുമ്മൽ, തലവേദന, ശരീരവേദന, വിശപ്പില്ലായ്മ, അരുചി... അങ്ങനെ എന്തെല്ലാം.

പക്ഷേ ഇവിടെ ഈ സ്ത്രീ തന്റെ രോഗം എത്ര വേദനാകരമാണെങ്കിലും അതിനെക്കുറിച്ച് നീട്ടിപ്പരത്തി സഹതാപം നേടിയെടുക്കാനോ ദൈർഘ്യം കൂട്ടിയെടുത്ത് സന്ദർശകരെ ബോറടിപ്പിക്കാനോ തയ്യാറായില്ല. എന്തൊരു ഔചിത്യം! രോഗവിവരങ്ങൾ ശ്രദ്ധാപൂർവ്വം കേൾക്കുകയും അതിനോട് താദാത്മ്യപ്പെടുകയും ചെയ്യുന്നവർ നമുക്കിടയിൽ വളരെ കുറവാണെന്നതാണ് സത്യം. മറ്റൊരാളുടെ രോഗാവസ്ഥയെ അത് എന്റേതല്ലല്ലോ എന്ന മട്ടിൽ കേട്ടിരിക്കാനാണ് കൂടുതൽ പേരും തയ്യാറാകുന്നത്.

www.malankaralibrary.com

തന്റെ കാര്യം അഞ്ച് മിനിറ്റിലൊതുക്കി ബാക്കി സമയം ഞങ്ങളെക്കുറിച്ചും മറ്റു സഹപ്രവർത്തകരെക്കുറിച്ചും തിരക്കാനാണ് അവർ വിനിയോഗിച്ചത്. "ഇങ്ങനെ കിടക്കുമ്പോൾ നിങ്ങടെയൊക്കെ കാര്യം ഞാനോർക്കും..." അവരു പറഞ്ഞു. അതിനിടയിൽ അടുക്കളയിലേക്ക് തിരിഞ്ഞ് 'ചായയെടുക്ക് ' എന്ന് അനിയത്തിയോട് നിർദ്ദേശിക്കാനും മറന്നില്ല. അനിയത്തിയാണ് ഇടയ്ക്കിടെ വന്ന് വീട്ടിലെ കാര്യങ്ങൾ നോക്കി നടത്തുന്നത്. കട്ടൻചായയും ബിസ്ക്കറ്റുമെത്തി. അതുതരുമ്പോൾ അവരുടെ മുഖത്ത് നിറഞ്ഞ സംതൃപ്തിയുള്ളത് ഞാൻ ശ്രദ്ധിച്ചു. പാൽ തീർന്നുപോയെന്ന് മേനി നടിക്കാനോ ഇതൊക്കെ നിങ്ങളു കഴിക്കുമോയെന്ന് അപകർഷത രേഖപ്പെടുത്താനോ തയ്യാറാകാതെ തനിക്കുള്ളത് തന്നെ സന്ദർശിക്കാനെത്തിയവരുമായി പങ്കുവയ്ക്കാൻ തയ്യാറായ ഒരു നല്ല മനസാണ് ഞാനവരിൽ കണ്ടത്.

രോഗാവസ്ഥയിലും ദൈവത്തെ സ്തുതിക്കുന്നുവെന്നോ പ്രാർത്ഥനയിലൂടെയാണ് ഓരോ നിമിഷങ്ങളും കടന്നുപോവുന്നതെന്നോ അവർ ഞങ്ങളോടു പറഞ്ഞില്ല. എങ്കിലും ഓരോ നിമിഷവും അവർ പ്രാർത്ഥിക്കുന്നുണ്ടെന്ന് എനിക്കു തോന്നി.

പരാതികളില്ലാത്ത, ഒന്നിനോടും അസ്വസ്ഥതപ്പെടാത്ത ജീവിതം തന്നെ ഒരു പ്രാർത്ഥനയാണ്. ഒരു മണിക്കൂർ നേരത്തെ വചനപ്രഘോഷണം കേൾക്കുന്നതിനെക്കാൾ ഹൃദയത്തെ സ്പർശിക്കുന്നത് ഇവരെപോലുള്ളവരുമായുള്ള സഹവാസമാണ്. ഇതുതന്നെയല്ലേ സുവിശേഷവും?

◆

www.malankaralibrary.com

# 06

## ഉറക്കം

*"എല്ലാം മറന്നൊന്നുറങ്ങിയ രാവുകൾ*
*എന്നേക്കുമായി അസ്തമിച്ചുപോയ്,*
*ഇനി നമ്മിലൊരാളിന്റെ നിദ്രയ്ക്ക് മറ്റെയാൾ*
*കണ്ണിമചിമ്മാതെ കാവൽ നില്ക്കാം,*
*ഇനി നീയുറങ്ങുക, ഞാനുണർന്നിരിക്കാം"*

– ഒ.എൻ.വി

ഉറക്കം

ഇന്നലെവരെ അതു തീർത്തും സ്വഭാവികമായിരുന്നു. അതു കൊണ്ട് അതിനെ പ്രത്യേകതയോടുകൂടി കണ്ടിരുന്നുമില്ല. അതു സ്വന്തം നിയന്ത്രണത്തിലാണെന്നായിരുന്നു ധാരണ. എനിക്ക് ഇഷ്ടമുള്ളപ്പോൾ നടക്കാം, ഇരിക്കാം, അതുപോലെ ഉറങ്ങാം... അതായിരുന്നു അഹ ങ്കാരം. പക്ഷേ ഇന്ന് തിരിച്ചറിയുന്നു, ഒന്നും സ്വന്തം നിയന്ത്രണത്തിലല്ല..

നിസ്സാരമായി ഒന്നു കണ്ണടയ്ക്കാൻ കൂടി... എന്തെല്ലാം ചെയ്താലും അതിലെല്ലാം ദൈവകാരുണ്യത്തിന്റെ കടാക്ഷം വേണം. അതില്ലാതെ നിനക്ക് ഒന്നും ചെയ്യാനാവില്ല.

അതെ, ഇപ്പോൾ മറ്റെല്ലാവരെക്കാളും മനസിലാവുന്നു, ഒന്നുറങ്ങാൻ പോലും നമുക്കു സ്വന്തമായി സാധിക്കില്ലെന്ന്... ആഗ്രഹിച്ചാൽപോലും ഉറങ്ങാൻ കഴിയാതെയും ആഗ്രഹിക്കുന്ന സമയം വരെ ഉറങ്ങാൻ കഴി യാതെയും തിരിഞ്ഞും മറിഞ്ഞും കിടന്ന് നേരം വെളുപ്പിക്കുമ്പോഴും

www.malankaralibrary.com

മനസ് മതിയാവോളം ഉറങ്ങാൻ കൊതിച്ച് ഉറക്കഗുളികകൾ കഴിക്കുമ്പോഴും പിന്നെ അതിന്റെ കെട്ട് തീരാതെ പാതിമയങ്ങി പകൽ മുഴുവൻ നടക്കുമ്പോഴും വീണ്ടും ഉറക്കത്തിനായി ഉറക്കഗുളികയിലേക്കുതന്നെ കൈ നീട്ടുമ്പോഴും വലിയ നിലവിളിയോടെ ഏറ്റുപറയുന്നു, ദൈവമേ, ഉറക്കം നിന്റെ സൗജന്യം... ഉറങ്ങാൻ കഴിയുക നിന്റെ കൃപയും.

ഒരാൾ എന്തിനാണ് ഉറങ്ങാതിരിക്കുന്നത് ? ഉറങ്ങാതിരിക്കൽ ജാഗ്രതയുടെ അവസ്ഥയാണ്. പുലരിയാവാൻ കാത്തിരിക്കുന്ന കാവല്ക്കാരനെപ്പോലെ ഒരുവൻ ഉറങ്ങാതിരിക്കുന്നത് തന്നിൽ ഏല്പിച്ചിരിക്കുന്ന ചില കർത്തവ്യങ്ങളെക്കുറിച്ചുള്ള ബോധ്യം കൊണ്ടാണ്.

അപകടത്തിൽ പെട്ട് നിസ്സഹായനായ ഭർത്താവിനെ ഉറക്കമിളച്ചും രാത്രി മുഴുവൻ ശുശ്രൂഷിക്കുന്ന ഭാര്യ... മകനു പൊതിച്ചോറ് കൊടുത്തുവിടാൻ വെളുപ്പാൻകാലത്തെ ഉറക്കവും ഉപേക്ഷിച്ച് അടുക്കളയിലെത്തുന്ന അമ്മ... പരീക്ഷയുടെ തലേനാൾ ഉറങ്ങാതിരുന്ന് പഠിക്കുന്ന വിദ്യാർത്ഥി... ചില ഉറക്കമില്ലായ്മകൾ നമ്മൾ സ്വയം സൃഷ്ടിച്ചെടുക്കുന്നതാണ്... സുഖം നല്കുന്ന ഉറക്കമില്ലായ്മകൾ...

ഓർമയുണ്ട്, രാത്രികളിൽ ഉറക്കമുണർന്നെണീല്ക്കുമ്പോൾ അമ്മ ഇരുട്ടിൽ മുട്ടുകുത്തി കൈകൾ വിരിച്ചുപിടിച്ചുനിന്ന് പ്രാർത്ഥിക്കുന്നത്. ചിലപ്പോൾ ഇരുട്ടിൽ അമ്മയുടെ കണ്ണുകൾ തിളങ്ങും. അതമ്മയുടെ കണ്ണുനീരാണ്.

ചിലപ്പോൾ അമ്മയുടെ കൈകളിൽ തിളക്കമുണ്ടാവും. അതമ്മയുടെ കൈകളിലെ കൊന്തയാണ്.

അമ്മയ്ക്ക് ഉറക്കമില്ലേ എന്ന് അമ്പരപ്പോടെ ചിന്തിച്ചിട്ടുണ്ട്. പിന്നെ മനസിലായി, അമ്മയ്ക്ക് ഉറങ്ങാനാവില്ല. കാരണം പ്രായം തികഞ്ഞു നില്ക്കുന്ന പെൺമക്കളുണ്ട് അമ്മയ്ക്ക്... മക്കൾ വളർന്നുവരികയും അവരുടെ ഭാവിരൂപീകരണത്തിന് സാമ്പത്തികമായ സുരക്ഷിതത്വം ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ സാധാരണക്കാരിയായ ഒരമ്മയ്ക്ക് ഉറങ്ങാൻ കഴിയില്ല. അതുകൊണ്ടവൾ രാത്രികളിലും ഉറങ്ങാതിരിക്കുന്നു, ഉറങ്ങാതിരുന്ന് പ്രാർത്ഥിക്കുന്നു.

പക്ഷേ ഉറങ്ങാൻ അമ്മ ആഗ്രഹിക്കുന്നുണ്ട്. അതുകൊണ്ടാണല്ലോ ലോകത്തിലെ ഉറക്കമുള്ള എല്ലാവരോടും തൊട്ടടുത്ത് ഉറങ്ങിക്കിടക്കുന്ന അപ്പനോടുപോലും അമ്മയ്ക്ക് ദേഷ്യം വരുന്നത്? പിന്നെ പെൺമക്കൾ വിവാഹിതരാവുകയും സുരക്ഷിതത്വത്തിന്റെ കരവലയങ്ങളിൽ ഒതുങ്ങുകയും ചെയ്തിട്ടും അമ്മയ്ക്ക് അത്രയൊന്നും മതിമറന്ന് ഉറങ്ങാൻ കഴിയുന്നുണ്ടെന്ന് തോന്നുന്നില്ല.

www.malankaralibrary.com

ഓരോരുത്തർക്കും ഉറങ്ങാതിരിക്കുന്നതിന് ഓരോ കാരണങ്ങളുണ്ട്. എന്തൊക്കെയോ ചില കാരണങ്ങൾ പലരുടെയും ഉറക്കം കെടുത്തുന്നുണ്ട്... ചില ചിന്തകൾ... ചില രോഗങ്ങൾ... ചില ആകുലതകൾ... ചില വേർപിരിയലുകൾ... ചില നഷ്ടങ്ങൾ...

"*നിന്നോരോ വിളിക്കും കാതോർത്തുകിടക്കവെ*
*പാതിയേ ഞാനിപ്പോ ഉറങ്ങാറുള്ളൂ*"

എന്ന് പാട്ടെഴുതിയത് അത്തരമൊരു സന്ദർഭത്തിലായിരുന്നു...

കിടന്നാലുടനെ ഉറങ്ങാൻ കഴിയുന്നവരോട് അസൂയയുണ്ട്. എത്ര സ്വച്ഛമായിരിക്കാം അവരുടെ മനസ്... ലോകം മുഴുവൻ ഉറങ്ങുമ്പോൾ ഉറങ്ങാൻ കഴിയാതെ വരിക... അതെത്ര ഭീകരമാണെന്നോ...

ഇപ്പോഴും ഒരു മോഹം ബാക്കിയാണ്, നിന്റെ മടിയിൽ തല ചായ്ച്ചൊന്ന് എനിക്കുറങ്ങണം. നിന്റെ വിരലുകൾ എന്റെ മുടിയിഴകളെ തലോടിക്കൊണ്ടിരിക്കണം. ഞാനുറങ്ങുമ്പോഴും നീയുണർന്ന് തന്നെയിരിക്കണം. തരുമോ ഒരുരാവ് കൂടി...

ഒരിക്കലും ഉണരാത്ത ഉറക്കത്തിന് മരണമെന്ന് പേരിട്ടതാരാണാവോ?

എല്ലാം മറന്നൊന്നുറങ്ങാൻ തീർച്ചയായും കൊതിയാകുന്നു.

◆

www.malankaralibrary.com

# 07

# ഒരച്ഛന്റെ ഓർമ്മയ്ക്ക്

*ലോകം മുഴുവൻ കാത്തിരിക്കുകയാണ്. ഒരിക്കൽ വരാതിരിക്കില്ല. ഞാനും നിങ്ങളുമെല്ലാം യുഗങ്ങളായി കാത്തിരിക്കുകയായിരുന്നു. കാലത്തിന്റെ പാറക്കെട്ടുകളിൽ മഞ്ഞുവീഴുന്നു, ഉരുകുന്നു. വീണ്ടും മഞ്ഞിൻ പടലങ്ങൾ തണുത്തുറഞ്ഞു കട്ട പിടിക്കുന്നു. നാമെല്ലാം കാത്തിരിക്കുന്നു.*

– എം.ടി

**ക**ണ്ണീരു മെഴുകിയ മുറ്റത്ത് മകനു വിരുന്നൊരുക്കി കാത്തിരുന്ന ആ അച്ഛനും ഒടുവിൽ യാത്രയായി. ഒറ്റപ്പെട്ടുനിന്ന ചില പോരാട്ടങ്ങളുടെയും തകർക്കാൻ കഴിയാത്ത ആത്മവിശ്വാസത്തിന്റെയും പ്രായത്തെ വെല്ലുന്ന സമരവീര്യത്തിന്റെയും ഉദാത്തമാതൃകയായിരുന്നു ആ അച്ഛൻ. പ്രഫ. ഈച്ചരവാര്യരെക്കുറിച്ചാണ് പറഞ്ഞുവരുന്നത്.

ഒരാൾ നീതിക്കുവേണ്ടി എത്രകാലം പോരാടണം? നീതിക്കുവേണ്ടി എത്രമാത്രം മുറിവേല്ക്കണം? തുടങ്ങിയ ചോദ്യങ്ങൾക്കുള്ള ഉത്തരം 'ഈച്ചരവാര്യർ' എന്നാണ്. അടിയന്തിരാവസ്ഥക്കാലത്ത് കാണാതായ മകനെ അന്വേഷിച്ച് രാപ്പകൽ ഭേദമന്യേ വെയിലും മഴയും നോക്കാതെ ഭരണാധിപന്മാരുടെ അന്തപ്പുരങ്ങൾ തോറും കയറിയിറങ്ങിയ അച്ഛൻ.

സഹായിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നവർപോലും വൈമനസ്യത്തോടെ നിസ്സഹായനായ ആ അച്ഛനെതിരെ മുഖം തിരിച്ചുകളഞ്ഞു. സേവന സന്നദ്ധതയുടെയും ജനപ്രിയതയുടെയും പല അവതാരപുരുഷന്മാർക്കും ആ അച്ഛനു മുമ്പിൽ ഗത്യന്തരമില്ലാതെ തങ്ങളുടെ തനിനിറം കാണിക്കേണ്ടി വന്നു (*ഒരച്ഛന്റെ ഓർമക്കുറിപ്പുകൾ* – തൃശൂർ കറന്റ് ബുക്സ്). മലയാള സാഹിത്യത്തിലെ ആത്മകഥാശാഖയിൽ പെടുത്താവുന്ന ഈ

www.malankaralibrary.com

കൃതി കേരളരാഷ്ട്രീയത്തിന്റെ ചില കറുത്തമുഖങ്ങളും ചരിത്രത്തിന്റെ പൂപ്പൽ കലർന്ന ഏടുകളും പേറുന്നവയാണ്. മറ്റു ഭാഷകളിലേക്കും ഈ കൃതി വിവർത്തനം ചെയ്തിട്ടുണ്ട്.

എന്നാൽ ഇത്തരം രാഷ്ട്രീയമാനങ്ങൾക്കപ്പുറമാണ് ഇതിലെ മനുഷ്യത്വപരമായ ചില കുറിപ്പുകൾ. രാജന്റെ അമ്മയെക്കുറിച്ചുള്ളതാണത്. രാജന്റെ നഷ്ടപ്പെടലോടെ മാനസികാസ്വാസ്ഥ്യം ബാധിച്ച ആ അമ്മ, മകനു സംഭവിച്ച ദുരന്തമറിയാതെ, അവന്റെ പ്രായക്കാർ വിവാഹിതരായെന്നും മകനെയും വിവാഹം കഴിപ്പിക്കുന്നതിന് ആലോചനകൾക്കു ഭർത്താവിനെ നിർബന്ധിക്കുന്നതുമായ ഭാഗങ്ങളാണത്. മകനു നല്കാനായി സൂക്ഷിച്ചുവച്ചിരിക്കുന്ന ചില്ലറത്തുട്ടുകൾ ഭർത്താവിന്, രോഗക്കിടക്കയിൽവച്ച് അവർ കൈമാറുമ്പോൾ ആ ചില്ലറത്തുട്ടുകളുടെ ഭാരം വായനക്കാരൻ തന്റെ നെഞ്ചിലാണ് ഏറ്റുവാങ്ങുന്നത്.

ഈച്ചരവാര്യർ എന്ന വാക്കിന് മറ്റൊരർത്ഥം കൂടിയുണ്ട്. കാത്തിരിപ്പ് എന്നതാണത്. അതുകൊണ്ടാണ് പ്രതീക്ഷാ നിർഭരമായ കാത്തിരിപ്പുകളെ വേണമെങ്കിൽ ഈച്ചരവാര്യർ എന്ന് വിളിക്കാമെന്ന് പറഞ്ഞത്.

പക്ഷേ കാത്തുനില്ക്കാൻ ഇനി സമയമില്ലാതെയും കാത്തിരിപ്പുകളെ വെറും കാത്തിരിപ്പുകളാക്കി മാറ്റിയും ആ അച്ഛൻ കടന്നുപോയിരിക്കുന്നു. എങ്കിലും ഒരു ശൂന്യത ബാക്കിവച്ചുകൊണ്ടല്ല മരണത്തിനപ്പുറവും വരുംതലമുറയ്ക്ക് പഠിക്കാൻ തന്റെ ജീവിതം തുറന്ന പുസ്തകമാക്കിക്കൊണ്ടാണ് അദ്ദേഹം കടന്നുപോയത്. സത്യത്തിനും നീതിക്കും ഹിതകരമല്ലാത്ത ഒന്നിനോടും സന്ധി പാടില്ലയെന്നും നീതിക്കുവേണ്ടി പോരാടാൻ പ്രായം തടസമല്ലെന്നും നിലയ്ക്കാത്ത പോരാട്ടമാണ് ജീവിതമെന്നുമാണ് ആ അച്ഛൻ നമ്മളെ പഠിപ്പിച്ചത്. സമരമുഖങ്ങളിലൂടെയായിരുന്നു ആ ഒറ്റയാൾ പ്രയാണം. ഹിന്ദി പ്രഫസറായിരിക്കവെയാണ് ജോലി രാജിവച്ച് മകനുവേണ്ടിയുള്ള അന്വേഷണങ്ങൾക്കുവേണ്ടി ആ അച്ഛൻ ഇറങ്ങിത്തിരിച്ചത്. മരണം വരെ ആ അന്വേഷണം തുടരുകയും ചെയ്തു.

ഈച്ചരവാര്യരെപ്പോലെ ചിലപ്പോൾ ലോകത്ത് മറ്റൊരച്ഛനും തന്റെ മകന്റെ പേരിൽ അറിയപ്പെട്ടിരിക്കാനും ഇടയില്ല. 'രാജന്റെ അച്ഛൻ' എന്നാണ് അദ്ദേഹം കൂടുതലായി അറിയപ്പെട്ടിരുന്നത്. ഒരു പേര് കേൾക്കുമ്പോൾ ഒരു കാലഘട്ടവും അതിന്റെ കനയ്ക്കുന്നതും കയ്ക്കുന്നതുമായ ഓർമകളും ഇതുപോലെ മറ്റൊരിടത്തും നമ്മുടെ മനസിലേക്ക് കടന്നുവരുന്നുമില്ല. രാജൻ, ഈച്ചരവാര്യർ തുടങ്ങിയ പേരുകൾ രൂഢിയായി നമ്മുടെയൊക്കെ ബോധതലങ്ങളെ കീഴടക്കിയിരിക്കുന്നു. അവസാനത്തേതെന്ന് അവകാശപ്പെടുന്ന ചില അഭിമുഖങ്ങളിലെ, "ഇനിയും ആരോടെങ്കിലും ക്ഷമിക്കേണ്ടതായിട്ടുണ്ടോ" എന്ന ചോദ്യത്തിന് എത്ര സത്യസന്ധമായാണ് അദ്ദേഹം മറുപടി പറഞ്ഞിരിക്കുന്നത്!

www.malankaralibrary.com

ഈച്ചരവാര്യർ എന്ന വ്യക്തിയോട് ചരിത്രവും നീതിവ്യവസ്ഥയും കാണിച്ച അനീതി എന്താണ്? അറിയാനുള്ള അവകാശമാണ് അദ്ദേഹത്തിന് നിഷേധിക്കപ്പെട്ടത്. ഭരണഘടന ഉറപ്പുനല്കുന്ന ആ അവകാശം പോലും നിഷേധിക്കുമ്പോൾ ദുർബലമായ നീതിവ്യവസ്ഥ നമ്മെ നോക്കി പരിഹസിച്ചു ചിരിക്കുകയാണ്.

അദ്ദേഹത്തിന്റെ വാക്കുകളിൽ, പൊലീസ് പിടിച്ചുകൊണ്ടുപോയ കുറ്റവാളികൾക്ക് പിന്നീടെന്തു സംഭവിച്ചു എന്ന് അതാതു വീട്ടുകാരെ അറിയിക്കുക പതിവാണ്. അങ്ങനെ കിട്ടുന്ന അറിവ് എത്ര വേദനാജനകമാണെങ്കിലും കാലം കഴിയുമ്പോൾ അവരതിനോട് താദാത്മ്യപ്പെട്ടുകൊള്ളും.

പക്ഷേ രാജനെന്തു സംഭവിച്ചു എന്നതിന് ഇന്നും വ്യക്തമായ മറുപടി ഈച്ചരവാര്യർ എന്ന അച്ഛന് ഭരണകൂടം നല്കിയിട്ടില്ല. ചില ചോദ്യങ്ങൾക്കു മുമ്പിൽ വ്യക്തികൾ മാത്രമല്ല ഭരണകൂടങ്ങളും നിശബ്ദമാകേണ്ടിവരുമെന്നാണ് ഈ സംഭവം നമ്മെ പഠിപ്പിക്കുന്നത്.

ഈച്ചരവാര്യർ എന്ന വ്യക്തിക്ക് ചരിത്രത്തിൽ കിട്ടുന്ന സ്ഥാനം എന്താണ്? രാഷ്ട്രീയത്തിന്റെ നിർവചനമോ കൊടിയുടെ നിറമോ ആയിരിക്കരുത് അതിന്റെ അടിസ്ഥാനം. ഈച്ചരവാര്യർ ചരിത്രത്തിൽ ഇടം പിടിക്കുന്നത് കേരളരാഷ്ട്രീയത്തിന്റെ ഭാവിഭാഗധേയം നിർണ്ണയിച്ച വ്യക്തിയെന്ന നിലയ്ക്കുമായിരിക്കരുത്. ഇനി ഇത്തരം രാഷ്ട്രീയമാനങ്ങൾക്കപ്പുറമായി മാനുഷികതയോടെയും അദ്ദേഹത്തെ നോക്കിക്കാണാനും വിലയിരുത്താനും നമ്മൾ പഠിക്കണം...

നീതി, അധികാരവർഗ്ഗം, ഭരണകൂടം തുടങ്ങിയ ഒന്നിലധികം ഘടകങ്ങൾ കൂടിച്ചേർന്ന് ഒരു വ്യക്തിയെ പിടിമുറുക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്തതിന്റെ ദുരന്തോദാഹരണമാണ് ഇദ്ദേഹം.

നീതി നിഷേധിക്കപ്പെട്ട ഒരു മനുഷ്യനെക്കുറിച്ച് പറയുമ്പോൾ നമുക്കിനി ഈച്ചരവാര്യരെ ഓർമിക്കാം. നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ ആരെയും കൂസാതെ തകർന്നും തളർന്നും നില്ക്കാതെയും ഒറ്റയ്ക്ക് യുദ്ധം നടത്തിയവരെക്കുറിച്ച് പരാമർശിക്കുമ്പോഴും നമുക്കീ അച്ഛനെ ഓർമിക്കാം. മടങ്ങിവരുകയോ എന്തുസംഭവിച്ചുവെന്ന് വിവരം കിട്ടാതെ വരികയോ ചെയ്യുന്ന മക്കളെ കാത്തിരിക്കുന്ന അച്ഛന്മമാർക്കിടയിലും നമുക്കി ദ്ദേഹത്തെ പ്രതിഷ്ഠിക്കാം.

പ്രിയപ്പെട്ട അച്ഛാ, താങ്കൾ ഞങ്ങൾക്ക് ഒരു മാതൃകയാണ്. വഴിയും വഴികാട്ടിയുമാണ്. കാലവും ചരിത്രവും നിയമവും ഭരണകൂടവും കാരണമോ സാഹചര്യമോ എന്തുകൊണ്ടാണെങ്കിലും താങ്കളോട് കാണിച്ച നെറികേടുകൾക്ക് ഞങ്ങൾ താങ്കളോടു മാപ്പ് ചോദിക്കുന്നു. താങ്കളുടെ ആത്മാവിന് നിത്യശാന്തി നേരുന്നു... ◆

www.malankaralibrary.com

# 08

# കുട്ടി

**കു**ട്ടി ആയിരിക്കുന്ന അവസ്ഥ എന്നും മനോഹരമായിരുന്നു. അതിനെന്നും സൗന്ദര്യമുണ്ടായിരുന്നു. അതുകൊണ്ടാണ് ബാല്യം ഒരിക്കലും അവസാനിക്കരുതേയെന്നും ഒരിക്കൽക്കൂടി അതു കടന്നുവരണേയെന്നും ചിലപ്പോഴെങ്കിലും പ്രാർത്ഥിച്ചുപോകുന്നത്.

അധികമേതും പ്രശ്നങ്ങളും ഒരു തലമുറക്ക് മുമ്പ് വരെയുള്ള കുട്ടികൾ അനുഭവിച്ചിരുന്നുമില്ല. പട്ടിണിയും ആവശ്യത്തിന് വസ്ത്രങ്ങളില്ലായ്മയും മാതിരിയുള്ള പ്രശ്നങ്ങളേ കൂടുതൽ കുട്ടികളെയും അവരുടെ മാതാപിതാക്കളെയും അന്ന് അലട്ടിയിരുന്നുള്ളൂ.

സ്കൂൾവിട്ട് വരാൻ വൈകുന്ന കുട്ടി ലൈംഗികവ്യവസായക്കാരുടെ കെണികളിലും കരങ്ങളിലും പെട്ടുപോയോ എന്ന് മാതാപിതാക്കൾ അന്നൊരിക്കലും ആകുലപ്പെട്ടിരുന്നില്ല. ഒറ്റപ്പെട്ട ചില കൈയേറ്റങ്ങൾ, ആക്രമണങ്ങൾ... ചില വഴിതെറ്റലുകൾ... അതൊക്കെ അവിടവിടെയായി സംഭവിച്ചിട്ടുണ്ടാകാം...

എന്നിരിക്കിലും കുട്ടി ഒരു ശരീരസാധ്യതയാണെന്നും അതിനെ നന്നായി വിറ്റഴിക്കാമെന്നോ വിറ്റഴിക്കപ്പെടണമെന്നോ ഉള്ള കണ്ടെത്തലുകളോ ലാഭേച്ഛയോ അന്ന് ഇന്നത്തെപ്പോലെ തീർച്ചയായും ഉണ്ടായിരുന്നില്ല. എന്നാൽ മാറിയ സാമൂഹ്യചുറ്റുപാടുകളും സാമ്പത്തികാസ്ഥിരതയും ജീവിതമൂല്യനിരാസനവുമൊക്കെ ചേർന്ന് ചെറുത് സുന്ദരവും അതിനു വിനിമയമൂല്യം കുടുതലുണ്ടെന്നും തിരിച്ചറിഞ്ഞിരിക്കുന്ന ഊഷരാവസ്ഥയിലാണ് നാമിന്ന്. അതെ, കുട്ടിത്തം ഇന്നു നല്ല മാർക്കറ്റുള്ള ഒന്നു തന്നെ. ബാലലൈംഗികതൊഴിലാളികളുടെ എണ്ണത്തിൽ ഗോവയ്ക്കൊപ്പ

www.malankaralibrary.com

മാണ് നമ്മുടെ നാട്. പീഡിപ്പിക്കപ്പെടുന്നവരിൽ ഇന്ന് കൂടുതലും ഈ നിസ്സഹായ ജന്മങ്ങളാണ്. മൂന്നുവയസുകാരികളിലും മറ്റും സ്വന്തം ശരീര ദാഹം തീർക്കാൻ തോന്നുന്ന വിധത്തിലുള്ള ഉന്മാദങ്ങൾ ആരിലും നീയുണർത്തരുതേ ദൈവമേ...

നിഷ്ക്കളങ്കതയോടെ കുഞ്ഞുങ്ങളെ കണ്ട ഒരു തലമുറയുടെ കണ്ണുകൾ, മറ്റൊരു തലമുറയിലെത്തി നില്ക്കുമ്പോൾ അവരെ കാമ ത്തോടെ കണ്ടുതുടങ്ങിയിരിക്കുന്നു.

ലൈംഗികത വിറ്റഴിക്കപ്പെടുകയും അതിനെ വ്യവസായവും വരു മാനമാർഗവുമായി പരിഗണിച്ചുതുടങ്ങുകയും ചെയ്യുന്ന സാഹചര്യത്തിൽ 'ഫ്രഷ്' ആയ ശരീരത്തിന്, അധികം ഉപയോഗിക്കപ്പെടാത്തവയ്ക്ക് ആവശ്യക്കാർ വർദ്ധിച്ചുവരുന്നു.

(വൈകുന്നേരങ്ങളിൽ പിടയ്ക്കുന്ന മത്സ്യങ്ങളുമായി ഉറക്കെ സംസാരിച്ചുകൊണ്ട് വഴിയോരത്തായി കച്ചവടം നടത്തുന്നവരെ ഓർത്തു പോകുന്നു. നാലുമണി നേരത്തുനിന്ന് എട്ടു മണിയിലെത്തുമ്പോൾ കച്ച വടക്കാരന്റെ മുമ്പിൽ ആളും തിരക്കും കുറയുന്നു. അവന്റെ വട്ടിയിൽ ചീഞ്ഞു തുടങ്ങാറായ മത്സ്യങ്ങൾ. കുറഞ്ഞ വിലയ്ക്ക് ആരെങ്കിലും വന്നാൽ വിറ്റുതീർക്കുക മാത്രമേ അയാൾ ഉദ്ദേശിക്കുന്നുള്ളൂ. വില്ക്കു ന്നതും വാങ്ങുന്നതും രണ്ടവസ്ഥയിലും ഒരേ സാധനം തന്നെ. എന്നിട്ടും അവയുടെ വിലയിലുള്ള വ്യത്യാസം ശ്രദ്ധിക്കണം. ശരീരക്കമ്പോളത്തിലെ ജീവിതാവസ്ഥകളെ ഉപമിക്കാൻ ഇതിലും മികച്ച ഒരുദാഹരണം വേറെ യില്ലെന്ന് തോന്നുന്നു).

കുട്ടിയുടെ കണ്ണുനീര്, നിസ്സഹായത, അംഗവൈകല്യം ഒക്കെ മറ്റുള്ള വരുടെ മനസിനെ വല്ലാതെ വേദനിപ്പിക്കുന്നുണ്ട്. അതിനെ വച്ചുകൊണ്ട് എൺപതുകളുടെ മധ്യത്തിൽ എത്രയോ സിനിമകൾ വന്നു! നാടോടികൾ ഭിക്ഷാടനത്തിനായി തട്ടിക്കൊണ്ടുപോവുന്ന കുട്ടികളെയെന്തിനാണ് പൊള്ളി മുറിവേല്പിക്കുന്നതും അംഗവിഹീനരാക്കുന്നതും. ചുമന്നു തുടുത്ത കുട്ടി ഓമനത്തവും വാത്സല്യവുമാണ് ഉണർത്തുന്നത്, ദയയല്ല അനുകമ്പയും.

"യൗവനം വന്നുദിച്ചിട്ടും ചെറുതാകുന്നില്ല ചെറുപ്പം" എന്നു പാടി യത് ഉണ്ണായിവാര്യരാണ്. പക്ഷേ വളർച്ചയെത്താത്ത ഒരു കുട്ടി എല്ലാ വരിലുമുണ്ട് എന്ന് ആദ്യമായി കണ്ടെത്തിയത് ആരാണെന്ന് എനിക്കറി യില്ല. പറഞ്ഞതാരായാലും അതൊരു സത്യമാണെന്ന് മാത്രമേ അറിയൂ... കുട്ടിത്തത്തിന്റെ കുറുമ്പുകൾ സ്നേഹമുള്ളവരോടും അടുപ്പമുള്ള വരോടും ഞാൻ കാണിക്കുന്നതുകൊണ്ടുതന്നെ...

www.malankaralibrary.com

എന്നാൽ പിടിവാശികൾക്കും കുറുമ്പുകൾക്കും വേണ്ടി മാത്രമേ ഈ കുട്ടിത്തത്തിന്റെ ഉടുപ്പ് ഞാൻ അണിയാറുള്ളൂ. അല്ലാത്തയവസരങ്ങളിലെല്ലാം പാകമാവാത്ത ഒന്നു മാത്രമായി ഞാനിത് മാറ്റിവയ്ക്കാറാണ് പതിവ്.

മേല്പ്പറഞ്ഞവ മാത്രമല്ലല്ലോ കുട്ടിത്തത്തിന്റെ പ്രത്യേകതകൾ... നിഷ്ക്കളങ്കത, അടികിട്ടിയിട്ടും അമ്മയുടെ മടിത്തട്ടിലേക്ക് ഓടിപ്പോവാനുള്ള മനസിളപ്പം... അങ്ങനെയെന്തെല്ലാമുണ്ട് കുട്ടിത്തത്തിന്റെ ബാലൻസ് ഷീറ്റിൽ പോസിറ്റീവായിട്ട്...

ഓരോ കുട്ടിയും നമ്മെ ഓർമിപ്പിക്കേണ്ടത് ഒരിക്കൽ ഞാനും കുട്ടിയായിരുന്നുവെന്നും കുട്ടിത്തത്തിലേക്ക് മടങ്ങേണ്ടത് ഒരാവശ്യമാണെന്നുമാണ്. അതോടൊപ്പം ഇന്നത്തെ സാഹചര്യത്തിൽ മറ്റൊന്നുകൂടി നമ്മളെയിത് ഓർമിപ്പിക്കുന്നു. കുട്ടികൾക്കും പ്രശ്നമുണ്ടെന്നും അവരെയും പരിഗണിക്കണമെന്നും. കുട്ടികൾ പ്രശ്നമാണെന്നും കൂട്ടി വായിക്കണം നമ്മൾ.

◆

www.malankaralibrary.com

# 09

# ക്ഷമയുടെ പുസ്തകത്തിൽ നിന്നുള്ള വായന

**ക്ഷ**മ കാലഹരണപ്പെട്ട ഒരു വാക്കൊന്നുമല്ല. പ്രയോഗത്തിൽ വരുത്താൻ ഏറെ ബുദ്ധിമുട്ടുകൾ വേണമെന്നേയുള്ളൂ. ക്ഷമയിൽനിന്നാണ് കാരുണ്യത്തിന്റെ കടലൊഴുക്കുകൾ ഉദ്ഭവിക്കുന്നതുതന്നെ. പരസ്പരം ക്ഷമിക്കാൻ കഴിയുന്നില്ലെങ്കിൽ അതു വ്യക്തിബന്ധങ്ങളെ ദുഷിപ്പിക്കും. ശാരീരികവും മാനസികവുമായ അനാരോഗ്യകരമായ ജീവിതാവസ്ഥയിലേക്ക് അതു മനുഷ്യനെ കൊണ്ടുചെന്നെത്തിക്കുകയും ചെയ്യും.

ഒന്നോർത്താൽ ക്ഷമയാണ് മനുഷ്യജീവിതത്തിന്റെ കാതൽ. ആരൊക്കെയോ നമ്മളോട് എപ്പോഴൊക്കെയോ ക്ഷമിച്ചതുകൊണ്ടോ ക്ഷമിക്കുന്നതുകൊണ്ടോ ആണ് നമ്മുടെയൊക്കെ ജീവിതങ്ങൾ വലിയ പരിക്കില്ലാതെ നിലനിന്നുപോരുന്നത്. പ്രാർത്ഥനയിൽ ചോദിക്കുന്നതു പോലെ "ദൈവം പാപങ്ങളെല്ലാം ഓർത്തിരുന്നാൽ മണ്ണിൽ ആർക്കുള്ളൂ രക്ഷ?" അങ്ങനെ വരുമ്പോൾ ക്ഷമയും ഓർമയും തമ്മിൽ ബന്ധമുണ്ട്.

ക്ഷമിക്കാൻ കഴിയുന്നില്ലെങ്കിൽ അതു മറക്കാൻ കഴിഞ്ഞിട്ടില്ലെന്നാണർത്ഥം. ക്ഷമിക്കാൻ ആദ്യം മറക്കാൻ കഴിയണം. മറന്നാലേ ക്ഷമിച്ചൂ എന്നു പറയാൻ കഴിയൂ. ക്ഷമിച്ചുവെന്ന് പറയുമ്പോൾ മുറിവ് ഉണങ്ങിയെന്നാണർത്ഥം. മുറിവ് ഉണങ്ങുന്നതിന് പിന്നിലും ചിലതൊക്കെ പ്രധാന ഘടകമാണ്. മുറിവിന്റെ ആഴം... അതുണ്ടാക്കിയ വ്യക്തി... അതേറ്റു വാങ്ങിയ വ്യക്തിയുടെ മാനസികപ്രത്യേകതകൾ... അതുകൊണ്ടാണ് നിനക്ക് എന്നോടു ക്ഷമിക്കാൻ എത്ര വർഷം വേണമെന്ന് ചോദിക്കേണ്ടി വരുന്നത്.

www.malankaralibrary.com

എത്ര വലിയ മുറിവും കാലത്തിന്റെ ചുവരെഴുത്തുകളിൽ ചില പ്പോൾ ഉണങ്ങാറുണ്ട്, ഒരു വടുപോലും അവശേഷിപ്പിക്കാതെ. അത്തര മൊരു മുറിവുണങ്ങിയപ്പോൾ അതു സൗന്ദര്യപരമായ ഒരു ക്ഷമ നല്കലായി മാറി... ആ റിപ്പോർട്ടാണ് മാധ്യമം ദിനപ്പത്രം (കുടുംബ മാധ്യമം) 2006 മാർച്ച് 3 ന് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. 'കനിവിന്റെ കൈയൊപ്പുകൾ.'

രണ്ടു വ്യക്തികൾ തമ്മിലോ രണ്ട് കുടുംബങ്ങൾ തമ്മിലോ അല്ല, രണ്ട് രാജ്യങ്ങൾ തമ്മിലാണ് മാപ്പുകൊടുക്കലിന്റെ പുതിയ അധ്യായം രചിച്ചിരിക്കുന്നത് എന്നും വേണമെങ്കിൽ പറയാം. അങ്ങനെ വരുമ്പോൾ ഇതു രാജ്യാതിർത്തികളെ തോല്പിക്കുന്ന ക്ഷമയുടെ പുസ്തകത്തിൽ നിന്നുള്ള വായനയാകുന്നു.

25 വർഷങ്ങൾക്കു മുമ്പാണ് സംഭവം നടക്കുന്നത്. പെരിന്തൽമണ്ണ, പൂവത്താണി, മുർറത്ത്, യു. എ. ഇ. യിലേക്ക് വിമാനം കയറിയത് അവിടെയുള്ള തന്റെ സഹോദരൻ കുഞ്ഞയമുവിനെ ബിസിനസ് കാര്യങ്ങളിൽ സഹായിക്കുന്നതിന് വേണ്ടിയായിരുന്നു. അവിടെ ഹോട്ടൽ ബിസിനസ് തുടങ്ങിയ മുർറത്ത് രാത്രിയിൽ തന്റെ കടയിൽ മോഷ്ടിക്കാനെത്തിയവനെ പിടികൂടുന്നതിനുള്ള ശ്രമത്തിനിടയിൽ മോഷ്ടാവിന്റെ കുത്തേറ്റ് മരിക്കുകയായിരുന്നു. 1980 ജൂലൈ 30 ന് ആയിരുന്നു ആ സംഭവം.

അറബ് പോലീസ് കുറ്റവാളികളെ പിടികൂടി. പാക്കിസ്ഥാനികളായ അക്താർ ഹുസെനും മരുമകൻ മുശ്താഖ് സർദാർഖാനും. ശരീ അത്ത് കോടതി ശിക്ഷ വിധിച്ചു. മുശ്താഖിന് പ്രായക്കുറവ് മൂലം കൈ വെട്ടി നാടുകടത്തലും അക്താറ് ഹുസെന് വധശിക്ഷയും.

വധശിക്ഷ ഇളവ് ചെയ്യാൻ ഭരണകൂടങ്ങളും രാജ്യങ്ങളും വഴിയുമൊക്കെ സമ്മർദ്ദം ഉണ്ടായെങ്കിലും മുർറത്തിന്റെ കുടുംബം അതിനൊന്നും തയാറായില്ല. ഉപ്പ് തിന്നുന്നവൻ വെള്ളം കുടിക്കണം എന്നു തന്നെ ആ കുടുംബം ഉറച്ചുനിന്നു. പിന്നീട് കുറ്റവാളിക്കെന്തു സംഭവിച്ചു എന്ന് ആരും ചിന്തിച്ചില്ല.

വർഷം 25 കഴിഞ്ഞുപോയി. ജീവിതം തന്നെ പല രൂപഭാവങ്ങളുമണിഞ്ഞു. പിന്നെ അടുത്തയിടെ അൽ ഐനിൽ നിന്നെത്തിയ സ്വനാട്ടുകാരിലൊരാൾ മുർറത്തിന്റെ സഹോദരനോട് താൻ അവിടെത്തെ ജയിലിൽ വച്ച് കണ്ട 60 കാരനായ ഒരു പാക്കിസ്ഥാനിയെക്കുറിച്ചു പറഞ്ഞു. ഇനി ലേഖകനെ ഉദ്ധരിക്കട്ടെ: "വധശിക്ഷ കാത്ത് 25 കൊല്ലമായി മരിച്ചു ജീവിക്കുന്ന ഒരാൾ. തന്റെ വധശിക്ഷ നടപ്പാക്കുന്നത് എന്നാണെന്ന ചോദ്യം ഇടക്കിടെ ആവർത്തിക്കുന്ന, മറുപടി കിട്ടാതാവുമ്പോൾ നിരാശനാവുന്ന ആ നരച്ച് ശോഷിച്ച മനുഷ്യനെപ്പറ്റി പറഞ്ഞ ശേഷം ആ ഗൾഫു

www.malankaralibrary.com

കാരൻ ഖാലിദിനോട് വെറുതെ ഒരു സംശയം ചോദിച്ചു. അയാൾ നമ്മുടെ മുർറത്തിനെ കൊന്നയാളാവുമോ ?"

(തദൃശ്യമായ ഒരു സംഭവം ഓർത്തുപോവുന്നു, ദസ്തയോവ്സ്ക്കിയുടെ നോവലിലേതാണ്. നാളെ വധിക്കപ്പെടുമെന്ന് അറിയിപ്പ് കിട്ടിയതിനെ തുടർന്ന് ഒരൊറ്റ രാത്രി കൊണ്ട് മുടി മുഴുവൻ നരച്ചുപോയ ഒരുവൻ. മനസിന്റെ സമനില നഷ്ടപ്പെട്ട വേറൊരുവൻ... ഒരുപക്ഷേ നീ മരണത്തിനു വിധിക്കപ്പെട്ടിരിക്കുന്നു, ഇന്ന ദിവസം, ഇന്ന സമയത്ത് മരിക്കും എന്ന് അറിയുന്നതായിരിക്കും ഒരുവന്റെ ജീവിതത്തിലെ ഏറ്റവും വലിയ ദുരന്തം. അതിനെ കൂസലില്ലാതെ നേരിടാൻ ആർക്കും കഴിയില്ല).

പിന്നീടുള്ള അന്വേഷണങ്ങളിൽനിന്ന് അക്കാര്യം വെളിവായി. അക്താർ ഹുസെൻ ഇപ്പോഴും ജയിലിലാണ്, വധശിക്ഷ കാത്ത്. ഇനിയെങ്കിലും മുർറത്തിന്റെ കുടുംബം മാപ്പു നല്കിയാൽ അയാൾ വധശിക്ഷയിൽ നിന്നു രക്ഷപ്പെടും എന്ന അറിവ് ഒരു പുനർവിചിന്തനത്തിന് മുർറത്തിന്റെ കുടുംബത്തെ പ്രേരിപ്പിച്ചു.

കൊല്ലപ്പെട്ടവന്റെ ബന്ധുക്കൾ മാപ്പു നല്കിയാൽ കൊലയാളിയുടെ ജീവൻ രക്ഷപ്പെടും എന്ന അറബ് നിയമത്തിന്റെ ഉദാരത... കൂടപ്പിറപ്പുകൾ ഒത്തുകൂടി. അവരുടെ ഹൃദയകാഠിന്യം അലിഞ്ഞു. ഒരു ജീവന് പകരം മറുജീവനെടുക്കുന്ന കാഠിന്യത്തിന് പകരം ഒരൊപ്പിട്ടാൽ ഒരു ജീവൻ രക്ഷിച്ചെടുക്കാം എന്ന അനുഭവപാഠം അവർക്കു പുതിയൊരു പ്രചോദനമായി. അതുപ്രകാരം അവർ അക്താർ ഹുസെന്റെ ജീവൻ രക്ഷിക്കാനായി സാക്ഷ്യപത്രത്തിൽ ഒപ്പുവച്ചു.

ഈ മാപ്പുകൊടുക്കലും ഈ ശിക്ഷാവിധിയും ഒക്കെ ഒരുപാട് ചോദ്യങ്ങളും ഒരുപാട് ചിന്തകളും നമുക്കു മുന്നിലുണർത്തുന്നുണ്ട്. നിയമങ്ങളുടെയും ശിക്ഷാവിധികളുടെയും നിരർത്ഥകത... മരണത്തിന് വിധിക്കപ്പെട്ട്, മരണം ഇന്നു വരും, നാളെയെത്തും എന്നു കരുതി മനസിന്റെ സമനിലതന്നെ നഷ്ടമായ ഒരുവന്റെ ദയനീയത... മർത്യജീവിതം എത്രമാത്രം നിസ്സഹായമാണെന്ന സത്യം... മറ്റുള്ളവനെ വേദനിപ്പിച്ചോ കൊന്നൊടുക്കിയോ നമ്മൾ ചിലതൊക്കെ നേടിയെടുത്താലും അതൊന്നും നിത്യമായ സന്തോഷമോ സമ്പാദ്യമോ ആകുന്നില്ലെന്ന തിരിച്ചറിവ്. അങ്ങനെ പലതും.

തെറ്റു ചെയ്താലും അതിന്റെ പേരിൽ ഹുസെൻ അനുഭവിക്കുന്ന മാനസികസമ്മർദ്ദം ഭയാനകമാണ്. ശിക്ഷിച്ചവർക്കോ ശിക്ഷ കിട്ടിയവർക്കോ ഗുണം ചെയ്യാതെപോയ ഒരു ശിക്ഷാജീവിതം. അയാൾക്കെങ്ങനെ ഉറങ്ങാൻ കഴിയും? സമാധാനത്തോടെ ഭക്ഷണം കഴിക്കാൻ ആവും? ഇനി ജീവിതത്തിലേക്ക് അയാൾ മടങ്ങിവരുമ്പോഴോ? അയാളുടെ മാനസികാവസ്ഥ എന്താവും?

www.malankaralibrary.com

ക്ഷമിക്കുമ്പോൾ കിട്ടുന്ന സന്തോഷം ദ്രോഹിക്കുമ്പോഴോ ശിക്ഷിക്കുമ്പോഴോ കിട്ടുന്നില്ലെന്നതാണ് സത്യം. അതാണ് മുർറത്തിന്റെ കുടുംബം വളരെ വൈകി തിരിച്ചറിഞ്ഞിരിക്കുന്നത്. എത്ര വലിയ മനഃശാസ്ത്രമാണ് ബൈബിൾ പറഞ്ഞിരിക്കുന്നത്: “ശത്രുവിന് ഭക്ഷിക്കാൻ കൊടുക്കുമ്പോൾ അവന്റെ തലയിൽ നീ തീ കൂട്ടുകയാണ് ചെയ്യുന്നതെന്ന്.”

നമ്മെ ദ്രോഹിച്ചവരോട് നമുക്കു ക്ഷമിക്കാൻ കഴിയുമ്പോൾ പിന്നെയൊരിക്കലും അവർക്കു നമ്മെ സ്നേഹിക്കാതിരിക്കാനാവില്ല. അനുസരണയുള്ള ഒരു വീട്ടുമൃഗം കണക്കെ അവരെന്നും നമ്മുടെ കാല് ചുവട്ടിൽതന്നെ. പക്ഷേ എല്ലാവർക്കും അങ്ങനെ ക്ഷമിക്കാൻ കഴിയാറില്ല.

ക്ഷമിക്കാനുള്ളവരുടെ മുഖങ്ങൾ മനസ്സിലൂടെ ഇപ്പോൾ കടന്നുപോവണം. ഒരുപക്ഷേ അവരൊന്നും അത്ര വലിയ ദ്രോഹം ചെയ്തവരൊന്നുമായിരിക്കില്ല. എന്നിട്ടും... ക്ഷമിക്കാൻ കഴിയുന്നില്ല അല്ലേ.

ദൈവമേ, എല്ലാവരോടും ക്ഷമിക്കുവാൻ എത്ര കാലം എനിക്കു വേണ്ടിവരുമെന്ന് എനിക്കല്ല, നിനക്കേ അറിഞ്ഞുകൂടൂ. ക്ഷമിക്കാൻ പോലും നിന്റെ കൃപ വേണമെന്നും ഞാനറിയുന്നു...

◆

www.malankaralibrary.com

# 10

## ചങ്ങാത്തം

*നിന്നെക്കുറിച്ചെഴുതാൻ തുടങ്ങുമ്പോൾ*
*ഉള്ളിൽ കടലുകളിരമ്പുന്നു*
*ശബ്ദപ്രപഞ്ചം ഘനീഭൂതമായ മൗനത്തിന്റെ*
*നിസ്വനമായൊതുങ്ങുന്നു*
*കൊടുങ്കാറ്റുകൾ ചക്രവാളങ്ങളിൽ നിന്നാർത്തുവന്ന്*
*എന്നെ പൊതിയുന്നു.*
*കല്പാന്തത്തിലെ പ്രളയവർഷങ്ങൾ എന്നിൽ*
*പെയ്തു നിറയുന്നു*
*എന്റെ നെഞ്ചിൽ നിന്റെ സ്നേഹമൊരു പർവ്വതംപോലെ*
*വളർന്നെന്നെ പൊതിയുന്നു.*

– അമൃത

*കണ്ണാണു ശരീരത്തിന്റെ വിളക്ക്.* – വി. ബൈബിൾ

**ച**ങ്ങാത്തം രണ്ടു കണ്ണുകളാണെങ്കിൽ ഞാനോരോ കണ്ണുകൾക്ക് ഓരോ പേരു നല്കും. ഒന്നിന് പേര് തോമസ് എന്നാണെങ്കിൽ മറ്റേ കണ്ണിന് ടോമി എന്നു ഞാൻ പേരിടും. മുട്ടുകുത്തുമ്പോൾ മാത്രമല്ല എല്ലായ്പ്പോഴും എന്റെ ഹൃദയത്തിൽ നിറഞ്ഞിരിക്കുന്ന രണ്ടു പേരുകളാണിത്.

ജീവിതത്തിൽ എല്ലാ കാര്യങ്ങളും തുറന്നുപറയണമെന്ന് എനിക്കു തോന്നിയിട്ടുള്ളത് ഇവർ രണ്ടുപേരോടും മാത്രമാണ്.

കണ്ണുകൾ രണ്ടും ഒരുപോലെയാണെങ്കിലും കേട് പറ്റിയ കണ്ണിനോടായിരിക്കും നമുക്കേറെ വാത്സല്യം. കേടു പറ്റിയത് കണ്ണിന്റെ കുഴപ്പ

www.malankaralibrary.com

മല്ല, നമ്മൾ ഉപേക്ഷകൊണ്ടോ അശ്രദ്ധമായോ കേടുവരുത്തിയതു കൂടിയാവുമ്പോൾ പിന്നെ അതിനെയോർക്കാനേ നേരം കാണൂ. തോമസ് അങ്ങനെ ഞാൻ കേടുവരുത്തിയ കണ്ണാണ്. എന്റെ പ്രിയ ചങ്ങാതി.

അവനെ ഞാനെന്തുകൊണ്ട് കൂടുതലായി സ്നേഹിക്കുന്നു എന്ന ചോദ്യത്തിന് എനിക്കു പറയാനുള്ളത് ഇതാണ്:

ഒരു വർഷത്തിലധികമായി മുഴുവൻ സമയവും ഞാനെന്റെ ജീവിതം പങ്കിട്ടത് അവന്റെ കൂടെയായിരുന്നു. എന്റെ കണ്ണുകൾക്കു മുമ്പിലാണ് അവൻ ഉണരുകയും ഉറങ്ങുകയും ഉണ്ണുകയും ചെയ്തത്. ഞങ്ങൾ തമ്മിൽ ഒരുമിച്ചായിരുന്നു യാത്രകൾ. അവനെനിക്ക് അവനാകുന്നതെല്ലാം തന്നു; അവനുള്ളത് മുഴുവനും.

എന്നാൽ ഒന്നുകൂടി പറയട്ടെ ഒരുമിച്ചുള്ളതിനെക്കാൾ വേർപിരിഞ്ഞ കന്നപ്പോഴാണ് ഞാനവനെ കൂടുതൽ സ്നേഹിച്ചത്. അല്ലെങ്കിൽ അവനെ ഞാനെന്തുമാത്രം സ്നേഹിച്ചിരുന്നു എന്ന് എനിക്കു മനസിലാക്കാൻ കഴിഞ്ഞത് അപ്പോഴായിരുന്നു. ഒരുമിച്ച് യാത്ര ചെയ്തവനെ പിന്നീട് മറന്നുപോയേക്കാം. പക്ഷേ ഒരുമിച്ച് ഒരിക്കലെങ്കിലും അന്തിയുറങ്ങിയവനെ ഒരിക്കലും മറക്കാൻ കഴിയില്ല. അവന്റെ സ്നേഹസുഗന്ധത്തെ മായ്ച്ചുകളയാനും ആവില്ല.

ഏതൊക്കെ രീതിയിലാണ് ഞാനവനെ വേദനിപ്പിച്ചിട്ടുള്ളതെന്ന് വലിയ നിലവിളിയോടെയേ എനിക്കിപ്പോൾ ഓർമിക്കാൻ കഴിയൂ. ശരീരത്തിലും മനസിലും ആത്മാവിലും ഹൃദയത്തിലും ഞാൻ അവനിലേല്പിച്ച മുറിവുകൾ... വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും പെരുമാറ്റംകൊണ്ടും എഴുത്തുകൊണ്ടും... അതൊക്കെയും സ്നേഹക്കൂടുതൽ കൊണ്ടായിരുന്നു എന്ന ന്യായീകരണം എന്നെ കുറ്റവിമുക്തനാക്കുന്നുമില്ല.

അപ്പോഴും അതിനോടൊന്നും അവൻ ഒട്ടും അസഹിഷ്ണുത കാട്ടിയില്ല എന്നതാണ് സത്യം. അതാണ് അവനെ വലുതാക്കുന്നതും. അവനിൽനിന്നും അവനോടും എത്ര കൂട്ടുകയും കുറയ്ക്കുകയും ചെയ്തിട്ടും കുറയുന്നത് അവനല്ല ഞാനാണ് എന്നതാണ് ഞാനവനിൽനിന്ന് കണ്ടെത്തിയ പുതിയ പാഠം. കാലം തെളിയിക്കാൻ എനിക്കും അവനും ഇടയിൽ ഇനി സ്നേഹത്തിന്റെ അഗ്നിപരീക്ഷകളൊന്നുമില്ല.

പ്രിയ ചങ്ങാതീ, നീയീ കുറിപ്പുകൾ വായിക്കുമ്പോൾ ഒന്ന് തിരിച്ചറിയുക... നിനക്കു മേലുള്ള എന്റെ എല്ലാ കുറ്റാരോപണങ്ങളും തെറ്റായിരുന്നുവെന്നും ഞാനവയെല്ലാം പിൻവലിക്കുന്നുവെന്നും. നിന്റെ സ്നേഹത്തിലും സൗഹൃദത്തിലും എന്നെ ഒന്നാമനായി ചേർക്കുക എന്ന ബാലിശ

www.malankaralibrary.com

മായ പിടിവാശി കൊണ്ടായിരുന്നു അതൊക്കെ... ഇപ്പോൾ പിടിവാശികളും സിദ്ധാന്തങ്ങളും ഉപേക്ഷിച്ച് അമ്മയുടെ പിന്നാലെവരുന്ന കുഞ്ഞെന്നപോലെ നിന്റെ പിന്നാലെതന്നെ ഞാൻ വരുന്നു. ആസക്തമായ നിന്നെക്കുറിച്ചുള്ള എല്ലാ ഓർമകളും വിട്ടെറിഞ്ഞ് എന്റെ മനസിപ്പോൾ ശാന്തത കൈവരിക്കുന്നത് ഞാനറിയുന്നു. കണ്ണ് നിറഞ്ഞ്, ഇടനെഞ്ച് പൊടിഞ്ഞ് എന്നെ ചേർത്തണച്ച് അന്നു നീ എന്റെ നെറ്റിയിലേകിയ ചുംബനം അതിന്റെ എല്ലാ വിശുദ്ധിയോടും കൂടി ഞാനിതാ നിനക്ക് മടക്കിനല്കുന്നു... ഇനി നിനക്കായി എനിക്ക് നല്കാൻ നേരിന്റെ ഈ അക്ഷരക്കൂട്ടുകൾ മാത്രം.

ജീവിതത്തിന്റെ പെരുവഴിയിൽ ആരൊക്കെ എന്നെ ഉപേക്ഷിച്ചാലും ടോമിയെന്നെ ഉപേക്ഷിക്കില്ലെന്ന് ഞാനുറച്ച് വിശ്വസിക്കുന്നു. എന്നെ പിരിഞ്ഞിട്ട് അവന് ജീവിതമില്ലെന്ന അഹന്തയുമുണ്ടെനിക്ക്. ആരവങ്ങളോ വിളംബരമോ ഇല്ലാത്ത സ്നേഹത്തിന്റെ ആഘോഷമാണവൻ. സ്നേഹത്തെക്കുറിച്ചോ സൗഹൃദത്തെക്കുറിച്ചോ അവനെന്നോട് ഒരുവാക്കും ഇന്നേവരെ മിണ്ടിയിട്ടില്ല. പരാതികളോ കുറ്റപ്പെടുത്തലോ എനിക്ക് അവനിൽ നിന്ന് ഉണ്ടായിട്ടുമില്ല. എന്നും സൗമ്യതയോടെ കത്തുന്ന നിറദീപം. എന്റെ ആവശ്യങ്ങളിലോരോന്നിനും എത്ര തിടുക്കപ്പെട്ടാണ് അവനോടി വന്നിട്ടുള്ളത്! എന്നാൽ അവന്റെ ആവശ്യങ്ങളിലൊന്നിനും ഞാനവന്റെ ഒപ്പം ഉണ്ടായിരുന്നുമില്ല. എന്തിന് അവന്റെ ഏറ്റവും പ്രിയപ്പെട്ട ഒരാളുടെ മരണത്തിന്റെ ഇരുണ്ടനാഴികകളിൽ മനസ് തുറന്നൊന്ന് ആശ്വസിപ്പിക്കാനോ അവനെ എന്റെ നെഞ്ചിലേക്കു ചേർത്തണയ്ക്കാനോ എനിക്കു കഴിഞ്ഞിട്ടില്ലെന്നത് കുറ്റബോധമായി എന്നെ ഇന്നും മഥിക്കുന്നുണ്ട്.

നാട്ടിലേക്കുള്ള എന്റെ അവധിവഴികളിൽ പ്രകാശിച്ചുനില്ക്കുന്ന വിളക്കുമരങ്ങളിൽ ഒന്ന് അവൻ കൂടിയാണ്. ടോമിയെ കാണണം... അമ്മയെ കാണാൻ കൊതിയാവുന്നതുപോലെ തന്നെയാണതും. ഒരു നേരം അവന്റെ ഫോൺ വന്നില്ലെങ്കിൽ എന്തൊരാകുലതയാണ്! എനിക്കു പിറക്കാതെ പോയ അനിയനാണവൻ. എന്നോ എനിക്കു തോന്നിയിട്ടുണ്ട്, ഞാൻ മരിച്ചു പോയാൽ എന്റെ കൂടപ്പിറപ്പുകൾക്ക് എനിക്കു പകരമായി ഞാനവനെ നല്കുമെന്ന്... അനുഭവങ്ങൾ ഒരുവനെ എത്രത്തോളം ജീവിതം പഠിപ്പിക്കും എന്നു ഞാനറിഞ്ഞതും അവനിൽ നിന്നാണ്.

മറ്റേതൊരു സുഹൃത്തിനെക്കാളുമുപരിയായി എന്നെ ഏതവസ്ഥയിലും ഇവർക്കു സ്വീകരിക്കാൻ കഴിയുമെന്ന അഹങ്കാരവും എന്നിലുണ്ട്.

തോമസ്, ടോമീ... നിങ്ങളെന്നെ ഇടതും വലതും നിർത്തി മുമ്പോട്ടു കൊണ്ടുപോവുക. എനിക്കു കരയാൻ നിങ്ങളുടെ ചുമലുകൾ വേണം.. തല ചായ്ക്കാൻ നിങ്ങളുടെ മടിത്തട്ട് വേണം. നിങ്ങൾ ഭർത്താവോ

www.malankaralibrary.com

അച്ഛനോ ആരുമായിത്തീർന്നുകൊള്ളട്ടെ... അതിനെല്ലാം മുമ്പ് ഞാനല്ലേ നിങ്ങളെ സ്വന്തമാക്കിയത്... ഞാൻ നിങ്ങൾക്കു നല്കിയ സ്നേഹത്തിന്റെ മുറിപ്പാടുകൾ സ്വന്തം നെഞ്ചിൽനിന്ന് നിങ്ങൾക്കെന്നെങ്കിലും മായ്ച്ചു കളയാനാവുമോ?

ചങ്ങാത്തം ഒരു ഉടലാണ്. അതിന് കണ്ണുകൾ മാത്രം പോരാ കൈകളും കാലുകളും വേണം. മറ്റെല്ലാ അവയവങ്ങളും വേണം. അതിനാണെനിക്ക് മറ്റു ചങ്ങാതിമാർ. നടക്കാൻ അവരെനിക്ക് കാലുകളും പ്രവർത്തിക്കാൻ കൈകളും തന്നു. ഇങ്ങനെയും ചിലതൊക്കെ ലോകത്തിൽ നടക്കാറുണ്ടെന്ന് അവരാണെനിക്ക് പഠിപ്പിച്ചത് തന്നത്.

ഏറ്റവും തീക്ഷ്ണവും തീവ്രവുമായി ഞാൻ സ്നേഹിച്ച ആദ്യത്തെ സുഹൃത്ത് - നിയാസ്. സ്നേഹം തിരിച്ചറിഞ്ഞിട്ടും വേദനിപ്പിക്കുന്ന സൗഹൃദത്തിൽനിന്ന് ഓടിപ്പോവുകയും പിന്നെ തിരിച്ചറിവുണ്ടായപ്പോൾ ഞാൻതന്നെ തിരികെയെത്തി മുട്ടുകയും ചെയ്ത സൗഹൃദക്കതകിന് ഷാജിയെന്നു പേർ. ഏറ്റവും ദൈർഘ്യമേറിയ സുഹൃത്തുക്കൾക്ക് ജോസഫ് എന്നും സുനിൽ എന്നും പേർ. വൈദികനായ ഒരു സുഹൃത്തിനെ പേരുവിളിക്കാനുള്ള സ്വാതന്ത്ര്യമുണ്ടെങ്കിൽ അതിന്റെ പേര് സാജു.

ആൺ-പെൺ സൗഹൃദം വിവാഹത്തോടെ അവസാനിക്കുന്നില്ലെന്ന് തെളിയിച്ചുതന്ന സ്നേഹത്തെ ബിൻസിയെന്ന് ഞാൻ വിളിക്കും: സ്മിതയെന്നും. ആണും പെണ്ണും തമ്മിൽ രണ്ട് സൈഡിലുള്ള രണ്ട് ബെഞ്ചുകളിൽ ഇരുന്നു മാത്രമല്ല സൗഹൃദപ്പെടാവുന്നത്, ഒരേ ബസിലും തീയറ്ററിലും ഒരുമിച്ചിരുന്നും തെറ്റിന്റെ തരിപോലും കൂടാതെ കൂട്ടുകൂടാമെന്നും - എന്നെ അത്രമേൽ വിശ്വസിച്ച മറ്റൊരു പെൺകുട്ടിയുണ്ടോ അറിയില്ല - തെളിയിച്ചുതന്ന സാഹോദര്യത്തിന്റെ കൂട്ടുകാരി ദീപ്തി.

അമ്മ കഴിഞ്ഞാൽ തന്റെ പേഴ്സണൽ സോണിൽ എനിക്കു മാത്രം പ്രവേശനം നല്കിയവൻ ഹരി. നല്ലൊരു സ്ഥാപനത്തിലേക്ക് ജോലിക്കായി എന്നെ പറഞ്ഞയ്ക്കുന്നതിൽ ഞാൻ കടപ്പെട്ടിരിക്കുന്ന അരുൺ... ഒരോണ രാവിന്റെ ഓർമ എന്നിലുണർത്തുന്നവനെ ഞാൻ അനിലെന്നല്ലാതെ മറ്റെന്താണു വിളിക്കുക? എന്റെ ഓർമകളുടെ ചില്ല കിലുക്കി "എന്നെ മറന്നുവോ"യെന്ന് നീ ചോദിക്കുന്നത് ഞാൻ കേൾക്കുന്നു, ഇല്ല ബിനൂ, നിന്നെയും ഞാനോർമിക്കുന്നു.

തന്റെ സിഗരറ്റ് അപ്പനു കൈമാറി, അപ്പന്റെ കൈയിൽനിന്ന് ബീഡി വാങ്ങി വലിക്കുന്നവൻ - സിബി. എന്റെ മാതാപിതാക്കളെ അവരുടെ രോഗാവസ്ഥകളിൽ എനിക്കു പകരമായും ചിലപ്പോൾ എന്നെക്കാൾ നന്നായും പരിചരിച്ചവൻ.

www.malankaralibrary.com

ചുരുങ്ങിയ ദിനങ്ങൾകൊണ്ട് എന്റെ മനസ് കീഴടക്കുകയും മനസ് എനിക്കു തരുകയും ചെയ്ത് കടൽ കടന്നുപോയവൻ ഷെജി. പിരിഞ്ഞു പോയവരെല്ലാം എന്നെ ഓർത്താലും ഇല്ലെങ്കിലും "എന്റെ മനസിന്റെ മണിമുറ്റത്ത് നിന്റെ കാല്പാടുകൾ എന്നും കാണു" മെന്ന് മൊഴി പറഞ്ഞ ഒരേയൊരാൾ – റോയ്. മേലധികാരി സുഹൃത്തായിക്കൂടെന്നില്ലല്ലോ... ഇനി അയാൾ എന്നെ മറന്നാലെന്ത് ഓർമിച്ചാലെന്ത് ?

നീയൊരു പുരോഹിതനായിരുന്നെങ്കിൽ നീ എത്ര ദൂരത്താണെങ്കിലും അവിടെ വന്ന് ഞാൻ കുമ്പസാരിക്കുമായിരുന്നുവെന്നും ലോകത്തിലെനിക്കേറ്റവും വിശ്വാസമുള്ള വ്യക്തി നീയാണെന്നും പറഞ്ഞവൻ...

മതി, എനിക്കിതൊക്കെ മതി...

എന്റെ ജീവിതത്തിലെ ഓരോ ഘട്ടങ്ങളിലെ ഇരുണ്ട സന്ധ്യകളിലേക്ക് സൗഹൃദത്തിന്റെ, സ്നേഹത്തിന്റെ, സാഹോദര്യത്തിന്റെ, വാത്സല്യത്തിന്റെ, പ്രണയത്തിന്റെ, കരുതലിന്റെ, വിശ്വാസത്തിന്റെ, പരിഗണനയുടെ കൈവിളക്ക് നീട്ടിയവരേ നിങ്ങൾക്കു നന്ദി... നിങ്ങളില്ലായിരുന്നുവെങ്കിൽ എന്റെ ജീവിതം എത്രമേൽ അന്ധകാരാവ്രതമാവുമായിരുന്നു! ശൂന്യവും വിരസവുമാവുമായിരുന്നു...

നിങ്ങളെ ഞാൻ സ്നേഹിക്കുന്നു. എന്നും സ്നേഹിക്കുകയും ചെയ്യും. നിങ്ങളെന്നെ കൈവിടാതിരിക്കുക... എന്റെ ചെറിയ ചെറിയ പിടിവാശികൾക്കും കുറുമ്പുകൾക്കും നേരെ നിങ്ങൾ നിത്യമായി വാതിൽ കൊട്ടിയടയ്ക്കാതിരിക്കുക... മഴ നനഞ്ഞും വെയിൽ കൊണ്ടും പാറിപ്പോയ ഒരു പട്ടം കണക്കെ കാറ്റിൽ ഞാൻ വരുമ്പോൾ നിങ്ങളെന്നെ കരുണാപൂർവ്വം, ഹൃദയംഗമമായി സ്വീകരിക്കുക...

◆

www.malankaralibrary.com

# 11

## ചക്കക്കുരു

**വെ**ളുത്ത ഒരു വസ്തു കൈയിൽ പിടിച്ചുകൊണ്ട് പന്ത്രണ്ടുകാരി കൊച്ചുമകൾ വല്യമ്മച്ചിയോട് ചോദിച്ചു: "വാട്ടീസ് ദിസ്.. സ്റ്റോണാണോ... മുറ്റത്തുനിന്നു കിട്ടിയതാണ്."

വല്യമ്മച്ചിക്ക് കണ്ണിന് ചെറിയ മൂടലുണ്ട്. അതുകൊണ്ട് കൊച്ചുമകൾ നീട്ടിയത് വല്യമ്മച്ചി കൈനീട്ടിവാങ്ങി കണ്ണിനോട് അടുപ്പിച്ചു. ഒന്നു തിരുമ്മി നോക്കിയപ്പോൾ തന്നെ അമ്മച്ചിക്കു സംഗതി അതെന്താണെന്ന് പിടികിട്ടി. വല്യമ്മച്ചി പൊട്ടിച്ചിരിയോടെ പറഞ്ഞു:

"ഇത് ചക്കക്കുരുവല്ലേ..." മുംബൈയിൽ ജനിച്ചുവളർന്ന കൊച്ചുമകൾക്ക് വല്യമ്മച്ചി തന്നെ പരിഹസിക്കുകയാണെന്നാണ് തോന്നിയത്. "ച..ക്ക..ക്കു..രു..വോ.." കൊച്ചുമകൾ തെല്ല് ദേഷ്യത്തോടെ ചോദിച്ചു.

അപ്പോഴാണ് വല്യമ്മച്ചിയോർത്തത്, കൊച്ചുമകൾക്ക് ചക്കയോ പ്ലാവോ എന്താണെന്ന് തിരിച്ചറിയാൻ കഴിയില്ലല്ലോയെന്ന്. അതുകൊണ്ടല്ലേ മുറ്റത്തുനിന്ന് കിട്ടിയത് കല്ലാണെന്ന് അവൾ കരുതിയത്.

പിന്നെ വല്യമ്മച്ചി സമാധാനിച്ചു, കൊച്ചുമകൾ വീടിന് ചുറ്റിനുമുള്ളത് മുറ്റം ആണെന്ന് മനസിലാക്കിയല്ലോ. മുംബൈയിൽ ഫ്ളാറ്റിൽ കഴിയുകയും ലിഫ്റ്റിൽ ഹ്രസ്വസഞ്ചാരങ്ങളും വണ്ടികളിൽ ദീർഘസഞ്ചാരങ്ങളും നടത്തുകയും ചെയ്യുന്ന അവൾക്ക് മുറ്റമെന്ന പേരു വഴങ്ങിയത് തന്നെ അദ്ഭുതം. ബുദ്ധിയുടെ കാര്യത്തിൽ പുതിയ തലമുറ പഴയതിനെക്കാൾ ബഹുദൂരം മുന്നിലാണെന്നതു സത്യം. എങ്കിലും ചില കാര്യങ്ങ

www.malankaralibrary.com

ളിൽ അവർ പഴയവരെക്കാൾ വളരെ പിന്നിലല്ലേ ? എന്തൊക്കെയോ ഈ പുതിയ തലമുറയ്ക്കു നഷ്ടപ്പെടുന്നില്ലേ ?

പിന്നെ വല്യമ്മച്ചി ദീർഘനിശ്വാസത്തോടെ കൊച്ചുമകളുടെ കൈയ്ക്കു പിടിച്ച് പറമ്പിലേക്കു നടന്നു. ഒറ്റയ്ക്കും തെറ്റയ്ക്കുമായി നില്ക്കുന്ന മരങ്ങൾക്കിടയിൽനിന്ന് ഒന്നിനെ തൊട്ടുകാണിച്ച് വല്യമ്മച്ചി കൊച്ചുമകൾക്കു പറഞ്ഞുകൊടുത്തു:

"ഇത് പ്ലാവ്... ഇതിൽ കായ്ക്കുന്നത് ചക്ക... ഇതിന്റെ കുരുവാണ്, നിന്റെ കൈയിൽ കിട്ടിയത്... ചക്കക്കുരു." കൊച്ചുമകൾ അത്ഭുതത്തോടെ പ്ലാവിനെ നോക്കി. അതു ചക്കയുടെ സീസൺ ആയിരുന്നില്ല. അതു കൊണ്ട് ചക്ക ഉണ്ടായിരുന്നുമില്ല.

അതിനു ശേഷം വല്യമ്മച്ചി ഒരു കഥ പറയാൻ തുടങ്ങി...

"കുറെ വർഷങ്ങൾക്ക് മുമ്പാണ്. അപ്പനും അമ്മയും ആറു മക്കളുമടങ്ങുന്ന ഒരു സാധാരണ കുടുംബം ഇവിടെ താമസിച്ചിരുന്നു. പഴയ കാലമല്ലേ... മിക്ക വീട്ടിലും പട്ടിണിയും പരിവട്ടവുമായിരിക്കും... ഈ വീട്ടിലെ സ്ഥിതീം അതുതന്നെ... അവിടുത്തെ രണ്ടാമത്തെ മകളുണ്ടല്ലോ അവൾ ചെറിയൊരു മിടുക്കിയായിരുന്നു. തന്റെയും വീട്ടിലെ മറ്റുള്ളവരുടെയും വിശപ്പടക്കാൻ അവൾ ചില വഴികൾ കണ്ടെത്തിയിരുന്നു. അതിലൊന്ന് ഇതായിരുന്നു. പറമ്പും സ്ഥലവും ഏറെയുള്ള പണക്കാരുടെ വീടുകളിലെത്തി അവരോട് ചക്കസീസണിൽ ചക്ക ചോദിച്ചുവാങ്ങും. കിട്ടുന്ന ചക്ക തലച്ചുമടായി വീട്ടിലെത്തിക്കും. കുറച്ചെടുത്ത് വേവിക്കും. അതിനുള്ള തേങ്ങയും ഏതെങ്കിലും തരത്തിൽ അവൾ സംഘടിപ്പിക്കും. കുറച്ചെടുത്ത് പഴുപ്പിക്കാൻ വയ്ക്കും. കുറെയെടുത്ത് ഉണക്കിവയ്ക്കും. പിന്നെ വേവിക്കാൻ വേണ്ടി... ചക്കക്കുരുവും അതുപോലെ സൂക്ഷിക്കും. മഴക്കാലത്ത് ഈ ചക്കക്കുരു പുഴുങ്ങിത്തിന്നും. ഇങ്ങനെയൊക്കെയാണ് പട്ടിണിയിൽനിന്ന് ആ പെങ്കൊച്ച് കുറച്ചെങ്കിലും തന്റെ വീടിനെ രക്ഷിച്ചിരുന്നത്. അവളെ പിന്നീട് പണക്കാര് വീട്ടുകാർ "ചക്കപ്പെണ്ണ്" എന്നു വിളിച്ചുതുടങ്ങി. പൊക്കം കുറവായതിന്റെ പേരിൽ കൂടപ്പിറപ്പുകളും തമാശയായി വിളിച്ചു, "ചക്കക്കുരു"വെന്ന്. എന്നിട്ടും അവളുടെ അഭിമാനം മുറിഞ്ഞൊന്നുമില്ല. വീട്ടിലെ സാമ്പത്തികസ്ഥിതി തരക്കേടില്ലാത്ത അവസ്ഥയി ലാകുന്നതുവരെ അവൾ ആ പണി തുടർന്നു."

വല്യമ്മച്ചി കഥ പറഞ്ഞു നിർത്തി.

"ആ പെങ്കൊച്ച് ആരാണെന്ന് നിനക്കറിയണോ." വല്യമ്മച്ചിയുടെ പഴങ്കഥയിൽ ലയിച്ചിരുന്ന പെൺകുട്ടി തലകുലുക്കി.

www.malankaralibrary.com

"നിന്റെ അമ്മ... എന്റെ മകള്..." വല്യമ്മച്ചിയുടെ കണ്ണ് നിറഞ്ഞിരുന്നു. അതുകൊണ്ടോ എന്തോ പെൺകുട്ടിയുടെ കണ്ണും നിറഞ്ഞു. ഇന്നേവരെ താൻ കണ്ടിട്ടില്ലാത്ത ചക്ക, തലയിൽ വച്ചുവരുന്ന തന്റെ പ്രായക്കാരിയെ അവൾ വെറുതെ സങ്കല്പിച്ചു. തന്റെ മുഖം തന്നെയാണവൾക്കെന്ന് അവളപ്പോൾ തിരിച്ചറിഞ്ഞു. വല്യമ്മച്ചി പിന്നെ അവളെ കോഴിക്കൂടിനരികിലേക്കും തൊഴുത്തിലേക്കും കൂട്ടിക്കൊണ്ടുപോയി കാഴ്ചകൾ കാണിച്ചുകൊടുത്തു. കോഴിയെന്നാൽ ബ്രോയിലർ ചിക്കനെന്നും പാലെന്നാൽ പായ്ക്കറ്റ് പാലെന്നും കരുതിയിരുന്ന കൊച്ചുമകൾക്ക് അതൊക്കെ അദ്ഭുതമായി. നല്ല നിറമുള്ള കോഴികൾ... ഓമനത്തം തോന്നിക്കുന്ന പശുക്കുട്ടി...

വല്യമ്മച്ചി മുറ്റത്തും തൊടിയിലുമൊക്കെ ഉണ്ടായിരുന്ന ചെടികളെയും അവൾക്കു പരിചയപ്പെടുത്തി. ചെമ്പരത്തി... കോഴിവാലൻ... തിരുഹൃദയച്ചെടി... നന്ത്യാർവട്ടം... ഗന്ധരാജൻ... കൊച്ചുമകളുടെ കണ്ണുകൾക്ക് ചെറിയൊരുത്സവം. വല്യമ്മച്ചി പിന്നീട് തന്റെ മകളോടു ചോദിച്ചു: "നീയെന്താ പഴയ കാര്യങ്ങളൊന്നും കൊച്ചിനു പറഞ്ഞുകൊടുക്കാത്തെ?"

"അതൊക്കെ പറയാനെവിടെയാ അമ്മേ സമയം ? പിന്നെ ഇതൊക്കെ ഇപ്പഴത്തെ പിള്ളേരോടു പറഞ്ഞാൽ അവർക്കതൊന്നും മനസിലാവുകയില്ല. നാലുനേരം വയറ് നിറച്ചു കഴിക്കുന്ന ഇവർക്കെവിടെയാ ദാരിദ്ര്യം? ഇനി പറഞ്ഞാ അതിന്റെ സെൻസിലെടുക്കാൻ കഴിയേം ഇല്ല. ചില കാര്യങ്ങൾ ആർക്കും മനസിലാവില്ലമ്മേ... അനുഭവിച്ചവർക്കല്ലാതെ... പിന്നെ സാമ്പത്തികസ്ഥിതിയിലായിക്കഴിഞ്ഞാൽ, നാലാളറിയുന്ന പേരും മേൽവിലാസവുമുണ്ടായിക്കഴിഞ്ഞാൽ, ദാരിദ്ര്യം പറച്ചിൽ ഇന്നൊരു ഫാഷനുമാ.. ഒന്നുമില്ലായ്മയെ അവർ നന്നായി മാർക്കറ്റ് ചെയ്യും. എനിക്കതിനൊന്നും തീരെ താല്പര്യമില്ല..." മകൾ പറഞ്ഞതിനെ അമ്മ തലകുലുക്കി സമ്മതിച്ചു.

മടക്കയാത്രയ്ക്കിറങ്ങുമ്പോൾ കൊച്ചുമകൾ വല്യമ്മച്ചിയോട് പറഞ്ഞു: "എനിക്കിവിടെനിന്ന് തിരിച്ചുപോകാൻ മനസ് വരുന്നില്ലമ്മച്ചീ..."

അതുതന്നെ മകളും പറഞ്ഞു: "എനിക്കും... എന്തൊക്കെയോ മിസ് ചെയ്യുന്നുണ്ടമ്മേ... ഈ വീട്... പറമ്പ്... ഒന്നുമില്ലായ്മകളുടെ ആ പഴയ കാലം... സന്ധ്യാപ്രാർത്ഥനകൾ... നമ്മളെല്ലാവരും കൂടി ഒന്നിച്ചിരുന്നുള്ള വെടിവട്ടങ്ങൾ... ഒരേ പാത്രത്തിൽ നിന്നുള്ള കഴിക്കലുകൾ... മനസായിട്ടല്ല ഇപ്പോൾ തിരിച്ചു പോകുന്നത്... പോകാതിരിക്കാനാവില്ലല്ലോ... ഇനി ഒന്നു രണ്ടാഴ്ചത്തേക്ക് അവിടെ ചെന്നാലും ഇവിടുത്തെ ഓർമകളായിരിക്കും."മകളുടെ കണ്ണ് നിറയുകയും ചുണ്ടു വിതുമ്പുകയും ചെയ്തു.

"സാരമില്ല മോളെ." കരച്ചിലടക്കി അമ്മ മകളെ ആശ്വസിപ്പിച്ചു.

www.malankaralibrary.com

"നമ്മളെവിടെയായാലും നമ്മള് തന്നെയായിരിക്കുക... പഴയതൊന്നും മറക്കാത്തതുതന്നെ നമ്മുടെയൊക്കെ മനസിന്റെ പുണ്യമല്ലേ... മറ്റുള്ളവരുടെ വേദനയും കഷ്ടപ്പാടും മനസിലാക്കാൻ അതുപകരിക്കും... പിന്നെ നമ്മുടെ കഷ്ടപ്പാടുകളുടെ കഥകൾ മക്കളോട് പറയുന്നതു നല്ലതാ. പറയേണ്ട രീതിയിൽ പറയണമെന്ന് മാത്രം... ജീവിതത്തെ നല്ല രീതിയിൽ ചിട്ടപ്പെടുത്താൻ അതവരെ സഹായിച്ചേക്കും... പോയ് വാ മക്കളേ..."

അമ്മ സന്തോഷത്തോടെ മക്കളെ യാത്ര അയച്ചു. വീടിനെ ഒന്നു കൂടി തിരിഞ്ഞുനോക്കി. കാറിലേക്ക് കയറിയ അവരുടെ നേർക്ക് പ്രിയപ്പെട്ടവരുടെ കരങ്ങൾ യാത്രാമംഗളങ്ങളായി ഉയർന്നു.

◆

www.malankaralibrary.com

# 12

## ചെമ്പരത്തിപ്പൂക്കൾ

*സങ്കോചമൊക്കെയൊരുമട്ടിലകന്നുപാരം*
*കെങ്കേമനെന്ന നിലയിലങ്കലഹന്തയോടെ*
*പൂങ്കാവിലാടി വിലസുന്നൊരു ചെമ്പരത്തി*
*നിൻകാര്യമോർക്കിലതിവിസ്മയമാർക്കുമുണ്ടാം*

– സിസ്റ്റർ മേരീ ബെനീഞ്ഞ

**നാ**ലാം ക്ലാസിൽ പഠിക്കുമ്പോഴാണ്... സി.ജർമ്മാനമ്മയായിരുന്നു ക്ലാസ് ടീച്ചർ. അവസാനത്തെ പീരിയഡിന്റെ അവസാന നിമിഷങ്ങൾ പ്രാർത്ഥനകൾ പഠിപ്പിക്കാനും നല്ല കാര്യങ്ങൾ പറഞ്ഞുതരാനുമായി സിസ്റ്റർ നീക്കിവച്ചിരുന്നു. വി. ഗീവർഗീസിനോടുള്ള പ്രാർത്ഥന പഠിച്ചത് അങ്ങനെയാണ്.

അക്കൂട്ടത്തിൽ സിസ്റ്റർ ഒരു കാര്യം കൂടി പറഞ്ഞുതന്നു: “ഈശോയെ സ്നേഹിക്കാൻ, ഈശോയുടെ സ്നേഹം കിട്ടാൻ ഒരെളുപ്പവഴിയുണ്ട്. ഈശോയ്ക്ക് എല്ലാ ദിവസവും പൂക്കൾ പറിച്ചുവയ്ക്കുക... വളരെ നിസ്സാരമായതും എന്നാൽ ഏറെ പുണ്യപ്പെട്ടതുമായ കൊച്ചുപ്രവൃത്തിയാണത്...”

ആദ്യമായി വി. കുർബാന സ്വീകരിച്ച സമയം കൂടിയായിരുന്നുവത്. അതിനാലാവണം ഈശോയോടുള്ള സ്നേഹം അദമ്യമായി മനസിൽ നിറഞ്ഞു നിന്നിരുന്നു. ദിവസവും രാവിലെ പള്ളിയിൽ പോക്കും വി. കുർബാന സ്വീകരണവുമൊക്കെ അതിന്റെ ഭാഗമായിരുന്നു. അക്കൂട്ടത്തിൽ ടീച്ചറിന്റെ ഈ നിർദ്ദേശം കൂടി കേട്ടതോടെ ഏറെ സന്തോഷമായി. വീട്ടിലെ, വാതിൽപ്പടിക്കു മുകളിൽ വച്ചിരിക്കുന്ന വിശുദ്ധരൂപങ്ങൾക്ക് പൂക്കൾ പറിച്ചു വയ്ക്കാൻ തുടങ്ങിയത് അങ്ങനെയാണ്.

www.malankaralibrary.com

(അന്നു വീട്ടുമുറ്റത്ത് നിറയെ ചെമ്പരത്തിയും കോഴിവാലനും ആദവും ഹവ്വയുമൊക്കെയുണ്ടായിരുന്നു. കാലം കടന്നതോടെ മാറുന്ന സംസ്കാരത്തിന്റെ ഭാഗമായി വീട്ടുമുറ്റത്തുനിന്ന് അത്തരം ചെടികളൊക്കെ അപ്രത്യക്ഷമായി. ഇന്ന് പലവീട്ടുമുറ്റങ്ങളിൽ നിന്നും ഇത്തരം ചെടികൾ കുറ്റിയറ്റ് പോയിട്ടുണ്ടെന്നാണ് തോന്നുന്നത്. അല്ലെങ്കിൽ തികച്ചും ഗൃഹാതുരത്വം ഉണർത്തുന്ന ഒന്നായി ഈ ചെടികൾ മാറിയിരിക്കുന്നു).

കുട്ടിക്കാലത്തിന്റെ നിഷ്ക്കളങ്കതയിലും ആത്മാർത്ഥതയിലും അതേ തീവ്രതയിൽ കുറെ വർഷങ്ങൾ കൂടി ഞാൻ ഈശോയ്ക്ക് പൂവയ്ക്കൽ തുടർന്നിരുന്നു. ചെമ്പരത്തിപ്പൂക്കൾ. പിന്നീട് ആത്മാർത്ഥതയും തീവ്രതയും കുറഞ്ഞു. അതൊരു ദിനചര്യപോലെയായി. എന്നിട്ടും പതിവു തെറ്റിയിട്ടില്ല.

പറഞ്ഞു വരുന്നത് അതല്ല. ഞാൻ പൂക്കൾ പറിച്ചുവയ്ക്കുന്നത് കണ്ടുവളർന്ന കൂടപ്പിറപ്പുകളുടെ മക്കൾ ഇപ്പോൾ ആ പ്രവൃത്തി സ്നേഹത്തോടെ ഏറ്റെടുത്തിരിക്കുന്നുവെന്നതാണ്. മുറ്റത്തൊരു പൂ കണ്ടാൽ അല്ലെങ്കിൽ മറ്റെവിടെയെങ്കിലും പൂ കണ്ടാൽ അത് പറിച്ചെടുത്തു കൊണ്ടു വന്നിട്ടു പറയും: "ഈശോയ്ക്കുള്ള പൂവാ... ഇതുവയ്ക്ക്..."

ഇന്നെന്നിൽനിന്ന് ആ പഴയ വിശ്വാസവും സ്നേഹവും നഷ്ടമായിട്ടും കുട്ടികൾ ഇങ്ങനെ പൂവുമായി സമീപിക്കുമ്പോൾ എന്റെ മനസിൽ വല്ലാത്ത സന്തോഷം അനുഭവപ്പെടാറുണ്ട്. തലമുറകളിലൂടെ ഈ ചെറിയ മാതൃക ആവർത്തിക്കപ്പെടുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. മാറിയ ജീവിത ചുറ്റുപാടുകളും മാറിക്കൊണ്ടിരിക്കുന്ന ജീവിതസാഹചര്യങ്ങളും ചിലപ്പോൾ ഈ കുട്ടികൾക്ക് അവരുടെ പ്രവൃത്തിയിൽ തടസം വരുത്തിയേക്കാം. എങ്കിലും വീട്ടുമുറ്റത്ത് ഒരു പൂവ് നില്ക്കുന്നത് കാണുമ്പോൾ അവർ പഴയ കാലം ഓർമിച്ചേക്കാം. നാളെ അവർ തന്റെ കുഞ്ഞുങ്ങളോട് ഈ മാതൃക പിന്തുടരാൻ ആവശ്യപ്പെടുകയും ചെയ്തേക്കാം.

കുട്ടികൾക്ക് വലിയ കാര്യങ്ങളിൽ മാതൃക കാണിക്കണമെന്നാണ് നമ്മുടെ മിക്കവരുടെയും ധാരണ. ഇതു ശരിയല്ല. വളരെ നിസ്സാരമെന്ന് തോന്നുന്ന ചില കാര്യങ്ങളിൽപോലും നമ്മൾ കുട്ടികൾക്ക് ഒരു മാതൃക കാണിച്ചുകൊടുത്താൽ മതി. ഒരു കഷ്ണം സ്പോഞ്ച് വെള്ളം ഒപ്പിയെടുക്കുന്നതുപോലെ നമ്മൾ കാണിച്ചുകൊടുക്കുന്ന ഏതു മാതൃകയും കുട്ടികൾ ഒപ്പിയെടുത്തോളും. നല്ലതു കാണിച്ചുകൊടുത്താൽ അതു കുട്ടികൾക്കും കുടുംബത്തിനും സമൂഹത്തിനും നന്മയായി പരിണമിക്കുന്നു.

സി. ജർമ്മാനാമ്മയുടെ മറ്റു കുട്ടികൾ അവർ പറഞ്ഞതിനെ അന്നോ പിന്നീടോ അവരെ അനുസരിച്ചോ എന്നെനിക്കറിയില്ല. പക്ഷേ

www.malankaralibrary.com

ഇന്നും അവധിക്കു ചെല്ലുമ്പോൾ പോലും ഞാൻ ഈശോയ്ക്കു ചെമ്പരത്തിപ്പൂക്കൾ പറിച്ചുവയ്ക്കാറുണ്ടെന്നതാണ് കൗതുകം.

ആദ്യമായി എന്റെ വീട് സന്ദർശിക്കാനെത്തിയ കൂട്ടുകാരന് വീട് തിരിച്ചറിയാൻ എളുപ്പമായ അടയാളവും അതായിരുന്നു. വാതിൽപ്പടിക്ക് മുകളിലെ വിശുദ്ധ രൂപങ്ങൾക്ക് മുമ്പിൽ വച്ചിരിക്കുന്ന ചെമ്പരത്തിപ്പൂക്കൾ. പിന്നീട് ജനിച്ചുവളർന്ന ആ വീടും സ്ഥലവും വിറ്റ് മറ്റൊരിടത്തേക്ക് കുടിയേറാനായി വാതിൽ അടച്ചുപൂട്ടിയിറങ്ങുമ്പോഴും ആ പൂവ് അവിടെയുണ്ടായിരുന്നു. ഇളക്കിമാറ്റിയ വിശുദ്ധ രൂപങ്ങളുടെ ഒഴിഞ്ഞ ഇടത്തിൽ ഒരു നോവോർമ്മ പോലെ വാടിയ ചെമ്പരത്തിപ്പൂ.

◆

www.malankaralibrary.com

# 13

# ജന്മദിനം

*ഓർമിച്ചുവയ്ക്കാൻ ഒരു ഏപ്രിൽ കൂടി... ഏറ്റവും ദീർഘിച്ച നിശ്വാസംപോലെ ഈ മാസം ഏപ്രിൽ.*

– സി.വി ബാലകൃഷ്ണൻ

**ഓ**രോ ജന്മദിനവും ഓർമിപ്പിക്കുന്നതെന്താണ്? ഞാൻ ഇനിയും ജീവിച്ചിരിക്കുന്നുവെന്നു തന്നെയല്ലേ? ജീവിച്ചിരിക്കുന്നുവെന്ന തിരിച്ചറിയൽ എത്ര ആശ്വാസപ്രദമാണ്!

ആയുസിന്റെ ഒടുങ്ങുന്ന തീരത്തേക്ക് ഒരു ചുവടുകൂടി മുമ്പോട്ടു വച്ചുവെന്നും അതുകൊണ്ടുതന്നെ നന്നായി ജീവിക്കാൻ ഞാനിനിയെങ്കിലും തീരുമാനമെടുക്കണമെന്നും നമ്മളോരോ ജന്മദിനത്തിലും ഓർമവയ്ക്കേണ്ടതുണ്ട്. പക്ഷേ എത്രപേർ അതിനെക്കുറിച്ചോർക്കുന്നു ? എനിക്കുതന്നെയറിയാം ഞാൻ ഇങ്ങനെയൊന്നും ജീവിച്ചാൽപോരെന്ന്... ചില ആസക്തികളോട്... ഉടലിന്റെ ചില പ്രവണതകളോട്... എനിക്കു വിട പറയേണ്ടതുണ്ടെന്ന്... പക്ഷേ എന്റെ അത്തരം ചില ആസക്തികളെ വിട്ടൊഴിയാനാവാതെ സ്വകാര്യതകളിൽ തിളക്കമേറിയ ഒരു സ്വപ്നം പോലെ താലോലിക്കുമ്പോൾ ജീവിച്ചിരിക്കുന്നതിനോടുതന്നെ ഞാൻ നീതികേടു കാണിക്കുകയാണെന്ന് പൊള്ളലോടെ എനിക്കു മനസിലാവുന്നുണ്ട്.

ജീവിച്ചിരിക്കുന്നതിന്റെ നന്ദികളെ അയവിറക്കാൻ പലർക്കും കഴിയാതെ പോകുന്നു. എന്നെക്കാൾ ജീവിതത്തെ സ്നേഹിച്ചിരുന്നവർ... ജീവിക്കാൻ ആഗ്രഹിച്ചിരുന്നവർ... ജീവിതത്തെ സ്വപ്നം കണ്ടിരുന്നവർ... പ്രതിഭാശാലികൾ... അവരൊക്കെ പാതിവഴിയിൽവച്ച് പിൻവാങ്ങിപോയിരിക്കുന്നു. എന്നിട്ടും പിന്നെയും ഞാൻ ജീവിച്ചിരിക്കുന്നു..

www.malankaralibrary.com

ദൈവമേ, നാളെയെക്കുറിച്ച് സ്വപ്നം കാണാൻ നീയെനിക്ക് അവസരം തന്നിരിക്കുന്നു. ഇനിയൊരു ജന്മദിനത്തിന് എനിക്ക് ഊഴമുണ്ടോയെന്നറിയില്ല. എന്നിട്ടും തന്നുപോയ എല്ലാ ജന്മദിനങ്ങൾക്കും വേണ്ടി ഞാനിതാ നിന്നോടു നന്ദിപറയുന്നു.

നാലു പെണ്ണും ഒരാണും മക്കളായി ഉണ്ടായിരിക്കെ അകാലത്തിൽ വീണ്ടും ഗർഭിണിയായപ്പോൾ അമ്മ തീർച്ചയായും പരിഭ്രമിച്ചിരിക്കണം. ഇനി ജനിക്കാൻപോവുന്നതും പെൺകുഞ്ഞായിരിക്കുമോയെന്ന ആകുലതകൂടി അമ്മയിൽ കലർന്നിരിക്കണം. അമ്മയുടെ ആരോഗ്യം അപ്പോഴേക്കും ദുർബലമായിക്കഴിഞ്ഞിരുന്നു. വീട്ടിൽ പ്രസവിച്ചിരുന്ന അമ്മയെ മിഡ് വൈഫും ഉപേക്ഷിച്ചപ്പോഴാണ് അകാലജാതനായ എനിക്കുവേണ്ടി അമ്മ ആശുപത്രിയിലെത്തിയത്.

ഓരോ ജനനത്തിനു പിന്നിലും എത്രയെത്ര കരങ്ങളാണ് നൂലിഴ കോർക്കുന്നതെന്ന് കൃതജ്ഞതയോടെ ഇവിടെയൊക്കെയാണ് നമ്മൾ ഓർമിക്കേണ്ടത്.

മണിക്കൂറുകൾക്ക് മുമ്പ് ലേബർ റൂമിൽ പ്രവേശിപ്പിച്ച തന്റെ ഭാര്യമാത്രം ഇനിയും പ്രസവിച്ചില്ല. അതിനുശേഷം വന്നവരൊക്കെ പ്രസവിച്ചുവെന്ന് നഴ്സുമാരോട് അസഹിഷ്ണുതപ്പെടുന്ന ശുദ്ധനായ ഒരു ഗ്രാമവാസി ഭർത്താവിനെക്കുറിച്ച് പറഞ്ഞുകേൾക്കുന്ന ഫലിതം പിറവികൾക്കുപോലും ചില ഊഴങ്ങളുണ്ടെന്നാണ് ലേബർ റൂമിനു വെളിയിൽ നില്ക്കുമ്പോൾ നമ്മളെ ഓർമപ്പെടുത്തുന്നത്. അതുപോലെ ജനിക്കുന്ന കുട്ടി ആണോ പെണ്ണോ ആകുന്നതും നിയതമായ ചില ക്രമങ്ങളുടെ ഭാഗമായിത്തന്നെയാണ്.

ജീവിതത്തിൽ ഒരേയൊരു ജന്മദിനമേ ആഘോഷിക്കാൻ ആഗ്രഹിച്ചിട്ടുള്ളൂ. അതു പതിനേഴാം ജന്മദിനമായിരുന്നു. പക്ഷേ അന്നെനിക്കതിനു കഴിഞ്ഞില്ല. ഏതാനും വർഷങ്ങൾക്കു ശേഷം – ഇരുപതിലോ ഇരുപത്തിരണ്ടിലോ – പതിനേഴ് മെഴുകുതിരികൾ കത്തിച്ച് കാലത്തെ പിന്നിലേക്ക് കൂട്ടിക്കൊണ്ടുപോയി എന്നെത്തെയും വലിയൊരു പിറന്നാൾ സന്തോഷത്തിലേക്ക് ഞാൻ മടങ്ങിപ്പോയി. എന്തായിരുന്നു പതിനേഴിന്റെ പ്രത്യേകതയെന്നോ അതിനോട് എന്തായിരുന്നു മമതയെന്നോ ഇന്നു കൃത്യമായി ഓർക്കുന്നില്ല. ഒരുപക്ഷേ കൗമാരത്തിന്റെ ഏറ്റവും തീക്ഷ്ണവും തീവ്രവുമായ ഒരു വയസ് എന്ന നിറംപിടിപ്പിച്ച ചില കഥകൾ കൊണ്ടാവാം.

ഏപ്രിൽ നല്ല ജന്മമാസമാണെന്ന് ഷേക്സ്പിയറിനെ ഉദാഹരിച്ചുകൊണ്ട് എന്റെ ഒരു സുഹൃത്ത് സാബിച്ചൻ പറയാറുണ്ട്. ഏതുമാസവും ഏതു ദിവസവുമാണ് ജനനത്തിന് അനുയോജ്യമല്ലാത്തതായുള്ളത്?

www.malankaralibrary.com

അതെന്തായാലും ഏപ്രിലിനോട് എന്തോ ഒരു വല്ലാത്ത സ്നേഹമുണ്ട്. കാരണം അതാണെനിക്ക് ജന്മമേകിയത്. അതുകൊണ്ടാണ് "ഏപ്രിലാണേറ്റവും ക്രൂരമാസ"മെന്ന് കവിയോട് ചേർന്ന് പാടാൻ എനിക്ക് കഴിയാത്തതും.

പക്ഷേ ജന്മദിനത്തെക്കാൾ മരണദിനം ഉത്തമമെന്ന് സഭാപ്രസംഗകൻ പറയുന്നതെന്തുകൊണ്ടെന്ന് എനിക്കു മനസിലാകുന്നില്ല. വിരുന്നുവീട്ടിൽ പോകുന്നതിനെക്കാൾ മരണവീട്ടിൽ പോകുന്നതാണ് ഉചിതമെന്നും. എവിടെയോ വായിച്ചതോർമയുണ്ട്, എങ്ങനെ ജീവിച്ചിരുന്നുവെങ്കിലെന്ന് മരണസമയത്ത് വിചാരിക്കുന്നുവോ അതുപോലെ എല്ലായ്പ്പോഴും ജീവിക്കണമെന്ന്. ജന്മദിനത്തെക്കുറിച്ചുള്ള ഓർമ്മകൾ അവസാനിക്കുന്നത് മരണദിനത്തെക്കുറിച്ചായിത്തീരുന്നത് എന്തുകൊണ്ടാണ്?

പരിമിതമായ എല്ലാ ജന്മദിനങ്ങളും എണ്ണിയാലൊടുങ്ങാത്ത മരണദിനത്തിലാണ് അവസാനിക്കുന്നത് എന്നതുകൊണ്ടുതന്നെ. ജീവിതത്തിന്റെ നശ്വരതയെക്കുറിച്ച് ഓർമിപ്പിക്കാൻ. പൊള്ളയായ ആഘോഷങ്ങൾക്കപ്പുറം ജീവിതത്തിന്റെ അന്ത:സത്തയെ തിരിച്ചറിയാൻ...

ഇനി ഞാൻ ജന്മദിനങ്ങളെ വിറയലോടെയേ സമീപിക്കുകയുള്ളൂ... എനിക്കറിയാം ജീവിച്ചിരിക്കുന്നത് ദൈവത്തിന്റെ ചില പദ്ധതികളുടെ ഭാഗമാണെന്ന്... കവർന്നെടുത്തതെന്നും അകാലമെന്നും നാം കുറ്റപ്പെടുത്തുന്ന ചില മരണങ്ങളെല്ലാം ദൈവത്തിന്റെ പുസ്തകത്തിലെ തെറ്റിപ്പോകാത്ത ചില കണക്കുകളായിരുന്നെന്ന്... നമുക്കു ദൈവത്തോട് ഇത്തിരി കാലത്തേക്കു നീണ്ടുനില്ക്കുന്ന ചില പരിഭവങ്ങളല്ലാതെ സ്ഥായിയായി നില്ക്കുന്ന വിദ്വേഷങ്ങളൊന്നും പാടില്ലായെന്ന്...

*ഹാപ്പി ബെർത്ത്ഡേ റ്റു യൂ...*

◆

www.malankaralibrary.com

# 14

# തിരിച്ചുപിടിക്കേണ്ട നന്മകൾ

*നിന്റെ വീടിന് ഞാൻ കല്ലെറിഞ്ഞിട്ടില്ല. ഒരിക്കൽപോലും അവിടുത്തേക്ക് എത്തിനോക്കിയിട്ടില്ല... നിന്റെ തൊടിയിലോ മുറ്റത്തോ വന്നെന്റെ കുട്ടികൾ ഒന്നും നശിപ്പിച്ചിട്ടില്ല... എന്നിട്ടും എന്റെ പ്രിയപ്പെട്ട അയൽക്കാരാ നമ്മുടെ വീടുകൾക്കിടയിൽ പരസ്പരം കാണാനാകാത്ത വിധം എന്തിനാണ് ഇങ്ങനെയൊരെണ്ണം നീ കെട്ടിയുയർത്തിയത് ?*

– പവിത്രൻ തീക്കുനി

**ഉ**ച്ചയ്ക്കു തീർത്തും അപ്രതീക്ഷിതമായാണ് രണ്ട് മൂന്ന് അതിഥികൾ വീട്ടിലെത്തിയത്. അമ്മ വല്ലാതെ പരിഭ്രമിച്ചു. ഭംഗിവാക്കായി ഊണ് കഴിക്കാം എന്നു പറയേണ്ടതാണ്. അതു കേവലം മര്യാദയുമാണ്. ധൈര്യപൂർവ്വം പറയാവുന്നതുമാണ്.

പക്ഷേ അന്നു വീട്ടിലെ അവസ്ഥ തീരെ 'ഭംഗി'യുള്ളതായിരുന്നില്ല. അപ്രതീക്ഷിതമായി കടന്നുവരുന്ന അതിഥികളെ സ്വീകരിക്കാൻ മാത്രം സമ്പന്നമായിരുന്നില്ലെന്ന് ചുരുക്കം. ഉള്ളത് അതിഥികൾക്കു വിളമ്പിയാൽ ഞങ്ങൾ പട്ടിണിയാകുമെന്നതു പോട്ടെ നല്ലൊരു ഊണ് വിളമ്പാൻ മാത്രം പാത്രങ്ങളിൽ ഭക്ഷണവും ഇല്ലായിരുന്നു. ഉള്ളതിനാവട്ടെ ഗുണം കുറവും. അതറിഞ്ഞുകൊണ്ടുതന്നെ അമ്മ പരിഭ്രമത്തോടെ പാചകം ചെയ്തുവച്ചിരിക്കുന്ന പാത്രങ്ങളിലെ മൂടി തുറന്നുനോക്കി. റേഷനരിയുടെ വെളുത്ത ചോറും എന്തോ ഒരു തോരനും മാത്രം.

പെട്ടെന്ന് അമ്മ പെങ്ങളോട് പറഞ്ഞു:

"നീ ഓമനയോട് ചെന്ന് കറി വല്ലതുമുണ്ടെങ്കീ തരാൻ പറ...' അടുക്കളവാതിലിലൂടെ പെങ്ങൾ അയൽവക്കത്തേക്കോടി. ഏതാനും നിമിഷ

www.malankaralibrary.com

ങ്ങൾക്കുള്ളിൽ ഭക്ഷണമേശയിൽ വിഭവങ്ങൾ നിരന്നു. കുത്തരിച്ചോറ്, പുളിശ്ശേരി, തോരൻ, പാവയ്ക്ക വറുത്തത്, പപ്പടം, മാങ്ങാ അച്ചാർ... അടുക്കളവാതില്ക്കൽനിന്ന് അപ്പോൾ അടക്കിനിർത്തിയ ചോദ്യം: "ഇനി വല്ലതും വേണോ..." ഓമനയാണ്. കൈയിൽ രണ്ടു മുട്ട. "വേണ്ട... ഇതു തന്നെ ധാരാളം...' നന്ദിയിലും അഭിമാനം സംരക്ഷിക്കപ്പെട്ടതിലുള്ള സന്തോഷത്തിലും അമ്മ.

വർഷങ്ങൾ ദൈർഘ്യമുള്ള ഈ സംഭവം വീണ്ടും ഓർമ വന്നത് സത്യൻ അന്തിക്കാടിന്റെ പഴയൊരു സിനിമ രണ്ടാം വട്ടം കണ്ടപ്പോഴാണ്. നായിക സമ്പന്നയാണ്. പക്ഷേ ഒരു സാധാരണക്കാരനെ പ്രേമിച്ച് വിവാഹം കഴിച്ചതിന്റെ പേരിൽ അവൾ വീട്ടിൽനിന്നും പുറത്താക്കപ്പെടുന്നു. പിന്നെ അവൾക്ക് കുഞ്ഞു ജനിച്ചതറിഞ്ഞ് സമ്പന്നരായ മാതാപിതാക്കൾ അവളുടെ വീട്ടിലെത്തുന്നു. അവരെ ഇടത്തരം കുടുംബത്തിന്റെ പരിമിതിയിൽ കഴിയുന്ന മകൾക്ക് നന്നായിട്ടൊന്നു സൽക്കരിക്കാൻപോലും അപ്പോൾ കഴിയുന്നില്ല. അവളുടെ അവസ്ഥ മനസിലാക്കിയ നല്ലവളും ദരിദ്ര്യയുമായ അയൽക്കാരി അതിഥികൾക്കായി രഹസ്യത്തിൽ പലഹാരങ്ങളും മറ്റും അവിടെയെത്തിക്കുന്നു.

ഇതു സിനിമയിലെ വെറും സാങ്കല്പികരംഗമല്ല ജീവിതം തന്നെയാണെന്ന് അനുഭവമുള്ള ഏതൊരാൾക്കും മനസിലാവും. കാരണം അതിഥികളെ സൽക്കരിക്കാനായി അയൽവക്കത്തേക്ക് സ്വാതന്ത്ര്യത്തോടെ ഓടിച്ചെല്ലുന്ന, പരസ്പരൈക്യമുള്ള അയൽവക്കബന്ധങ്ങൾ ഒരു കാലത്ത് നിലവിലിരുന്നിരുന്നു. ഒരു സ്പൂൺ കാപ്പിപൊടിക്കുവേണ്ടി, തീർന്നുപോയ പഞ്ചസാരയ്ക്കുവേണ്ടി, വിളക്കിലൊഴിക്കാൻ മണ്ണെണ്ണയ്ക്കുവേണ്ടി... അങ്ങനെ അയൽവീടിനെ സമീപിക്കുന്നതിൽ യാതൊരു മാനക്കേടോ അപമാനമോ ആർക്കും തോന്നിയിരുന്നില്ല.

ഇന്ന് ഞാൻ വാങ്ങുന്നവളാണെങ്കിൽ നാളെ ഞാൻ കൊടുക്കുന്നവളായിരിക്കും എന്നും അങ്ങനെ തുല്യത നിലനിർത്താം എന്നുമുള്ള ദീർഘവീക്ഷണത്തോടെയുള്ള അഭിമാനചിന്തയൊന്നുമായിരിക്കില്ല അവരെ അതിനൊന്നും പ്രേരിപ്പിക്കുന്നത്. മറിച്ച് തങ്ങൾ ഒന്നാണെന്നും അയൽവീട്ടിലെ ഇല്ലായ്മയും നാണക്കേടും തന്റേതുകൂടിയാണെന്നുമുള്ള, സഹായിക്കാൻ സന്നദ്ധതയുള്ള വലിയൊരു മനസു തന്നെയാണ് അങ്ങനെ ചെയ്യാൻ അവരെ പ്രേരിപ്പിച്ചിരുന്നത്.

പക്ഷേ ഇന്നോ... നമ്മുടെ അയൽവക്കങ്ങൾ എത്ര മാറിപോയിരിക്കുന്നു. എനിക്കു തോന്നുന്നില്ല, ഇന്ന് ഏതെങ്കിലും ഒരമ്മ തന്റെ അതിഥിയെ സൽക്കരിക്കാനായി അയൽക്കാരിയുടെ സഹായം തേടി അവളുടെ അടുക്കളയിലേക്ക് തന്റെ മകളെ പറഞ്ഞയ്ക്കുമെന്ന്.. ഇത്തിരി പഞ്ചസാരയ്ക്കും കാപ്പിപ്പൊടിക്കുമായി തന്റെ കുഞ്ഞിനെ അയൽവക്ക

www.malankaralibrary.com

ത്തേക്ക് ഓടിച്ചുവിടുമെന്ന്... തന്നിലേക്കുതന്നെ ചുരുങ്ങാനും മറ്റുള്ളവരുടെ സഹായം തേടുന്നതിൽ വ്യർത്ഥാഭിമാനികളുമായി നമ്മൾ ഓരോരുത്തരും മാറിയിരിക്കുന്നു. ആർക്കും ഉപദ്രവത്തിനോ ഉപകാരത്തിനോ തയാറാവാത്ത, നിർഗുണപരബ്രഹ്മങ്ങളായി നമ്മൾ മാറിയിരിക്കുന്നു.

അപൂർവ്വം ചിലർ, ഉവ്വ്, ഉണ്ടാവാം മേൽപ്പറഞ്ഞവിധത്തിൽ നമുക്കിടയിൽ... ഇല്ലായ്മകളും വല്ലായ്മകളും തനിച്ചു മാത്രം അനുഭവിക്കാം എന്നു കരുതുന്ന അഭിമാനബോധമൊന്നുമല്ല അയൽക്കാരുടെ സഹായം തേടുന്നതിൽനിന്ന് നമ്മളെ വിലക്കിയിരിക്കുന്നത്. നമ്മുടെ ഹൃദയവാതിലുകൾ അടഞ്ഞുപോയിരിക്കുന്നുവെന്നതാണ് സത്യം. സഹായം ചോദിക്കാനും വയ്യ... കൊടുക്കാനും വയ്യ...

അതുപോലെതന്നെ പറമ്പിലുണ്ടാകുന്ന ഫലവൃക്ഷങ്ങളുടെ വിളവ് പരസ്പരം പങ്കിടുന്ന ഒരു നല്ലരീതിയും അന്നു നിലവിലുണ്ടായിരുന്നു. അയൽവീട്ടിലെക്കാൾ ആദ്യം തന്റെ പറമ്പിലെ പ്ലാവാണ് കായ്ക്കുന്നതെങ്കിൽ അതിന്റെ വിളവിന്റെ ഒരു ഭാഗം മറ്റെ വീട്ടുകാർക്ക് അവകാശപ്പെട്ടതായിരുന്നു. മാങ്ങ, തേങ്ങ, ചേന, ചേമ്പ്, കാച്ചിൽ... അങ്ങനെ അദ്ധ്വാനത്തിന്റെ ഓരോ ഭാഗവും മറ്റു വീട്ടുകാർക്ക് കൂടി നീക്കിവയ്ക്കാൻ തയാറുള്ള അന്നത്തെ മനസുകൾ നമുക്കിന്നെവിടെയാണ് കൈമോശം വന്നിരിക്കുന്നത്?

കുട്ടിക്കാലത്ത് ഞങ്ങൾ രണ്ടുമൂന്ന് വീട്ടുകാർ ഒരുമിച്ചായിരുന്നു സെക്കന്റ് ഷോയ്ക്ക് പോകാറുണ്ടായിരുന്നത്. ആകെ പത്തിരുപത്തഞ്ച് അംഗങ്ങളുണ്ടാവും. സെക്കന്റ് ക്ലാസ് ടിക്കറ്റായിരിക്കും എപ്പോഴും. നല്ല രസകരമായിരുന്നു രാത്രിയിലെ അത്തരം കാൽനടയാത്രകൾ... കണ്ട സിനിമയെക്കുറിച്ച് ചർച്ച ചെയ്തും കാണാൻ പോകുന്ന സിനിമയെക്കുറിച്ച് പ്ലാനിട്ടും അതിനിടയിൽ ഇത്തിരി പരദൂഷണവും ഇത്തിരി മേനിപറച്ചിലും... ഇന്ന് ഏതെങ്കിലും കുടുംബങ്ങൾ ഇത്തരം യാത്രകൾ നടത്താറുണ്ടോ? അറിയില്ല...

ഒന്നറിയാം... നമ്മുടെ അയൽവക്കങ്ങൾ വളരെയധികം മാറിപ്പോയിരിക്കുന്നു. എന്നിട്ടും സോറീ, ഒരു തിരിഞ്ഞുനടപ്പിനു സാധ്യതയുണ്ടെന്ന് ഞാൻ തീരെ പ്രതീക്ഷിക്കുന്നുമില്ല.

◆

www.malankaralibrary.com

# 15

# നീ തന്നെ ജീവിതം സന്ധ്യേ...

**അ**ങ്ങനെ ആ സന്ധ്യയും മാഞ്ഞുപോയി. ഇനി അവൾക്ക് ഉഷസില്ല. ഏറെ വേണ്ടപ്പെട്ടവരുടെയോ പ്രിയപ്പെട്ടവരുടെയോ മാത്രം ഓർമകളിൽ നേർത്ത നിലാവായി, നൊമ്പരമായി കുറെ കാലം അവളുണ്ടാവാം. അതിനുശേഷം ക്രമേണ അതും മങ്ങും. ചിലപ്പോൾ ഇതിനകംതന്നെ അവളെ നമ്മളിൽ ചിലരെങ്കിലും മറന്നിട്ടുണ്ടാവാം. ഇനി ഓർക്കുന്നവരിൽ ചിലർ ആ പേരു കേൾക്കുമ്പോഴേ നെറ്റി ചുളിക്കുകയുമാവാം. "ഓ, അവളോ... അവളുടെ കാര്യം കേൾക്കണ്ട" എന്ന്...

പറഞ്ഞുവരുന്നത് അടിമാലിയിലെ-ചെറുതോണിയിലെ, പീഡന ത്തിരയായി ആത്മഹത്യ ചെയ്ത കൗമാരക്കാരിയെക്കുറിച്ചാണ് (2006 നവംബർ). അമ്പതുവർഷം പൂർത്തിയായ സംസ്ഥാനപിറവി ആഘോഷ വേളയിൽ മാധ്യമങ്ങൾക്കു കിട്ടിയ സെൻസേഷണൽ ന്യൂസായിരുന്നുവത്.

സാധാരണക്കാരികളായ പെൺകുട്ടികളുടെ മാനത്തിന് ഇന്നും വിലയില്ലെന്ന് നമുക്കൊരിക്കൽക്കൂടി മനസിലായിരിക്കുന്നു. അതും ജന ങ്ങൾക്കുവേണ്ടി നിലകൊള്ളുമെന്ന് അവകാശപ്പെടുന്ന, സമത്വത്തി ന്റെയും സ്വാതന്ത്ര്യത്തിന്റെയും വിപ്ലവഗാനങ്ങൾ ആലപിക്കുന്ന, പീഡന ങ്ങൾ അടിച്ചമർത്തുമെന്നും പീഡകരെ തുറങ്കിലടയ്ക്കുമെന്നും വീരസ്യം മുഴക്കിയ ഒരു ഭരണകൂടത്തിന്റെ കാലത്താണ് ഇതു സംഭവിച്ചിരിക്കുന്നത്.

സന്ധ്യയെ കുറ്റപ്പെടുത്താനാവും ആളുകളേറെയും ഉണ്ടാവുക. പക്ഷേ അവരോടൊരു ചോദ്യം. ചില സ്വപ്നങ്ങൾ ഉണ്ടായിരിക്കുക എന്നത് അത്രയ്ക്കു തെറ്റാണോ? സ്വപ്നങ്ങൾ കാണുക അപരാധമാണോ? ഒരാളെ വിശ്വസിക്കുക അത്രമേൽ നിന്ദാകരമാണോ?

www.malankaralibrary.com

നല്ല വീട്... സ്വത്ത്... ആദരവ്... പ്രശസ്തി... ആരാധകർ... അതൊക്കെ ആഗ്രഹിക്കുന്നത് സ്വഭാവേനെ ഏതൊരു വ്യക്തിയുടെയും പൊതു സ്വഭാവമാണ്. സന്ധ്യയും അതേ ആഗ്രഹിച്ചിരുന്നുള്ളൂ. സീരിയലിൽ അഭിനയിക്കുക... പ്രശസ്തി നേടുക... പണമുണ്ടാക്കുക... അതിനുള്ള വഴി ഒരുക്കിക്കൊടുക്കാമെന്ന് പറഞ്ഞപ്പോൾ അവളത് വിശ്വസിച്ചു. അങ്ങനെ അവസരം കിട്ടാൻ വേണ്ടി ചില വിട്ടുവീഴ്ചകൾ ചെയ്യണമെന്ന് ആവശ്യപ്പെട്ടിരിക്കാം... അവളത് അനുസരിക്കാൻ നിർബന്ധിക്കപ്പെട്ടിരിക്കാം.

ഒടുവിൽ താൻ ചൂഷണം ചെയ്യപ്പെടുകയോ ചതിക്കപ്പെടുകയോ ആയിരുന്നുവെന്ന് തിരിച്ചറിഞ്ഞപ്പോൾ നീതി തേടി, ന്യായം അവകാശപ്പെട്ട് അവൾ നീതിപീഠത്തിന് മുമ്പിലെത്തി. (ഒരു പക്ഷേ പീഡനത്തിരയായ പെൺകുട്ടി അവൾ തന്നെ നേരിട്ട് നീതിപീഠത്തിനു മുമ്പിലെത്തിയ ആദ്യത്തെ സംഭവവും ഇതാണെന്നു തോന്നുന്നു.)

എന്നാൽ അവിടെയും താൻ അവഗണിക്കപ്പെടുകയായിരുന്നുവെന്ന് മനസ്സിലായപ്പോൾ അവൾക്കു ചെയ്യാവുന്ന ഒരേയൊരു പ്രവൃത്തി അതുമാത്രമായിരുന്നു. ആത്മഹത്യ.

വയനാട്ടിലെ കർഷകരുടെ ആത്മഹത്യപോലെ ഒഴിവാക്കാവുന്നതോ പകരം വയ്ക്കാൻ ഉപാധികളുള്ളതോ ആയ ആത്മഹത്യയായിരുന്നില്ല അത്. ഒരു ഗതികേടുപോലെ, ഒഴിവാക്കാനാവാത്തതുപോലെ മറ്റൊരു തരത്തിൽ പറഞ്ഞാൽ അനിവാര്യമായിരുന്നുവത്.

എന്നുകരുതി ആത്മഹത്യയെ പ്രോത്സാഹിപ്പിക്കുകയോ നീതികരിക്കുകയോ ആണെന്നു കരുതരുത്. സാമ്പത്തികമായും സാമൂഹ്യമായും താഴേക്കിടയിലുള്ള. അറിഞ്ഞോ അറിയാതെയോ ചുവടുകൾ പിഴച്ചുപോയ ഒരു പെൺകുട്ടിക്കു മാന്യമായി പിന്നീട് ജീവിക്കാനുള്ള സാഹചര്യങ്ങൾ... അന്തസ്സോടെ നിവർന്ന് നടക്കാനുള്ള പിന്തുണ, സമൂഹം കൊടുക്കാറുണ്ടോ? കൊടുത്തിട്ടുണ്ടോ?

തുറിച്ചുനോട്ടങ്ങളും അർത്ഥംവച്ചുള്ള സംസാരങ്ങളും വ്യംഗമായ ചില ക്ഷണങ്ങളും പരസ്യമായി നല്കുമ്പോൾ രഹസ്യമായി ചില സങ്കേതങ്ങളിലേക്കുള്ള ക്ഷണങ്ങളും നാം വച്ചുനീട്ടാറില്ലേ? ഗതികേടുകൊണ്ടാണെങ്കിലും താൻ ഉപേക്ഷിച്ചുപോന്ന വഴിയിലേക്കുതന്നെ മടങ്ങാൻ സമൂഹത്തിന്റെ ഇത്തരം ഇടപെടൽമൂലം ഒരു പെൺകുട്ടി തയ്യാറാകുമ്പോൾ, അതിനു മനസാവാതെ, മാനമോർത്തും അപമാനം ഭയന്നും ജീവനൊടുക്കാൻ ഒരു പെൺകുട്ടി തീരുമാനിക്കുന്നതിനെ ഉള്ളിലെ ഇത്തിരി മാനുഷികതവച്ചു വിലയിരുത്തുമ്പോൾ കുറ്റപ്പെടുത്താൻ തോന്നുന്നില്ല. ചില സാഹചര്യങ്ങൾക്കു മുമ്പിൽ മാനത്തെക്കാൾ വലുതല്ല, ജീവൻ... ജീവിതം... ആത്മാവ്... തുടങ്ങിയവയൊന്നും.

www.malankaralibrary.com

കേരളത്തിൽ തരംഗമുണർത്തിയ ഒരു പീഡനസംഭവത്തെ ആസ്പദമാക്കി 2006 വർഷാരംഭത്തിൽ ഒരു മലയാള ചിത്രം പുറത്തിറങ്ങിയിരുന്നു. ലാൽജോസിന്റെ 'അച്ഛനുറങ്ങാത്ത വീട്' അതിന്റെ ക്ലൈമാക്സിനെതിരെ എഴുതിയവരോടെല്ലാം, അതെന്തുകൊണ്ട് അങ്ങനെയൊരു അന്ത്യം നല്കിയെന്ന ചോദ്യത്തിനുത്തരമായി സംവിധായകൻ പറഞ്ഞത് പീഡനകഥ പുറത്തറിഞ്ഞ ഒരു പെൺകുട്ടിയുടെ പില്ക്കാലജീവിതം നമ്മുടെ ഇന്നത്തെ ചുറ്റുപാടിൽ തീരെ ആശാസ്യമല്ലെന്നും അതാണു താൻ പകർത്തിയതെന്നുമാണ്. കടന്നുവന്ന വഴികളിലേക്കുതന്നെ മടങ്ങിപ്പോവുകയേ അവൾക്കു നിർവാഹമുള്ളൂ എന്നും.

പിന്നീടു ചിന്തിച്ചുനോക്കിയപ്പോൾ അതു ശരിയാണെന്നു തോന്നി. ജീവിതം പതറിപ്പോകുകയാണെന്നു ഞെട്ടലുണരുമ്പോൾ, ഇന്നലെ വരെ കണ്ടിരുന്നതുപോലെയല്ല സമൂഹം തന്നെ കാണുന്നതെന്നു മനസിലാവുമ്പോൾ ജീവിതം നഷ്ടമാക്കുകയാണു സന്ധ്യ ചെയ്തത്. നിസ്സഹായതയിൽനിന്നോ പെട്ടെന്നുള്ള ഒരു മാനസികഭാവത്തിൽനിന്നോ ആയിരിക്കാം സന്ധ്യ അപ്രകാരം പ്രവർത്തിച്ചത്.

ജീവിച്ചിരുന്നപ്പോഴോ അവളോട് ആരും നീതി കാണിച്ചില്ല. ഇനി മരിച്ചുകഴിയുമ്പോഴെങ്കിലും അവളുടെ മരണത്തോടെങ്കിലും ആദരവ് പുലർത്തിക്കൂടെ? അതിനെയെങ്കിലും മാന്യതയോടെ നമുക്കു കണ്ടുകൂടെ? ജീവിതം തിരുത്തിയെഴുതാൻ നമ്മുടെ കൂടെ ശാരി (കിളിരൂർ) ഇല്ല, അനഘ (കവിയൂർ) ഇല്ല, ഇപ്പോൾ സന്ധ്യയുമില്ല. സ്വന്തം ജീവിതത്തിൽ നിന്നല്ല മറ്റുള്ളവരുടെ ജീവിതത്തിൽനിന്നാണ് നാം പാഠം പഠിക്കേണ്ടത്. ഈ ഓരോ ജീവിതങ്ങളിൽനിന്നും പാഠം പഠിക്കാൻ നമ്മുടെ സഹോദരിമാർക്ക് കഴിയണം. പൊള്ളയായ വാഗ്ദാനങ്ങളിലേക്കും പ്രലോഭിപ്പിക്കപ്പെടുന്ന മോഹങ്ങളിലേക്കും ഈയാംപാറ്റകളെപോലെ ചെന്ന് ചാടാതിരിക്കുവാൻ... പൊന്നുരച്ചുനോക്കുന്നതുപോലെ മനമുരച്ച് നോക്കാൻ കഴിയില്ലെന്നറിയാം. എങ്കിലും...

ഈ സ്ത്രീകൾ എത്ര പാവങ്ങളാണെന്ന് ചിലപ്പോഴെങ്കിലും തോന്നിയിട്ടുണ്ട്. വാക്കിൽ കുടുങ്ങിയും സ്നേഹനാട്യങ്ങളിൽ മയങ്ങിയും ജീവിതം നഷ്ടപ്പെടുത്തുന്നതു കൂടുതലും ഈ പാവങ്ങളാണല്ലേ? പതറിപ്പോയ ഇത്തരം പാദങ്ങളോട്, ഇടറിപ്പോയ നാദങ്ങളോട് ഇത്തിരിയെങ്കിലും അനുഭാവത്തോടെ ഇടപെടാൻ നമ്മുടെ സമൂഹത്തിനു സാധിക്കില്ലേ? സൂര്യനെല്ലിയിലെ പെൺകുട്ടി ഇന്നും ജീവിക്കുന്നത് കുടുംബത്തിന്റെ ശക്തമായ പിന്തുണയുള്ളതുകൊണ്ടാണെന്നും നാമോർക്കണം. പീഡനത്തിനിരയായ മറ്റൊരു പെൺകുട്ടിയും സാഹചര്യങ്ങളെ ക്രിയാത്മകമായി അതിജീവിച്ചിട്ടില്ലെന്നും.

◆

www.malankaralibrary.com

# 16

# പെരുന്നാളുകൾ

*ഉത്സവങ്ങൾക്കെപ്പോഴും രണ്ടുമാനങ്ങളുണ്ട്. ഈശ്വരനിലേക്ക് മിഴിയുയർത്താനും മനുഷ്യരെ ചേർത്തുപിടിക്കാനും.*

– ബോബി ജോസ് കട്ടിക്കാട്

നമ്മുടെ ആഘോഷങ്ങളൊക്കെ സീസണലാണ്. ഇന്ന കാലം മുതൽ ഇന്ന സമയം വരെയെന്ന് അതിനെ നിശ്ചയപ്പെടുത്തിയിരിക്കുന്നു. ഉദാഹരണത്തിന് നമ്മുടെ പെരുന്നാളാഘോഷങ്ങൾക്കു തുടക്കം കുറിക്കുന്നത് നവംബർ മാസത്തിലാണ്. മിക്കവാറും പെരുന്നാളുകൾ ഏപ്രിലോടെ അവസാനിക്കുകയും ചെയ്യും.

പെരുനാളുകൾക്ക് ഒരു സാമൂഹിക മാനമുണ്ട്. കൂട്ടായ്മയുടെ മുഖമുണ്ട്. അതുകൊണ്ടുതന്നെ പെരുന്നാളുകൾക്കു കാരണഭൂതരായ വിശുദ്ധരുടെ ജീവചരിത്രങ്ങളെക്കാൾ എന്നെ ആകർഷിക്കുന്നത് ഈ കൂട്ടായ്മയുടെ സൗന്ദര്യമാണ്. ഭാഗം വാങ്ങി പിരിഞ്ഞുപോയവരെങ്കിലും സ്വന്തം വീട്ടിൽ നടക്കുന്ന മംഗളകർമ്മങ്ങളിൽ പങ്കെടുക്കാനായി തിരിച്ചുവരുന്നതുപോല തന്നെയാണത്. കാരണം ഇടവക ഒരു തറവാടാണ്. തലമുതിർന്ന കാരണവർ. അയാൾക്കു കീഴിൽ മക്കളും കൊച്ചുമക്കളുമായി അനേകം പേർ. പല കാര്യങ്ങളിലും കാരണവരോടും തറവാടിനോടും വിയോജിപ്പുകളുണ്ടെങ്കിലും നല്ലൊരു കാര്യം വരുമ്പോൾ അതൊക്കെ മറന്ന്, തങ്ങളുടെ സ്വന്തമെന്ന് ഏറ്റെടുത്ത് അതിനെ ഭംഗിയായി നിറവേറ്റുന്നു.

തറവാടുവക സ്വത്തിൽ അർഹതപ്പെട്ടത് കിട്ടാതെ വന്നതോ കാരണവരിൽനിന്ന് അന്യായമായി മുറിവേറ്റതോ ഒക്കെയാകാം ഈ മക്ക

www.malankaralibrary.com

ളുടെ പരിഭവങ്ങൾക്കും സങ്കടങ്ങൾക്കും കാരണം. എങ്കിലും കാര്യം വരുമ്പോൾ ഇവർക്കൊറ്റ മനസ്. ഇതുപോലെയാണ് ഇടവകപ്പെരുന്നാൾ കൂടാൻ എത്ര ദൂരത്തുനിന്നും ആളുകൾ എത്തിച്ചേരുന്നത്. കെട്ടിച്ചയച്ച പെൺമക്കൾ, ഇടവക പിരിഞ്ഞു പോയവർ, ദൂരെ ജോലി ചെയ്യുന്നവർ... അങ്ങനെ പലരും. അതൊരു ഓർമ പുതുക്കലാണ്, കൂടിച്ചേരലാണ്, ആനന്ദം പങ്കിടലാണ്.

"ഞാനിനി പെരുന്നാളിനേ വരൂ" എന്ന് ഒരു മകൻ അമ്മയ്ക്ക് ഫോൺ ചെയ്യുന്നതും "നമ്മളു കഴിഞ്ഞ പെരുന്നാളിനല്ലേ കണ്ടതെ"ന്ന് രണ്ടു കൂട്ടുകാരികൾ കണ്ടുമുട്ടുമ്പോൾ സൗഹൃദം പങ്കിടുന്നതും നാട്ടിൽനിന്ന് ഏറെയകലെ ജോലി നോക്കുന്ന ഒരുവനെ, സുഹൃത്ത് ഫോൺ ചെയ്യുമ്പോൾ തികച്ചും ഗൃഹാതുരത്വത്തോടെ "പെരുന്നാള് എങ്ങനെയുണ്ടായിരുന്നെടാ" എന്നു ചോദിക്കുന്നതുമൊക്കെ പെരുന്നാളുകൾ നമ്മുടെ ജീവിതത്തിന്റ ഭാഗമായതുകൊണ്ടു തന്നെയാണ്.

ഓർമ വച്ച നാൾ മുതൽ മുട്ടുകുത്തിയ പള്ളിയും കൂടിയ പെരുന്നാളുകളും എത്ര വയസ് കഴിഞ്ഞാലും മറക്കാൻ കഴിയുകയില്ല. അതുകൊണ്ടാണ് തുണയും തോഴരും ഇല്ലാതിരുന്നിട്ടും വൃദ്ധയായ ഒരമ്മ ചില പെരുന്നാളുകൾക്ക് ഇന്നും മുടക്കം വരുത്താത്തത്. നഗരത്തിലെ വലിയ തിരക്കുള്ള പെരുന്നാളിന് ഒറ്റയ്ക്കു നടന്നുപോവുന്ന ചില വൃദ്ധരെ കണ്ടിട്ടില്ലേ, ചെറുപ്പക്കാരെക്കാൾ ഒരു പക്ഷേ പെരുന്നാളുകളുടെ ഹൃദയമറിയുന്നത് ഇവരാണെന്ന് തോന്നുന്നു.

(മയ്യഴിപ്പുഴയുടെ തീരങ്ങളിൽവച്ച് പരിചയപ്പെട്ട മൂന്നു വൃദ്ധകളെ ഓർമ വരുന്നു. മലബാറിന്റെ വ്യത്യസ്തമായ മൂന്നു സ്ഥലങ്ങളിൽനിന്ന് മാഹിപ്പെരുന്നാളിന് വന്നവരാണവർ. ഒരു കാലം അവർ ഒരേ നാട്ടുകാരും തൊട്ടയൽവക്കംകാരുമായിരുന്നു. കല്യാണം കഴിച്ചയച്ചതോടെ മൂന്നു പേരും മൂന്നിടത്തായി. എങ്കിലും മാഹിപ്പെരുന്നാളിന് അവർ ഒരുമിച്ച് കൂടുന്നു. മറ്റാരും തുണയുമില്ല. മടങ്ങിപ്പോകാനുള്ള വണ്ടിയെത്തിയപ്പോൾ പരസ്പരം യാത്ര പറഞ്ഞ് വണ്ടികയറിപ്പോയ അവരുടെ ദൃശ്യം ഇന്നും കണ്ണിലുണ്ട്).

പെരുന്നാളുകൾക്കെന്തിനാണ് കലാപരിപാടികൾ, കരിമരുന്ന് കലാപ്രയോഗങ്ങൾ എന്നൊക്കെ തോന്നിയിട്ടുണ്ട്. ആ പണം കൊണ്ട് ഇടവകയിലെ നിർദ്ധനരായ പെൺകുട്ടികളെ വിവാഹം ചെയ്തയച്ചുകൂടെ, വീട് പണിയിച്ചുകൊടുത്തുകൂടെ എന്നൊക്കെയായിരുന്നു വിമർശന മനസാ ചിന്തിച്ചിരുന്നത്. പക്ഷേ പിന്നീടു മനസിലായി, ഈ കലാകാരന്മാർക്കും ജീവിക്കണമെങ്കിൽ ഇങ്ങനെത്തെ ചില പെരുന്നാളുകൾ വേണം, ഉത്സവങ്ങൾ വേണം. പടക്കങ്ങൾ ഉണ്ടാക്കുന്നവർക്കും ഇത്തരം

www.malankaralibrary.com

ആഘോഷങ്ങൾ ജീവിതോപാധിയാണ്. ശൂന്യതയിൽ കത്തി ഒന്നുമല്ലാതായിത്തീരുന്നവയാണ് അവയെങ്കിലും അതിലും ആരുടെയൊക്കെയോ അന്നമുണ്ടെന്ന് തിരിച്ചറിയുമ്പോൾ കണ്ണടച്ച് വിമർശിക്കാനോ ഇതിനെയൊക്കെ നിഷേധി ക്കാനോ കഴിയുന്നില്ല.

പെരുന്നാൾ ചന്തകളിൽനിന്ന് നാം എന്തൊക്കെയാണ് വാങ്ങിക്കൂട്ടുന്നത്? മുറം, പായ്, അങ്ങനെയെന്തെല്ലാം. അവർക്കും പെരുനാൾ വരുമാനമാർഗ്ഗംതന്നെ. പെരുന്നാളിനെ എന്നും ഇഷ്ടപ്പെട്ടിരുന്നത് അതിന്റെ ഇത്തരം ആഘോഷങ്ങൾ കൊണ്ടൊന്നുമായിരുന്നില്ല.

(കൂട്ടുകാരാരും ഇല്ലാതിരുന്ന ഒരു ഘട്ടത്തിൽ പെരുന്നാളുകളെ എന്നും വെറുത്തിരുന്നു. പെരുന്നാൾപ്പറമ്പിൽ കൂട്ടില്ലാതെ നില്ക്കുന്ന ഒരു കുട്ടിയുടെ മാനസികാവസ്ഥ വല്ലാത്തതുതന്നെ. അതുകൊണ്ട് അന്നൊക്കെ പെരുന്നാൾ ഒഴിവാക്കിയിരുന്നു. “പെരുന്നാളിനു പോകുന്നില്ലേ” എന്ന അയൽക്കാരുടെ ചോദ്യം ഒഴിവാക്കാനായി ദൂരെയുള്ള സുഹൃത്തിന്റെ വീട്ടിലേക്കു വണ്ടി കയറുകയായിരുന്നു പതിവ്. പിന്നീടാണ് കൂട്ടും പെരുന്നാളിന് പങ്കെടുക്കലും കലാപരിപാടികൾ ആഘോഷിച്ചു തുടങ്ങിയതും)

മറിച്ച് ബലൂൺ എന്ന ആകർഷണം കൊണ്ടായിരുന്നു. പെരുന്നാളിന് മോഹിച്ചിരുന്നതും വാങ്ങിക്കിട്ടിയിരുന്നതും അതു മാത്രമായിരുന്നു. അമ്പതു പൈസ വിലയുള്ള ആപ്പിൾബലൂൺ. പിന്നെ രാക്കുളി പെരുന്നാളിന് മാത്രം കിട്ടുന്ന കൊമ്പും പാദങ്ങളുമെല്ലാമുള്ള ബലൂൺ കൊണ്ടുള്ള പ്രത്യേകതരം പാവയും.

ഇന്നത്തെ കുട്ടികൾ കൂടുതലായും കാറിനും തോക്കിനും ബൈനോക്കുലേഴ്സിനുമൊക്കെയായി ബഹളം വയ്ക്കുകയും അതൊക്കെ മാതാപിതാക്കൾ വാങ്ങിക്കൊടുക്കുകയും ചെയ്യുമ്പോൾ പഴയകാലം ഞാനോർക്കാറുണ്ട്. ഒരിക്കലും എനിക്ക് ആഗ്രഹം തോന്നാതിരുന്നവ. ഒരുപക്ഷേ കാലഘട്ടത്തിന്റെ മനോഭാവത്തിൽ വന്ന മാറ്റമാവാം കാരണം.

അതെന്തായാലും ഇന്നും ബലൂണുകൾ എനിക്കൊരു ലഹരിയാണ്. അതുകൊണ്ട് ഇത്തവണത്തെ ഇടവകപ്പെരുന്നാളിനും ഞാനാ പഴയ ബലൂൺ വാങ്ങി. ഞാനാ പഴയ കുട്ടിയാകുന്നതുപോലെ...

◆

www.malankaralibrary.com

# 17

## പ്രായം

"**പ്രാ**യം നമ്മിൽ മോഹം നല്കി."

അതെ, ഓരോ പ്രായത്തിൽ നമുക്കോരോ മോഹങ്ങളായിരുന്നു.

കുട്ടിക്കാലത്ത് ഒരു കളിവണ്ടി... ഒരു ബലൂൺ... അല്പം കൂടി പ്രായമെത്തിയപ്പോൾ പുതിയൊരു ഉടുപ്പ്, ബാഗ്. പ്രായം ചെല്ലുന്തോറും മോഹങ്ങൾ വ്യത്യാസപ്പെട്ടു കൊണ്ടിരിക്കുന്നു.

പ്രായം ഒരുവനെ വല്ലാതെ ബാധിക്കുന്നുണ്ട്. പ്രായത്തെക്കുറിച്ചുള്ള ചിന്ത കൊണ്ടുതന്നെ, പ്രായം കൂടുന്നു എന്ന ചിന്ത ആരെയാണ് തെല്ലെങ്കിലും പരിഭ്രമിപ്പിക്കാത്തത്?

മുടിയൊന്ന് കൊഴിഞ്ഞാൽ... നരച്ചാൽ... കൺതടങ്ങൾക്ക് താഴെ കറുപ്പ് പടർന്നാൽ... അതെ ഓരോ ദിവസവും കടന്നുപോകുന്തോറും പ്രായം വർദ്ധിക്കുകയാണ്.

സത്യം, മുപ്പതുകളുടെ തുടക്കത്തിലെത്തി നില്ക്കുന്ന ഒരാളെ പോലും പ്രായത്തെക്കുറിച്ചുള്ള ചിന്ത വല്ലാതെ മഥിക്കുന്നുണ്ട്. പഴയ ചില ആയുർ ദൈർഘ്യസങ്കല്പം വച്ചാണെങ്കിൽ ജീവിതത്തിന്റെ നേർ പാതിയിലെത്തി നില്ക്കുന്നുവെന്നതുകൊണ്ടോ... ഇനി പടിയിറക്കമാണെന്ന് അറിഞ്ഞു കൊണ്ടോ...

മുടി നരച്ചിട്ട് ജീവിച്ചിരിക്കുന്നതിനെക്കാൾ ഭേദം മരിക്കുന്നതാണെന്ന് പറഞ്ഞ ഒരു ബന്ധുക്കാരിയെ ഓർമവരുന്നു. അന്നതിനോട് യോജിക്കാൻ കഴിഞ്ഞിരുന്നില്ല. അഹങ്കാരം എന്ന് മനസിൽ വിധിയെഴുതുകയാണുണ്ടായത്. പക്ഷേ ഇപ്പോൾ അവരെ മനസിലാകുന്നുണ്ട്. അതു

www.malankaralibrary.com

പോലെ തന്റെ വാർദ്ധക്യം നല്കി മകന്റെ യൗവനം ഇരന്നുവാങ്ങിയ യയാതിയെയും. ആർക്കാണ് പ്രായത്തിന്റെ വല്ലായ്മകളെ സ്നേഹിക്കാനാവുക? വൃദ്ധരാവുക എന്നാൽ ജീവിതത്തിന് കുറേശ്ശെ വെളിയിലാവുക എന്നാണർത്ഥം. കൈക്കുമ്പിളിൽ ചേർത്തുവച്ചിട്ടും വിരലുകൾക്കിടയിലൂടെ ചോർന്നുപോകുന്ന പോലെയാണത്. സൗന്ദര്യത്തിന്റെമേൽ ഒരു കാർമേഘം കലരുന്നു... തിരിച്ചുപിടിക്കാനുള്ള ശ്രമം കൊണ്ടാണ് ഒരു പ്രായം കഴിഞ്ഞാൽ പലരും ബ്യൂട്ടിപാർലറുകൾ കയറിയിറങ്ങുന്നത്.

പ്രായമേറിയിട്ടും ഉള്ളിൽ ചെറുപ്പം സൂക്ഷിക്കാൻ കഴിയുക എന്നതൊരു ഭാഗ്യമത്രെ. അധ്യാപകർക്ക്, എല്ലാവർക്കുമല്ല കേട്ടോ – പ്രായം തോന്നാത്തതെന്തുകൊണ്ടാണെന്ന് ചിന്തിച്ചിട്ടുണ്ട്. അടുത്തയിടെയാണ് അത് മനസിലായത്... ഒരദ്ധ്യാപകനെ കാണാനായി കോളജിലെത്തിയപ്പോൾ... അന്ന് അവരുടെ ഓണാഘോഷദിനം കൂടിയായിരുന്നു. എന്തൊരു മേളമായിരുന്നു അവിടെ... അദ്ധ്യാപകർ... അവരെന്നും ഊർജ്ജസ്വലമായ യൗവനങ്ങൾക്കൊപ്പമാണ് ജീവിക്കുന്നത്. ചില ചെറുപ്പക്കാരുടെ ഒപ്പം കഴിഞ്ഞാലും പ്രായമേറിയതുപോലെ തോന്നും. ചില വൃദ്ധരുടെ ഒപ്പമാണെങ്കിൽ ഇനിയും ചെറുപ്പം കൈമോശം വന്നിട്ടില്ലെന്നും...

എത്ര പെട്ടെന്നാണ് ഒരാൾ യൗവനത്തിലാകുന്നത്. എത്ര പെട്ടെന്നാണ് ഒരാൾക്ക് അയാളുടെ യൗവനം നഷ്ടമാകുന്നത്. ഇന്നലെ ഒക്കത്തിരുത്തി എടുത്തു നടന്നിരുന്നവർ ഇടവേളയ്ക്കു ശേഷം കണ്ടുമുട്ടുമ്പോൾ തിരിച്ചറിയാൻ കഴിയാത്തവിധത്തിൽ വളർന്നിരിക്കുന്നു. കുട്ടിക്കാലത്ത് ആരാധനയോടെ ചുറുചുറുക്കിന്റെയും സൗന്ദര്യത്തിന്റെയും പേരിൽ നോക്കിക്കണ്ടിരുന്നവരെ വർഷങ്ങൾക്കുശേഷം കാണുമ്പോൾ ഉള്ളിൽ സൂക്ഷിച്ചിരുന്ന വിഗ്രഹങ്ങൾക്ക് മങ്ങലേറ്റിരിക്കുന്നു എന്നു നെടുവീർപ്പോടെ തിരിച്ചറിയുന്നു.

ജീവിതത്തിലെ ഏറ്റവും കുറച്ചു സമയം മാത്രമാണ് യൗവനത്തിനു വേണ്ടിയുള്ളത്. യൗവനം ഒരു കരുതലാണ്. “സമ്പത്തുകാലത്ത് തൈ പത്ത് വച്ചാൽ ആപത്തുകാലത്ത് കായ് പത്തുതിന്നാം” എന്നു യൗവനം ചില കണക്കുകൂട്ടലുകൾ നടത്തുന്നുണ്ട്. നാളെത്തേക്കു ചില സമ്പാദ്യങ്ങൾ വയ്ക്കേണ്ടത് ഇന്നാവണം.

യൗവനം നീണ്ടുനില്ക്കുന്ന ഒരാഘോഷമല്ല. അത് എട്ടോ ഒമ്പതോ ദിവസം മാത്രം നീണ്ടുനില്ക്കുന്ന ഒരു ഉത്സവം മാത്രമാണ്. കൊടിയിറക്ക് കഴിഞ്ഞാൽ പിന്നെ കാണുന്നതെന്താണ്?

പൊട്ടിയ വളപ്പൊട്ടുകൾ... ചെരിപ്പുകൾ... ഉപേക്ഷിച്ചിട്ട കടലാസുകൾ... കിട്ടിയതും ഇനി തിരിച്ചുപിടിക്കാൻ കഴിയാത്തതുമായ എന്തൊ

www.malankaralibrary.com

ക്കെയോ മനസിൽ അവശേഷിപ്പിച്ചുകൊണ്ടാണ് ഓരോ ഉത്സവവും കൊടിയിറങ്ങുന്നത്. മനസിൽ സന്തോഷമുണ്ടാവും. തീർച്ച. എന്നാൽ അത് ഇത്തിരി ശൂന്യതയും അവശേഷിപ്പിക്കുന്നുണ്ട്. യൗവനവും ഇങ്ങനെയൊക്കെത്തന്നെ... സ്വന്തം യൗവനത്തെക്കുറിച്ച് നെടുവീർപ്പോടെയല്ലാതെ ആർക്കാണ് ചിന്തിക്കാനാവുന്നത്?

യൗവനത്തോട് എന്താസക്തിയായിരുന്നു പണ്ട്. ഒരുപാട് സ്വപ്നങ്ങൾ കരുതിവച്ച്... ഒരാൾ വളരുന്നത് യുവത്വത്തിലേക്ക് പ്രവേശിക്കാൻ വേണ്ടിയാണ്. കാരണം ബാല്യത്തിന്റെയും കൗമാരത്തിന്റെയും ഒരുപിടി അരിഷ്ടതകളിൽനിന്ന് സ്വാതന്ത്ര്യത്തിലേക്കു പോകാനുള്ള ആവേശമാണത്. എന്തൊക്കെയോ ചെയ്യാനും സ്വന്തം കാലിൽ നില്ക്കാനുമുള്ള പ്രാപ്തിക്കുവേണ്ടിയുള്ള ത്വര... അവിടെയെത്തിക്കഴിയുമ്പോഴാണ് മനസിലാവുന്നത് അതൊരു ഉത്തരവാദിത്വമാണെന്നും എന്തൊക്കെയോ നേടുമ്പോഴും ചിലതൊക്കെ നഷ്ടപ്പെടുകയാണെന്നും...

യൗവനത്തിലേക്കല്ല മരണത്തിലേക്കാണ് പ്രായം സഞ്ചരിക്കുന്നത്. യൗവനത്തിൽ എങ്ങനെ ജീവിക്കണം എന്ന ചിന്തയും നല്ലതാണ്... യൗവനം ചിതറിപ്പോകാതെയും പിന്നെ വാർദ്ധക്യത്തിലെത്തി നില്ക്കുമ്പോൾ പശ്ചാത്തപിക്കാൻ അവസരമില്ലാതെയും കഴിയണമെന്നുണ്ടെങ്കിൽ ഒരു മുദ്രപോലെ ഈശ്വരവിചാരം ഹൃദയത്തിൽ നീ വഹിക്കണം.

അതാണു സഭാപ്രസംഗകൻ പറയുന്നത്: "ഒന്നിലും സന്തോഷം തോന്നുന്നില്ല എന്നു നീ പറയുന്ന ദുർദ്ദിനങ്ങളും വർഷങ്ങളും ആഗമിക്കും മുമ്പ് യൗവനകാലത്ത് സ്രഷ്ടാവിനെ സ്മരിക്കുക."

◆

www.malankaralibrary.com

# 18
# പ്രാർത്ഥന

*അവസാനിക്കാത്ത പ്രാർത്ഥനയാകുന്നു ജീവിതം.*

– ബഷീർ

“സമയം 3 മണി. എനിക്കുവേണ്ടി പ്രാർത്ഥിക്കണം.” ചങ്ങാതിയുടെ എസ് എം എസ് വന്നപ്പോൾ പരിഭ്രമമായി. എന്തു പറ്റി അവന്? ഉടനെ തിരികെ വിളിച്ചു:

“എന്നതാടാ... എന്നതാ പ്രശ്നം?” പക്ഷേ വ്യക്തമായ മറുപടി കിട്ടിയില്ല.

“ഒന്നുമില്ലെടാ... മൂന്ന് മണി നേരമല്ലേ... നീ പ്രാർത്ഥിച്ചോട്ടെയെന്ന് കരുതി..”

ആളെ പൊട്ടൻ കളിപ്പിക്കുന്ന മറുപടി. ദേഷ്യം തോന്നി.

“എന്നാ നീ പറയണ്ട...” ഫോൺവച്ചു. എന്തോ ആവശ്യമുണ്ടെന്ന് തീർച്ച. അല്ലെങ്കിൽ അവനെന്തോ പ്രശ്നത്തിൽ പെട്ടിരിക്കുകയാണ്. ഒന്നുമല്ലാത്ത സമയത്ത് ഇങ്ങനെ എസ് എം എസ് അയയ്ക്കുന്ന ആളല്ല. മൂന്നുമണി നേരത്തെല്ലാം മുട്ടുകുത്തി കരുണക്കൊന്ത ചൊല്ലുന്ന വിശ്വാസിയല്ല ഞാനെന്ന് അവനറിയാവുന്നതാണ്. ആ സ്ഥിതിക്ക് അവന് ഇപ്പോൾ പ്രാർത്ഥന അത്യാവശ്യമായിരിക്കുന്ന സന്ദർഭം തന്നെ. എന്നിട്ടും അതെന്താണെന്ന് തുറന്നു പറയാൻ എന്തുകൊണ്ടോ അവൻ തയ്യാറാകുന്നില്ല എന്നേയുള്ളൂ.

www.malankaralibrary.com

പ്രാർത്ഥനയ്ക്കായി മുട്ടുകുത്തുമ്പോഴെല്ലാം അവനും മനസിലുണ്ടായിരുന്നു. അവന്റെ ആഗ്രഹങ്ങൾക്ക് വേണ്ടി ഒരുപാട് പ്രാർത്ഥിച്ചിട്ടുമുണ്ട്. അവന്റെ ആഗ്രഹങ്ങൾ സാധിച്ചത് എന്റെ കൂടി പ്രാർത്ഥനയുടെ ഫലമാണെന്ന് ഉള്ളിൽ അഹങ്കരിക്കുകയും ചെയ്തിരുന്നു.

എന്നിട്ടിപ്പോൾ...

എന്തിനുവേണ്ടി പ്രാർത്ഥിക്കണം എന്നുകൂടി പറയാൻ തയാറാവാത്ത ഒരുവനുവേണ്ടി ഇനിയും ഞാനെന്തിനു പ്രാർത്ഥിക്കണം? ഇല്ല ഇനി അവനുവേണ്ടി പ്രാർത്ഥിക്കില്ലെന്ന് മനസിനെ കഠിനമാക്കി. ഞാൻ പ്രാർത്ഥിച്ചിട്ട് ഇനിയവൻ, അല്ലെങ്കിൽ എന്റെകൂടി പ്രാർത്ഥനകളുടെ പിൻബലത്തോടെ അവനിനി അനുഗ്രഹങ്ങൾ നേടിയെടുക്കണ്ട.

വെറുതെയല്ല ചില പ്രാർത്ഥനകൾ സാധിതമാകുന്നത്. കാരണം പ്രാർത്ഥിക്കുമ്പോൾ മനസിനു നോവുണ്ട്. ചില പ്രാർത്ഥനകളൊക്കെ ഉത്തരം കിട്ടാതെ പോവുന്നത് എന്തുകൊണ്ടാണെന്ന് നീ ചിന്തിക്കണം. വിശദീകരണം ഒന്നേയുള്ളൂ. നോവാതെയും മുറിയാതെയും മുട്ടുകുത്താതെയും തല കുനിക്കാതെയുമാണ് നീ പ്രാർത്ഥിച്ചതെന്ന്...

ഇങ്ങനെയൊക്കെ ചെയ്തിട്ടും ഉത്തരം കിട്ടാത്തതെന്തേ എന്ന് തർക്കുത്തരം ഉന്നയിക്കരുത്. എല്ലാ പ്രാർത്ഥനകൾക്കും ഉത്തരമുണ്ടാവുമെന്ന് ശാഠ്യംപിടിക്കരുത്. ചില മൗനങ്ങൾ... ചില നിഷേധങ്ങൾ... അതു തന്നെയും ചില ഉത്തരങ്ങളാണ്. അതു മനസിലായി വരുമ്പോൾ പ്രാർത്ഥനയ്ക്ക് ഉത്തരം കിട്ടാതെ വരുന്നതിനെക്കുറിച്ച് നമ്മൾ പരാതിപ്പെടില്ല.

ചില പ്രാർത്ഥനകൾക്കിടയിൽ അങ്ങനെയും സംഭവിക്കാം. അതു തന്നെയാണ് അത്തരം പ്രാർത്ഥനകളുടെ നിയോഗവും. ചോദിക്കുകയും ആവശ്യപ്പെടുകയും ചെയ്യുമ്പോഴെല്ലാം എടുത്തുതരാൻ അനന്തകോടി നന്മകളുടെ ഉടയോന് മുൻകൂറായി നമ്മൾ കൊടുത്തേല്പിച്ചിട്ടൊന്നുമില്ലല്ലോ...

ഞാൻ നൊന്തും കണ്ണു നനഞ്ഞും പ്രാർത്ഥിച്ചതിൽ പലതും നേടിയെടുക്കപ്പെട്ടിട്ടുണ്ട്. എന്നാൽ അവയൊന്നും എനിക്കുവേണ്ടിയായിരുന്നില്ല എന്നതാണ് സത്യം. എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ പലപ്പോഴും എനിക്ക് കഴിയുന്നില്ല എന്നു പറയുമ്പോൾ അതൊരിക്കലും മഹത്വമായി തെറ്റിദ്ധരിക്കാതിരിക്കുക.

ദൈവത്തിനു മുമ്പിൽ വാശിപിടിച്ചെന്നും അവകാശത്തോടെ ചോദിച്ചുവെന്നും മറുപടി കിട്ടാൻ നിശ്ചിതകാലപരിധി വച്ചുവെന്നുമൊക്കെ ചിലർ പറഞ്ഞു കേൾക്കുമ്പോൾ എനിക്കത് ഉൾക്കൊള്ളാൻ കഴിയുന്നില്ല. തീർച്ചയായും ഞാനവരെ അവിശ്വസിക്കുകയല്ല... ദൈവവും

www.malankaralibrary.com

അവരും തമ്മിലുള്ള ബന്ധത്തെയോർത്ത് അദ്ഭുതപ്പെടുക മാത്രമാണ് ചെയ്യുന്നത്... ഞാനിനിയും എത്തിച്ചേർന്നിട്ടില്ലാത്ത പ്രാർത്ഥനാദൂരത്തി ലാണ് കഴിയുന്ന തെന്ന് അപ്പോഴാണ് എനിക്കു മനസിലാവുക. അത്രയ ധികം സ്വാതന്ത്ര്യം അവർക്കിടയിലുള്ളതുകൊണ്ടായിരിക്കണമല്ലോ അത്തരമൊരു നിർബന്ധവും വാശിപിടുത്തവും. അയൽവീട്ടിലെ കുടുംബ നാഥന്റെ പിന്നാലെ നടന്ന് ഒരു കുട്ടിയും കളിപ്പന്തിന് വേണ്ടി വാശിപിടിച്ച് കരയാറില്ലല്ലോ...

പ്രാർത്ഥനയെ ചിലപ്പോഴെങ്കിലും അത്ര ഗൗരവത്തോടെ കാണാൻ നമുക്കു കഴിയാറില്ലെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്... ആവർത്തനങ്ങൾ കൊണ്ടോ ദിനചര്യയുടെ ഒരു ഭാഗമായി തീരുന്നതുകൊണ്ടോ ഒക്കെ യായിരിക്കാമത്.

പ്രിയപ്പെട്ട ഒരാൾ ഒരു പ്രസംഗമധ്യേ പറഞ്ഞതുപോലെ വൈദിക നായ ചേട്ടനോട് അങ്ങ് ദൂരെനിന്ന് അനിയൻ വിളിച്ചുപറയുകയാണ് നമ്മുടെ അമ്മ ഗുരുതരാവസ്ഥയിലാണെന്ന്. കേട്ട മാത്രയിൽ മറുപടി “ശരി പ്രാർത്ഥിച്ചോളാം കേട്ടോ” എന്നാണ്. പറഞ്ഞു കഴിഞ്ഞ് ഫോൺ വച്ചതിനു ശേഷമാണ് ഓർമ വരുന്നത് ദൈവമേ അതെന്റെ അമ്മയാ ണല്ലോ എന്തുപറ്റിയെന്ന് ചോദിക്കാൻ പോലും കഴിയാതെ, താനെന്താണ് മറുപടിയായി പറഞ്ഞത്. പ്രാർത്ഥനകളെയും പ്രാർത്ഥനാനിയോഗങ്ങ ളെയും റിക്കോർഡ് ചെയ്ത് വച്ചിരിക്കുന്ന മറുപടികളുമായാണ് നമ്മൾ നേരിടുന്നത്. പ്രാർത്ഥനകളെ, പ്രാർത്ഥിക്കാൻ അപേക്ഷിക്കുന്നതിനെ അങ്ങനെയൊന്നും നിസ്സാരമാക്കിക്കളയരുത്. കാരണം പ്രാർത്ഥന എന്നു പറയുന്നത് ഒരിക്കലും ലാഘവത്തോടെ ചെയ്യാൻ കഴിയുന്ന ക്രിയയല്ല.

നിനക്കുവേണ്ടി പ്രാർത്ഥിക്കാൻ എനിക്ക് കഴിഞ്ഞേക്കും. നിനക്ക് നോവുമ്പോൾ എനിക്കും നോവുന്നുണ്ട്. നിന്റെ സങ്കടങ്ങൾ എന്റേതാണ്... നിന്റെ പുഞ്ചിരിയും അതിന്റെ നേർമ്മയും കാണാൻ ഞാനാഗ്രഹിക്കുന്നു. അപ്പോൾ എന്റെ മനസിലും ശാന്തതയുടെ വെയിൽ പരക്കുന്നു. കാരണം നിന്നെ ഞാൻ സ്നേഹിക്കുന്നു. നീയെനിക്ക് പ്രിയപ്പെട്ടതാണ്.

എന്നാൽ എല്ലാവർക്കും വേണ്ടി എനിക്ക് ഒരേ തീക്ഷ്ണതയോടെ പ്രാർത്ഥിക്കാൻ കഴിയുമെന്ന് സത്യമായും മേനി പറയാൻ എനിക്കു കഴി യില്ല. കാരണം എല്ലാ വേദനകളും എന്നെ നോവിപ്പിക്കാറില്ല... എല്ലാ വരും എനിക്ക് പ്രിയപ്പെട്ടവരുമല്ല...

എന്നിട്ടും ആരൊക്കെയോ പ്രാർത്ഥനകളിൽ ഈയിടെയായി നിറഞ്ഞു തുളുമ്പാറുണ്ടെന്നത് എനിക്ക് അടുത്തകാലത്ത് കിട്ടിയ കൃപയാണ്. അതു കൊണ്ടാവാം ആരുടെയൊക്കെയോ പ്രാർത്ഥനകളിൽ ഞാൻ ഇടം നേടി യിരിക്കുന്നതും. എനിക്കുറപ്പുണ്ട് അനേകരുടെ മനസുകളിൽ ഞാൻ മെഴു

www.malankaralibrary.com

കുതിരിപോലെ കത്തുന്നുണ്ടെന്ന്... അതാണെന്നെ നടത്തുന്നതെന്നും ഞാൻ ബലഹീനതയോടെ തിരിച്ചറിയുന്നു.

എല്ലാ പ്രാർത്ഥനകളും പ്രാർത്ഥിക്കുന്ന രീതികളും അതിൽ തന്നെ തെറ്റൊന്നുമല്ല. എന്നിട്ടും പ്രാർത്ഥനകൾക്കിടയിൽ ഒരു പി.റ്റി മാഷിൽ നിന്നെന്നവണ്ണം കരചലനങ്ങളുടെ ഉയർച്ചതാഴ്ചകളെക്കുറിച്ചും മറ്റും നിർദ്ദേശം വരുമ്പോൾ എന്തുകൊണ്ടാണ് അതു സ്വീകരിക്കാൻ മനസുവരാത്തത്? നിശ്ശബ്ദതയിലും വിജനതയിലും ദൈവത്തിന് മുമ്പിൽ ആരുമറിയാതെ മുട്ടുകുത്തുന്നതാണ് പ്രാർത്ഥനയെന്ന് വിശ്വസിക്കുന്ന ഒരുവനെ ചിലപ്പോൾ ഇത്തരം നിർദ്ദേശങ്ങൾ പാലിക്കാൻ അഹംബോധം സമ്മതിക്കുന്നുണ്ടാവില്ല. ഏതു പ്രാർത്ഥന മെച്ചം ഏതു മോശം എന്ന് ആർക്കു പറയാൻ കഴിയും?

ഏറ്റവും സുന്ദരമായ പദങ്ങൾകൊണ്ടാണ് പ്രാർത്ഥന മാത്രമല്ല പ്രാർത്ഥനയെന്ന വാക്കുപോലും നമ്മൾ ഉച്ചരിക്കേണ്ടത്. എന്നിട്ടും ആ വാക്കിന്റെ സൗന്ദര്യം മുഴുവൻ നഷ്ടപ്പെടുത്തിക്കൊണ്ടാണ് പ്രാർത്ഥനയിൽ നമ്മളേർപ്പെടുന്നത്. അതൊരു വ്യാപാരം പോലും ആവുന്നുണ്ട് ചിലപ്പോൾ. പ്രാർത്ഥനകളുടെ സൗന്ദര്യം നമുക്കെങ്ങനെയാണ് നഷ്ടമാവുന്നത്?

എല്ലാറ്റിനെയും പ്രാർത്ഥനകളോടെ സമീപിക്കാൻ കഴിയുക വലിയൊരു അനുഗ്രഹമാണ്. ബലമായി വച്ചുനീട്ടിയ കയ്പുനീരിനെയും ചോദിച്ചു വാങ്ങിയ വീഞ്ഞിനെയും ധ്യാനാത്മകമായി കൈക്കൊള്ളാൻ കഴിയുന്നതിലും വലുത് മറ്റെന്താണുള്ളത്? വീടിനുവേണ്ടി രാപ്പകൽ പരാതികൂടാതെ അദ്ധ്വാനിക്കുന്ന വീട്ടമ്മയും വീടുപുലർത്താൻ പെടാപാടുപെടുന്ന കുടുംബനാഥനുമൊക്കെ പ്രാർത്ഥനതന്നെയാണ്. ജീവിതം തന്നെ പ്രാർത്ഥനയാക്കി മാറ്റിയിരിക്കുന്നവർ.

എന്തും പ്രാർത്ഥിച്ചുവേണം തുടങ്ങാൻ. എന്തും പ്രാർത്ഥിച്ചുവേണം അവസാനിപ്പിക്കാനും. കുഞ്ഞുനാളിൽ പള്ളിക്കൂടത്തിലേക്ക് പോകുംമുമ്പ് ഈശോയുടെ തിരുഹൃദയത്തിന് മുമ്പിൽ നിർത്തി ഈശോയോട് യാത്ര പറയാൻ പഠിപ്പിച്ച അമ്മ. ജോലിസ്ഥലത്തേക്ക് യാത്ര തിരിക്കുമ്പോൾ പ്രാർത്ഥനാപുസ്തകത്തിലെ 'യാത്രയ്ക്കുമുമ്പു ചൊല്ലാനുള്ള പ്രാർത്ഥന' എന്ന ഭാഗം എടുത്തുനീട്ടി നില്ക്കുന്ന അമ്മ. നിന്റെ പ്രാർത്ഥനകളൊക്കെ രൂപപ്പെട്ടത് എങ്ങനെയാണെന്ന് നീ എന്നെങ്കിലും ചിന്തിച്ചിട്ടുണ്ടോ?

ക്രിസ്തുപോലും പ്രാർത്ഥിച്ചിരുന്നുവെന്ന് ബൈബിൾ. അതിൽ രേഖപ്പെടുത്തിയതിനപ്പുറം ക്രിസ്തു എന്തൊക്കെയായിരിക്കാം പ്രാർത്ഥി

www.malankaralibrary.com

ച്ചിട്ടുണ്ടാവുകയെന്ന ചിന്ത നല്കിയത് സഹപ്രവർത്തകനായ ഒരു സുഹൃത്താണ്... അവനു നന്ദി...

അതെ, ക്രിസ്തു എന്തൊക്കെയായിരിക്കാം പ്രാർത്ഥിച്ചിരിക്കുക ? അതൊരിക്കലും ക്രിസ്തുവിന് വേണ്ടിയായിരിക്കില്ലെന്ന് എനിക്കുറപ്പുണ്ട്. കാരണം ക്രൂശുമരണത്തിന്റെ തീവ്രവേദനയിലും ക്രിസ്തു പ്രാർത്ഥിച്ചത് തന്നെ ദ്രോഹിച്ചവർക്കുവേണ്ടിയായിരുന്നുവല്ലോ ?

ഇനി മുതൽ നീ നിന്റെ പ്രാർത്ഥനകളെ പുതുക്കിപ്പണിയണം. നിന്റെ നേട്ടങ്ങൾക്കും നിന്റെ ആഗ്രഹങ്ങൾക്കും നിന്റെ സ്വപ്നങ്ങൾക്കും വേണ്ടി പ്രാർത്ഥനകളിൽ ഏകാന്തരാകാതെ മറ്റുള്ളവരുടെ മിഴിനീരിന്റെ ഉപ്പുകണങ്ങൾ ഉണ്ണാനും നീ പ്രാർത്ഥിച്ചുതുടങ്ങുക...

സുഹൃത്തിനോടുള്ള നീരസവും ദേഷ്യവുമായി ഞാനിതാ ബൈബിൾ തുറക്കുന്നു. എന്റെ കണ്ണുകൾക്ക് തെളിമ കൂടുതൽ വരുന്നു. ഞാൻ വായിച്ചു തുടങ്ങുന്നു...

*''ജോബ് തന്റെ സ്നേഹിതന്മാർക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ അവനുണ്ടായിരുന്ന ഐശ്വര്യം കർത്താവ് തിരിയെകൊടുത്തു..."*

ജോബിൽ ക്രിസ്തുവും ക്രിസ്തുവിൽ ജോബുമുണ്ടായിരുന്നുവെന്ന പുതിയ പാഠങ്ങൾ എനിക്ക് വെളിവായിക്കിട്ടുന്നു.

സുഹൃത്തേ, മുറിഞ്ഞുപോയ നിലവിളിയോടെ ഞാനിതാ നിനക്കുവേണ്ടി വീണ്ടും മുട്ടുകുത്തുന്നു...

◆

www.malankaralibrary.com

# 19

# ബിജി നൽകിയ വേദന

*ഇപ്പോൾ അവരുടെ മുഖം കരിക്കട്ടയെക്കാൾ കറുത്തിരിക്കുന്നു. തെരുവീഥികളിൽ അവരെ തിരിച്ചറിയാൻ കഴിയുന്നില്ല. അവരുടെ തൊലി എല്ലിനോട് ഒട്ടിയിരിക്കുന്നു. അത് ഉണങ്ങിയ വിറകുപോലെ ആയിരിക്കുന്നു.*

– വിലാപങ്ങൾ

**ഈ** അവധിക്കാലം ബാക്കിവയ്ക്കുന്ന വേദനയെന്താണ് ? ആ വേദന തീർച്ചയായും ബിജിയെ ഓർത്തുള്ളതാണ് ദു:ഖങ്ങളും ദുരിതങ്ങളും ഒരു പാട് പൊള്ളിച്ച ഒരു പെൺകുരുന്ന് അഗ്നിമഴയിൽ സ്നാനം ചെയ്ത് ഭൂമിയും അതു നല്കുന്ന എല്ലാ വേദനകളിലുംനിന്ന് മോചനം പ്രാപിച്ചതിന്റെ... (2006 മെയ് 3 ലെ പത്രങ്ങൾ).

മരണംപോലും അവളോടു ദയ കാണിച്ചില്ല. ജീവിതത്തിലും മരണത്തിലും വേദനകൾ മാത്രം അനുഭവിക്കാൻ ആ കുട്ടി കഴിഞ്ഞ ജന്മത്തിലെങ്കിലും എന്തെങ്കിലും തെറ്റ് ചെയ്തിരുന്നുവോ ആവോ? അല്ലെങ്കിൽ 36 ദിവസം 90 % പൊള്ളിയ ഉടലുമായി അതു നല്കുന്ന എല്ലാ നീറ്റലോടും കൂടി ആശുപത്രിയിൽ അവൾക്കു കഴിയേണ്ടി വരുമായിരുന്നോ?

അപ്പന്റെ അവഗണനയും അമ്മയുടെ തിരസ്ക്കരണവും വലിയമ്മയുടെ പീഡനങ്ങളും ദാരിദ്ര്യവും സഹിക്ക വയ്യാതെ വന്നപ്പോൾ ഒഴിഞ്ഞ ക്ലാസ്മുറിയിൽ മണ്ണെണ്ണയൊഴിച്ച് സ്വയം തീകൊളുത്തിയ പള്ളം സ്വദേശിനിയാണ് ഒമ്പതുവയസുകാരിയായ ബിജി. ദാരിദ്ര്യം മൺമറഞ്ഞ യാഥാർത്ഥ്യമല്ലെന്ന് നമ്മെ ബോധ്യപ്പെടുത്തിയ രക്തസാക്ഷിണി. വിശ

www.malankaralibrary.com

പ്പാണ് ഈ ലോകത്തിലെ ഏറ്റവും വലിയ യാഥാർത്ഥ്യമെന്ന് അങ്ങനെ ഒരിക്കൽക്കൂടി തെളിഞ്ഞിരിക്കുന്നു.

സത്യം, ആ വാർത്ത വായിച്ച ദിവസം മനസ്സ് തീർത്തും അസ്വസ്ഥമായിരുന്നു; ഉറങ്ങാൻ കഴിയാത്ത വിധവും. ഒരിക്കൽപ്പോലും കണ്ടിട്ടില്ല ആ നിസ്സഹായ മുഖം. എങ്കിലും സ്വപ്നത്തിൽ കണ്ട് ഞെട്ടിയുണർന്ന മുഖത്തിന് ജനിക്കാനിടയുള്ള പൊന്നുമകളുടെയോ പ്രിയപ്പെട്ട കൂടപ്പിറപ്പുകളുടെ കുഞ്ഞുമക്കളുടെയോ മുഖമായിരുന്നു.

യാത്രകൾക്കിടയ്ക്കും മറ്റും നീണ്ടുവരുന്ന വൃത്തികെട്ട കുഞ്ഞുകരങ്ങളുടെ മുമ്പിൽ നിന്ന് "തട്ടിപ്പ്" "കള്ളത്തരം" എന്നെല്ലാം ഉള്ളിൽ പിറുപിറുത്ത്, ഒരമ്പതുപൈസ തുട്ട് പോലും വച്ചുകൊടുക്കാതെ മുഖം തിരിച്ചു കളയുന്ന ഹൃദയകാഠിന്യങ്ങളെ തികഞ്ഞ ആത്മനിന്ദയോടെ ഇന്നേരങ്ങളിൽ പഴിക്കാനാവണം നമുക്ക്. എല്ലാവരും ഇങ്ങനെ കരുതിയാൽ ആ പാവം കുരുന്നുകൾക്ക് ആരാണ് വയറുനിറയ്ക്കാൻ ഭക്ഷണം കൊടുക്കുക? നമുക്ക് അമ്പതു പൈസയോ ഒരു രൂപയോ അത്ര വലുതല്ല, അത് ഒറ്റപ്പെട്ടുനില്ക്കുമ്പോൾ. എന്നാൽ ഒറ്റപ്പെട്ട ഇത്തരം അനേകം നാണയങ്ങൾ കൂടിച്ചേരുമ്പോൾ അവർക്കത് എത്ര വലിയ തുകയായി മാറും!

ബസുകളിലും ട്രെയിനിലും മറ്റും കൊട്ടിപ്പാടി ഉപജീവനം കണ്ടെത്താൻ കഴിയുന്ന ചുരുക്കം ചില കുഞ്ഞുങ്ങളുണ്ടാവാം. എന്നാൽ ഭൂരിപക്ഷവും അതിനു കഴിയാത്ത ബിജിമാരാണെന്നതാണ് സത്യം. കുടുംബവും ബന്ധങ്ങളുമൊക്കെയായി കഴിയുന്ന ഇത്തരക്കാരുടെ വൈഷമ്യങ്ങളിലേക്ക് അധികമാരും ശ്രദ്ധ പതിപ്പിക്കാറുമില്ല. വേണ്ടപ്പെട്ടവർ ഉള്ളപ്പോൾ നമ്മളെന്തിന്?

മക്കളെ പരിഗണിക്കാനും അവരെ സ്നേഹിക്കാനും സന്നദ്ധരല്ലാത്ത ഒരു ദമ്പതികളും ജന്മം കൊടുക്കൽ എന്ന പ്രക്രിയയിൽ ഏർപ്പെടരുത്. കാരണം ഉത്തരവാദിത്വമുള്ള ഒരു സ്ഥാനമാണ് 'പേരന്റ്ഹുഡ്.' ആർക്കും വിതയ്ക്കാവുന്നതോ ആർക്കും മെതിക്കാവുന്നതോ ആയ വയൽക്കളമല്ല സന്താനോല്പാദനവും മറ്റും. നിരുത്തരവാദിത്തപരമായ രക്ഷാകർത്തൃത്വമാണ് ബിജിയെ ആത്മഹത്യക്ക് പ്രേരിപ്പിച്ചതെന്ന് അവളുടെ മരണമൊഴി വ്യക്തമാക്കുന്നു.

ഇനിയെങ്ങനെ ആ അച്ഛന് മനസമാധാനത്തോടെ ഉറങ്ങാനാവും? ഇനിയെന്നാണ് ആ അമ്മയ്ക്ക് തന്റെ മകളെ കുരുതികൊടുത്തതിന്റെ കുറ്റബോധത്തിൽനിന്ന് രക്ഷപ്പെടാനാവുക? അച്ഛനും അമ്മയും ഒറ്റപ്പെടുത്തുമ്പോഴും സ്നേഹത്തിന്റെ പാലമൃതൂട്ടുന്ന മുത്തശ്ശിമാരെപോലും അപ്രസക്തമാക്കിക്കളഞ്ഞു ബിജിയുടെ വല്യമ്മ. സ്വന്തം പേരക്കുട്ടിയെ

www.malankaralibrary.com

പട്ടിണിക്കിട്ടും അമിതജോലി കൊടുത്തും പീഡിപ്പിച്ച ആ ദയാരാഹിത്യത്തിന് ദൈവംപോലും മാപ്പു കൊടുക്കുമോ?

ഉച്ചക്കഞ്ഞി വിതരണം എന്തിനാണെന്നും സംശയിച്ചിരുന്നു, അംഗൻവാടികളിലെ മുട്ടവിതരണവും 'ഷേക്ക് ഹാൻഡി'നെയും അങ്ങനെതന്നെയാണ് സംശയിച്ചിരുന്നത്. ജീവിതപ്രാരാബ്ധങ്ങളും പോഷകാഹാരത്തിന്റെ കുറവും ഉണ്ടെങ്കിൽതന്നെ ഇന്നാരും ദിവസങ്ങളോളം ദാരിദ്ര്യം അനുഭവിക്കുന്നില്ലെന്നുമായിരുന്നു ധാരണ. പക്ഷേ ആ ധാരണകളൊക്കെ ഇപ്പോൾ തിരുത്തിയിരിക്കുന്നു. വേണം, നമുക്ക് കൃത്യതയുള്ള, കാര്യക്ഷമമായ ഒരു ഭക്ഷണസംവിധാനം... അഗ്നിയെരിയുന്ന ഉദരവുമായി നമ്മുടെ ഒരു കുഞ്ഞും അക്ഷരപ്പൂട്ടുകൾ തുറക്കാൻ ഇടവരാതിരിക്കട്ടെ. ഒരു കുഞ്ഞുവയറിന്റെ പൊരിച്ചിൽ, ഭക്ഷണത്തോടുള്ള ആർത്തി – ദൈവമേ, മറ്റുള്ളവരുടെ വിശപ്പുകളെക്കുറിച്ച് നാമെന്തറിയുന്നു! നാം ഉച്ഛിഷ്ടമാക്കുന്ന ഭക്ഷണം ആരുടെയൊക്കയോ വയറു നിറയ്ക്കുമായിരുന്നുവെന്ന് പൊള്ളുന്ന സത്യമായി നാം തിരിച്ചറിയണം.

ഇപ്പോൾ ബിജിയെ സംബന്ധിച്ച എല്ലാ വേദനകളും നിലനില്ക്കുമ്പോൾതന്നെ ഒരു ചോദ്യം മനസിൽനിന്നുയരുന്നു. ഒമ്പതുവയസുകാരിപോലും വളരെ ദുരന്തപൂർണ്ണമായ ഒരു മരണം സ്വയംവരിക്കാൻ മാത്രം അത്രമേൽ നിരാശാഭരിതമാണോ നമ്മുടെ ചുറ്റുപാടുകൾ. നമ്മുടെ കുഞ്ഞുങ്ങളെന്തേ ഇങ്ങനെ? എവിടെനിന്നാണ് നമ്മുടെ കുരുന്നുകൾ ഇതൊക്കെ പഠിക്കുന്നത്?

◆

www.malankaralibrary.com

# 20

## സമയം

സമയത്തെക്കുറിച്ച് വേവലാതിപ്പെടുന്നവരാണ് നമ്മളെല്ലാവരും. കടന്നു പോയ സമയമോർത്ത്... വരാനുള്ള സമയമോർത്ത്... ഒന്നും ചെയ്യാതെ പോയ സമയമോർത്ത്... ചെയ്യാൻ കിടക്കുന്ന സമയമോർത്ത്...

മനുഷ്യജീവിതത്തിന്റെ വലിയൊരു ഭാഗവും ഇങ്ങനെ സമയത്തെക്കുറിച്ചുള്ള ആകുലതകളാൽ ബന്ധിക്കപ്പെട്ട് കിടക്കുകയാണ്... ഒട്ടൊരു നിരാശയോടെയും അത്യധികം ഭീതിയോടെയുമാണ് സമയത്തെക്കുറിച്ച് മനുഷ്യൻ ചിന്തിക്കുന്നത്. ഒരുവന്റെ ആയുസുമായി ഏറെ ബന്ധപ്പെട്ട് കിടക്കുന്ന പ്രതിഭാസവും സമയമാണ്.

ഓരോ ദിവസവും ഓരോ മണിക്കൂറും കടന്നുപോവുമ്പോൾ അവൻ മരണത്തിലേക്ക് ഓരോ ചുവട് വയ്ക്കുകയാണെന്ന തിരിച്ചറിവാകാം അവനെ സമയത്തെക്കുറിച്ചാകുലപ്പെടാൻ നിർബന്ധിതനാക്കുന്നത്. നാളെയെക്കുറിച്ച് ഏറെ സ്വപ്നങ്ങൾ കാണുന്നവനുമാണ് മനുഷ്യൻ. എന്നാൽ ആ സ്വപ്നങ്ങൾ എന്നാണ്, എപ്പോഴാണ്, എങ്ങനെയാണ് സഫലമാവുകയെന്ന് അവനറിഞ്ഞൂകൂട. അതുകൊണ്ടാണ് തന്റെ സമയത്തെക്കുറിച്ച് അവൻ പരിഭ്രാന്തനാകുന്നത്.

മറ്റു പലതിനെക്കുറിച്ചുമെന്നപോലെ സമയത്തെക്കുറിച്ച് കൂടി സംസാരിക്കുന്ന ഗ്രന്ഥമാണ് വി. ഗ്രന്ഥം. സമയത്തെക്കുറിച്ച് 'ഓവർ കോൺഷ്യ'സാകുന്ന സാധാരണക്കാരന്റെ മാനസികഭാവങ്ങളോടാണ് വി. ഗ്രന്ഥം ഇങ്ങനെ സാക്ഷ്യപ്പെടുത്തുന്നത്. "അവന്റെ സമയം അവനറിഞ്ഞുകൂട..." എന്ന്.

www.malankaralibrary.com

ക്രിസ്തുവും സമയത്തെക്കുറിച്ച് രേഖപ്പെടുത്തുന്നുണ്ട്. കാനായിലെ കല്യാണവിരുന്ന് തന്നെ ഉദാഹരണം. എന്റെ സമയം ഇനിയും ആയിട്ടില്ലല്ലോയെന്ന് അവിടുന്ന് സന്ദേഹിക്കുന്നത്, സ്വന്തം സമയത്തെക്കുറിച്ചുള്ള ആത്മബോധത്തിൽനിന്നു തന്നെയാണ്.

പിന്നീട് കുരിശുമരണത്തിന്റെ നേരത്ത് അവിടുന്ന് ഇങ്ങനെയും തന്റെ സമയത്തെ കൃത്യപ്പെടുത്തുന്നു. “എല്ലാം പൂർത്തിയായി”യെന്ന്. “എല്ലാം പൂർത്തിയായി”യെന്ന് ഒരാൾ പറയുന്നതിന് തനിക്കു നിജപ്പെടുത്തിയ സമയത്തെ താൻ സ്വാർത്ഥകമാക്കിയെന്ന് തന്നെയാണർത്ഥം. അതായത് തന്റെ ജീവിതംകൊണ്ട് നിറവേറ്റാനായി ഒരാൾക്കു ദൈവം കൊടുത്തിരിക്കുന്ന സമയത്തോട് അയാൾ വിശ്വസ്തത കാണിച്ചിരിക്കുന്നുവെന്ന്.

അതോടൊപ്പം അതു മറ്റൊന്നുകൂടി നമ്മുടെ വിചിന്തനത്തിനായി നല്കുന്നുണ്ട്. സമയം എന്നതു നമ്മുടെ കൈപ്പിടിയിലൊതുങ്ങുന്ന ഒന്നല്ലെന്ന്. അതു ദൈവത്തിനു മാത്രം അറിയാവുന്നതും അവിടുന്ന് മാത്രം സമ്മാനിക്കുന്നതുമാണെന്ന്... വരാൻപോകുന്ന സമയമോർത്ത് ആശങ്കപ്പെട്ടിട്ടു കാര്യമില്ലെന്ന്.

യഹൂദപ്രമാണിമാരെ നിശിതമായി വിമർശിച്ചിട്ടും ക്രിസ്തുവിനെ പിടികൂടാനോ കുരിശുമരണത്തിലേക്കു വലിച്ചിഴയ്ക്കാനോ അവർ തയാറാകാതിരുന്നതിനെക്കുറിച്ച് യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നത്, അപ്പോൾ ക്രിസ്തുവിന്റെ സമയം ആയിരുന്നില്ല എന്നാണ്. ജന്മനിയോഗങ്ങളും മരണവും എല്ലാം ദൈവം തീരുമാനിക്കുന്ന സമയത്തുമാത്രം നിറവേറ്റപ്പെടേണ്ടവതന്നെ. ഈയൊരു തിരിച്ചറിവ് നമുക്കു ലഭിക്കുകയാണെങ്കിൽ സമയത്തെക്കുറിച്ച്, ഭാവിയെക്കുറിച്ച് നാം അത്രയധികം ആകുലപ്പെടുകയില്ല.

എന്നാൽ സമയത്തെക്കുറിച്ച് ആകുലപ്പെടുത്തുന്ന നിരവധി ചുറ്റുപാടുകളിലാണ് നമ്മുടെ ജീവിതം കെട്ടിവരിയപ്പെട്ടിരിക്കുന്നത്. എല്ലാം ദൈവം നന്മയ്ക്കായിട്ടാണ് വരുത്തിയിരിക്കുന്നതെന്ന് ബോധ്യപ്പെടുകയും ഇനിയും ദൈവത്തിന്റെ കൈകളിലേക്ക് സ്വജീവിതവും സ്വപ്നങ്ങളും വച്ചുകൊടുക്കുകയും ചെയ്തിരിക്കുന്ന ഒരുവനെപ്പോലും സമയത്തെക്കുറിച്ച് ബോധവാനാക്കി അവനെ ഉൽക്കണ്ഠാകുലനാക്കുന്ന ചുറ്റുപാടുകൾ അവനെ അവിശ്വാസിയാക്കുന്നുണ്ട്. ഒരുപക്ഷേ ദൈവത്തിൽ നിന്നകലാനും പ്രേരിപ്പിക്കുന്നു.

ഉദാഹരണത്തിന് തൊഴിൽരഹിതനായി നില്ക്കുന്നവനോട്, വിവാഹം നടക്കാത്തവളോട്. സ്നേഹം കൊണ്ടായിരിക്കാം നീ നിന്റെ സമയത്തെക്കുറിച്ച് ചിന്തിക്കാത്തതെന്ത് എന്നോ നിന്റെ സമയം കഴിയാറായല്ലോ

www.malankaralibrary.com

എന്നും കൂടെക്കൂടെ വേണ്ടപ്പെട്ടവർ ഓർമിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ അറിയാതെ ആ മനസിലേക്ക് സമയത്തെക്കുറിച്ചുള്ള അതിരു കടന്ന ചിന്തകൾ കടന്നുവരുന്നു. ചിലപ്പോൾ പിടിച്ചുനില്ക്കാതെ നിരാശതയിലേക്കും ആത്മനിന്ദയിലേക്കും അവർ വഴുതിവീഴുന്നു.

അരുത്, മറ്റുള്ളവന്റെ സമയത്തെക്കുറിച്ച് നീ അവരെ അതിരു കവിഞ്ഞ് ബോധ്യപ്പെടുത്തേണ്ടതില്ല. കാരണം, സമയം നിന്റെയോ അവന്റെയോ പക്കലുള്ളതല്ല, അതു നിനക്കോ അവനോ സ്വന്തമായുള്ളതുമല്ല. പിന്നെയോ എങ്ങനെ, എപ്പോൾ അനുവദിക്കണമെന്ന് തീരുമാനിക്കുന്നത് നിന്റെയും അവന്റെയും ഉടയോനാണ്. അവനു കീഴ്പ്പെടുകയും അവന്റെ സമയത്തിനു കാത്തിരിക്കുകയുമാണ് നിനക്കു ചെയ്യാനുള്ളത്.

പിന്നെ മറ്റൊരുവന്റെ സമയം കടന്നുവരാൻവേണ്ടി അവനു വേണ്ടി പ്രാർത്ഥിക്കുകയും. സമയം ആകാഞ്ഞിട്ടുപോലും മാതാവിന്റെ മാധ്യസ്ഥ്യത്തെ മാനിച്ച് ദൈവത്തിൽനിന്ന് സമയം തിരുത്തി യേശു അദ്ഭുതം പ്രവർത്തിച്ചതുപോലെ... അവനുവേണ്ടി നിനക്കും നിനക്കു നിന്നോടു തന്നെയും ചെയ്യാനുള്ള ഏക നല്ല മാർഗ്ഗം അതുതന്നെ. മാത്രവുമല്ല, സമയത്തെക്കുറിച്ച് ഉൽക്കണ്ഠാകുലനാകുന്നതുകൊണ്ട് എന്തു പ്രയോജനം?

കാരണം "എല്ലാറ്റിനും ഒരു സമയമുണ്ട്. ആകാശത്തിൻകീഴിലുള്ള സമസ്തകാര്യത്തിനും ഒരവസരമുണ്ട്. ജനിക്കാൻ ഒരു കാലം... മരിക്കാനൊരു കാലം... സമാധാനത്തിന് ഒരു കാലം" (സഭാപ്രസംഗകൻ 31:8). ഒപ്പം സമയത്തിനനുയോജ്യമായി ജീവിക്കുകയെന്നതും സമയത്തെ പ്രയോജനപ്പെടുത്തുക എന്നതും പ്രധാനപ്പെട്ടതാണ്.

◆

www.malankaralibrary.com

# 21

# (അ)വിവാഹിതം

**അ**വിവാഹിതാവസ്ഥ ഒരുപാട് സംശയങ്ങളുണർത്തുന്നുണ്ട്. ഒറ്റയ്ക്കൊരു പെണ്ണ് ജീവിച്ചാലും ആണ് ജീവിച്ചാലും. പ്രണയപരാജയവും വിവാഹവിദ്വേഷവും മുതൽ ലൈംഗിക ബലഹീനതവരെ ഇത്തരക്കാർക്കെതിരെയുള്ള ചില ആരോപണങ്ങളിൽ വന്നുപെടുന്നു. ലോകത്തുള്ള എല്ലാവരും വിവാഹം കഴിച്ചുകൊള്ളണമെന്ന് കർക്കശനിയമം വല്ലതുമുണ്ടോ ആവോ?

ഒരു പ്രായം കഴിഞ്ഞിട്ടും അവിവാഹിതാവസ്ഥയിൽ കഴിയുന്ന ഒരാളെ സമൂഹം പലരീതിയിലാണ് നോക്കിക്കാണുന്നത്. ചിലർക്കൊക്കെ സഹതാപം... മറ്റുചിലർക്ക് പരിഹാസം... ഇനിയും ചിലർക്ക്... നമ്മളുമായി അവർക്കുള്ള ബന്ധത്തെ അടിസ്ഥാനമാക്കിയാണ് ഇത്തരം വികാരങ്ങളെല്ലാം മാറിമാറി വരുന്നത്.

ഇപ്രകാരം ഒറ്റയ്ക്ക് നില്ക്കുന്ന ഏതൊരാളെയും സമൂഹം പല പല ആരോപണങ്ങളുമായി പിന്തുടരുക തന്നെ ചെയ്യും. അയാൾ തന്റെ സുവ്യക്തമായ നിലപാട് വ്യക്തമാക്കും വരെ... സമൂഹമാണ് പിന്നെ അയാളുടെ താല്പര്യങ്ങളെ നിർവചിക്കുകയും അയാൾക്കു പറ്റിയതെന്ന് അവർക്കു തോന്നുന്ന വിധത്തിലുള്ള അഭിപ്രായങ്ങളെ രൂപപ്പെടുത്തുകയും ചെയ്യുന്നത്. അല്ലെങ്കിൽ സമൂഹത്തിന് തൃപ്തിയാകും വിധത്തിലുള്ള ഒരു മറുപടി കിട്ടിയാലും മതി.

ലൈംഗികതയെ ഒരാളുടെ വിവാഹജീവിതവുമായി ബന്ധപ്പെടുത്തി മാത്രം അനുവദിക്കുന്ന നമ്മുടെ ചുറ്റുപാടിൽ സ്വതന്ത്രമായും സുരക്ഷിതമായും ലൈംഗികദാഹം ശമിപ്പിക്കാനുള്ള അവസരമായാണ് വിവാഹത്തെ

www.malankaralibrary.com

നമ്മുടെ പല ചെറുപ്പക്കാരും കാണുന്നതെന്നത് ആർക്കും നിഷേധിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. "ഇങ്ങനെയൊക്കെ നടന്നാൽ മതിയോ, ഒരു ലൈംഗികബന്ധത്തിലേർപ്പെടണ്ടേ" എന്നാണ് കൗതുകപൂർണ്ണമായ ചില മിമിക്രിചോദ്യങ്ങൾ തന്നെ.

ലൈംഗികത എന്നത് പ്രായപൂർത്തിയാകുമ്പോൾ മാത്രം തോന്നുന്ന ഒരു വികാരമല്ല. അത് സഹജമാണ്. തിരിച്ചറിവുകളുടെ ബോധ്യം ഇല്ലാത്ത കാലം മുതൽ പ്രായത്തിന്റെ വല്ലായ്മകൾ ബാധിക്കുന്ന കാലം വരെ ഒരാളെ അത് പിന്തുടരുന്നുണ്ട്. അതിനെ പ്രത്യുല്പാദനപരവും ഊർജ്ജ ദായകവുമായി പ്രയോഗിക്കാനും വിനിയോഗിക്കാനും ക്രിയാത്മക ഫല ങ്ങൾ കൊയ്യാനും കഴിയുന്ന ഒരു ഘട്ടം എന്ന നിലയിലാണ് വിവാഹ ത്തെയും അതിനെത്തുടർന്നുള്ള ലൈംഗികജീവിതത്തെയും നമ്മൾ വില യിരുത്തേണ്ടത്.

അവിവാഹിതർക്ക് ഒരൊറ്റ ആവശ്യമേയുള്ളൂ, അത് സെക്സ് മാത്ര മെന്ന് ചില അല്പജ്ഞരെങ്കിലും കരുതുന്നുവെന്നാണ് വിവാഹപ്രായം കഴിഞ്ഞു നില്ക്കുന്ന ഒരു സഹപ്രവർത്തകയെ കളിയാക്കിക്കൊണ്ട് ചിലർ പുറത്തിറക്കിയ മിമിക്സ് പരേഡ് ചെവിയിലെത്തിയപ്പോൾ തോന്നി യത്. സെക്സ് തീരെ നിന്ദ്യമല്ല. എന്നാൽ അതുമാത്രമല്ല ജീവിതം. അവി വാഹിതർ അടക്കാനാവാത്ത ലൈംഗികതൃഷ്ണയുള്ളവരാണെന്ന ധാര ണയും രൂപപ്പെട്ടിട്ടുണ്ട്.

തിരക്കുള്ള ബസിലോ ട്രെയിനിലോ ഒരു യുവതി അപമാനിക്ക പ്പെടുമ്പോൾ ചുറ്റുമുള്ളവരുടെ ആദ്യശങ്ക അടുത്തുനില്ക്കുന്ന ചെറുപ്പ ക്കാരനിലേക്ക് നീണ്ടുചെല്ലുന്നത് ഇക്കാര്യമാണ് വ്യക്തമാക്കുന്നത്. ചില പ്പോഴെങ്കിലും ചെറുപ്പക്കാരൻ നിരപരാധിയായിരിക്കാം. വിവാഹിതരോ മധ്യവയസ്ക്കരോ കാണിക്കാത്ത മാന്യത സ്ത്രീയോട് കാണിക്കുന്ന എത്രയോ അവിവാഹിതരായ ചെറുപ്പക്കാരുണ്ട് ?

സമൂഹം നല്കുന്ന ചില മാന്യതകളും അതേല്പിക്കുന്ന അംഗീ കാരങ്ങളുമാണ് കുടുംബസ്ഥനെ ഏകസ്ഥജീവിതം നയിക്കുന്ന ഒരാളിൽ നിന്ന് ഉയർത്തി പ്രതിഷ്ഠിക്കുന്നത്. അല്ലെങ്കിൽ കുടുംബമായി കഴിയുന്ന ഒരുവൻ പരക്കെ മേൽക്കൈയും അംഗീകാരവും നേടിയെടുക്കുന്നുമുണ്ട്. ലൈംഗികതയുമായി ബന്ധപ്പെടുത്തിയുള്ളതാണ് ഏതു സമൂഹ ത്തിന്റെയും മതത്തിന്റെയും വിവാഹാചാരങ്ങളും വിവാഹസങ്കല്പങ്ങ ളുമെല്ലാം. ഒരുവന്റെ സ്വാഭാവികമായ ലൈംഗികതൃഷ്ണ ശമിപ്പിക്കാനുള്ള സമൂഹത്തിന്റെ പിന്തുണയും ആശീർവാദവുമാണ് ഓരോ വിവാഹത്തിനു മുള്ളത്. വിവാഹം കഴിക്കാതിരിക്കുകയാണ് നല്ലത് എങ്കിലും ആത്മസംയ മനം പാലിക്കാൻ കഴിയാത്തവർ അത് ചെയ്യട്ടെയെന്ന് വി. പൗലോസ്

www.malankaralibrary.com

സ്ഥാനപ്പെടുത്തുമ്പോൾ വിവാഹത്തിന്റെ ഒരു ക്രമം തന്നെയാണ് വ്യക്ത മാക്കുന്നത്.

വിവാഹത്തിന്റെ രജതജൂബിലിയും സുവർണ്ണജൂബിലിയും ഒക്കെ പിന്നിട്ട് മക്കളും കൊച്ചുമക്കളുമായി കഴിയുമ്പോഴും എന്തിനാണ് വിവാഹം കഴിച്ചതെന്ന ചോദ്യത്തിന് കൃത്യമായി മറുപടി പറയാൻ അറിയാത്ത എത്രയോ ദമ്പതികളുണ്ട്. അത് സ്വാഭാവികമായ ഒരു പരിണതിയായി രുന്നു പലർക്കും.

നീ വിവാഹം കഴിച്ചത് നിനക്ക് വേണ്ടിയായിരുന്നോ? ആയിരു ന്നെങ്കിൽ അതിനു നിന്നെ പ്രേരിപ്പിച്ച വികാരമെന്തായിരുന്നു? പണ്ടു മുതലേ തുടർന്നുപോരുന്ന ഒരാചാരം നീയും പിന്തുടർന്നുവെന്നേയുള്ളൂ വെങ്കിൽ വിവാഹം എന്ന അന്തസ്സിന്റെ തന്നെ മാന്യത നീ നശിപ്പിക്കുക യാണ് ചെയ്യുന്നത്. ആർക്കും ചെന്നുകയറാവുന്നതും വിശ്രമിക്കാവുന്നതും അന്തിയുറങ്ങാവുന്നതുമായ ഒരിടത്താവളത്തിന്റെ പേരൊന്നുമല്ല വിവാഹം. മാന്യതയും അന്തസും പുലർത്തേണ്ട വിശുദ്ധമായ ഒരു കർമ്മവും ഉട മ്പടിയുമാണത്. അതിനു ചില ഉത്തരവാദിത്തങ്ങളും പ്രയാസങ്ങളും അതിനുമാത്രം നല്കാൻ കഴിയുന്ന സുഖങ്ങളും സന്തോഷങ്ങളുമുണ്ട്.

"ഈ ചുണയും സാമർത്ഥ്യവുമൊന്നും എന്നും കണ്ടെന്നുവരില്ല. വയസാം കാലത്ത് നാഴിവെള്ളം അനത്തിത്തരാൻ ആരും നിനക്കുണ്ടാ വുകേലാ" എന്നൊക്കെയുള്ള സ്നേഹപൂർവ്വമായ ചില നിർബന്ധങ്ങൾ, തിരിച്ചറിവുകൾ ഒരുവനെ വിവാഹത്തിലേക്കുള്ള വഴികളിലേക്ക് എത്തി ക്കുന്നുണ്ട്. വെള്ളത്തിൽ വീണു കഴിഞ്ഞാൽ രക്ഷപെടാനായി ഒരുവൻ നീന്തുന്നതുപോലെ വിവാഹം എന്ന 'ട്രാക്കി'ൽ പെട്ടുകഴിഞ്ഞാൽ ഏതൊ രാളും ഓടിപ്പൊയ്ക്കോളും. പക്ഷേ ട്രാക്കിൽപെടുക എന്നത് എളുപ്പമല്ല.

എന്നെ സ്നേഹിക്കാൻ, എന്നെ പരിചരിക്കാൻ, എന്റെ പലതരം വിശപ്പുകൾ ശമിപ്പിക്കാൻ... അതിനൊക്കെ ഒരാൾ.. ഏതൊരാളുടെയും സ്വാർത്ഥതയാണ് അയാളെ ഒരു പരിധിവരെയെങ്കിലും വിവാഹത്തിന് പ്രേരിപ്പിക്കുന്നത്. എനിക്കു സ്നേഹിക്കാൻ, എനിക്കു പരിചരിക്കാൻ, എനിക്കു കാത്തിരിക്കാൻ.. അതിനുവേണ്ടി ഒരാൾ.. അങ്ങനെ ആരെ ങ്കിലും വിവാഹം ചെയ്തിട്ടുണ്ടാവുമോ ആവോ?

"ജീവിക്കാൻ ഒരു പെണ്ണിന്റെ കൂട്ട് വേണമെന്നൊന്നുമില്ല. നല്ല ചില ചങ്ങാത്തങ്ങളായാലും മതി"യെന്ന് പരാജയപ്പെട്ട ഒരു പ്രണയത്തിനൊടു വിൽ ഒരുവൻ സാക്ഷ്യപ്പെടുത്തിയത് അടുത്തയിടെയാണ്. തെറ്റ്. വിവാഹം ജീവിതത്തിലെ ചില ഏകാന്തതകളെ, ശൂന്യതകളെ നികത്തുമെങ്കിലും അതിന് മാത്രമുള്ള പരിഹാരമല്ല വിവാഹം. ചില തിക്താനുഭവങ്ങളിൽ നിന്നോ പ്രണയഭംഗങ്ങളിൽനിന്നോ ആയിരിക്കരുത് ഒരാൾ വിവാഹം

www.malankaralibrary.com

പോലുള്ള, എതിർലിംഗത്തിൽപെട്ട ഒരാളെ നിരസിക്കുകയോ അവിവാഹിതമായി നിലനില്ക്കാൻ പ്രേരിതനാവുകയോ ചെയ്യേണ്ടത്. ഉറച്ച ചില നിലപാടുകൾകൊണ്ടോ വ്യക്തമായ ചില തീരുമാനങ്ങൾകൊണ്ടോ ആയിരിക്കണമത്. എല്ലാമുണ്ടായിട്ടും ചിലതിനോടൊക്കെ വേണ്ട എന്നു പറയാനുള്ള തന്റേടം കൊണ്ടും. എങ്കിൽ മാത്രമേ അതിന് ചില അർത്ഥങ്ങളുണ്ടാവൂ. കൂടെ ആരുമില്ലാതാവുമ്പോഴോ തീർത്തും ഒറ്റപ്പെടുമ്പോഴോ വിവാഹത്തിന്റെ സന്തോഷങ്ങൾ നഷ്ടപ്പെടുത്തിയതോർത്ത് നിനക്ക് വിലപിക്കാനിടവരാതിരിക്കട്ടെ..

അവസാനമായി ഒരു ചോദ്യം. അവിവാഹിതരെല്ലാം ബ്രഹ്മചാരികളാണെന്ന് നീ വിചാരിക്കുന്നുവോ? നിന്റെ ഏറ്റവും വലിയ, തെറ്റായധാരണകളിലൊന്നാണ് അത്. അവിവാഹിതാവസ്ഥയ്ക്കും ബ്രഹ്മചര്യത്തിനും തമ്മിൽ സാമ്യങ്ങളോ ചേർച്ചകളോ ഇല്ലെന്നും നീ മനസ്സിലാക്കണം. എന്നാൽ അവിവാഹിതം അവിഹിതമോ അധാർമ്മികമോ അല്ല താനും.

പക്ഷേ, ആണും പെണ്ണും തമ്മിൽ യാതൊരു മതത്തിന്റെ അടിസ്ഥാനത്തിലും ഒന്നിക്കാതെ ഒരുമിച്ച് ജീവിക്കുകയും പരസ്പരം ഉത്തരവാദിത്തങ്ങൾ നിറവേറ്റാതെ ശരീരകേന്ദ്രീകൃതമായി മാത്രം ലക്ഷ്യമിടുകയും ചെയ്യുന്ന അവസ്ഥ അവിവാഹിതമെങ്കിലും വിഹിതമല്ല. ഇന്നലെവരെ ക്രമരഹിതനെന്ന് പരക്കെ അറിയപ്പെട്ടിരുന്ന ഒരു സുഹൃത്ത് വിവാഹിതനും പിതാവുമായി സന്തുഷ്ടനും ക്രമങ്ങളാൽ ചിട്ടപ്പെടുത്തി ജീവിച്ചു തുടങ്ങിയതും മാന്യതയോടെ ജീവിച്ചു പോന്നിരുന്ന ഒരുവന്റെ വിവാഹ ജീവിതം ആദ്യ ആഴ്ചയിൽ തന്നെ തകർന്നടിഞ്ഞതും ഒരുപോലെ എന്നെ അമ്പരപ്പിക്കുന്നു. അതിനവനേല്ക്കേണ്ടി വന്ന അപമാനങ്ങളും ദുരാരോപണങ്ങളും എത്രയധികമായിരുന്നു! ഏതവസ്ഥയാണ് നല്ലതെന്നോ ഏതാണ് മോശമെന്നോ ആർക്കു പറയാൻ കഴിയും?

ഒരാൾ വിവാഹിതനാകുന്നത് അയാളുടെ മാത്രം യോഗ്യത കൊണ്ടോ ഒരാൾ അവിവാഹിതനായി നിലനില്ക്കുന്നത് അയാളുടെ കുറവു കളാലോ ആയിരിക്കണമെന്നില്ല. അവിവാഹിതമോ വിവാഹിതമോ ഒന്നു പോലെ മോശമോ നല്ലതോ അല്ലതാനും. രണ്ടും രണ്ടായിത്തന്നെ നിലനില്ക്കെ രണ്ടിനെയും അതിന്റേതായ അർത്ഥത്തിൽ കാണാനും അംഗീകരിക്കാനും ആദരിക്കാനും നമുക്കെന്നാണ് കഴിയുക?

എല്ലാറ്റിനും സംഘടനകളുള്ള നമ്മുടെ നാട്ടിൽ അവിവാഹിതർക്ക് മാത്രമായി അത്തരമൊരു പേരിൽ ഒരു സംഘടന എന്തുകൊണ്ടാണ് രൂപീകരിക്കാത്തത്? സംഘടനയിൽ സ്ഥിരമായി ഒരേ അംഗങ്ങൾ ഉണ്ടായിരിക്കില്ലെന്ന യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ട് തന്നെ ഒരു കാര്യം സംശയരഹിതമായി പറയാം. സംഘടനയിൽ ഒരിക്കലും അംഗങ്ങൾ ഇല്ലാതെ വരില്ല.

◆

www.malankaralibrary.com

# 22

# കലണ്ടർ

**ഒ**ടുവിൽ ഭൈരവി ടീച്ചർ ഭിത്തിയിൽ തൂക്കിയിട്ടിരുന്ന കലണ്ടർ മടക്കിയെടുത്തു. "ഇതെന്തിനാ ടീച്ചർ" എന്ന് കേശു അമ്പരപ്പോടെ ചോദിച്ചു. പഴയൊരു കലണ്ടർ കൊണ്ട് ഇനിയെന്തു ചെയ്യാൻ എന്നായിരുന്നു അവന്റെ ചിന്ത. പക്ഷേ ടീച്ചർ പറഞ്ഞു,

"കണക്കുകളും തീയതികളും വർഷങ്ങളും ഞാനോർത്തുവച്ചിരുന്നില്ല. ഇനിയെനിക്കത് ഓർത്തുവയ്ക്കണം. എന്തിനെന്നല്ലേ, ഇനിയും ജീവിതത്തിന്റെ കണക്കുകൾ തെറ്റാതിരിക്കാൻ..." വീടിനും വീട്ടുകാർക്കും വേണ്ടി ജീവിച്ച് ഒടുവിൽ വീട്ടുകാരാൽ തിരസ്ക്കരിക്കപ്പെട്ട്, വാർദ്ധക്യത്തിൽ തെരുവിലേക്ക് വീട്ടുജോലിക്കാരനൊപ്പം പടിയിറങ്ങുകയാണ് ഭൈരവി ടീച്ചർ.

ഇത് ഞാനെഴുതിയ പഴയൊരു കഥയാണ്. പക്ഷേ ഇപ്പോൾ കലണ്ടറുകളെക്കുറിച്ചെഴുതുമ്പോൾ എനിക്കാദ്യം ഓർമ വന്നത് ഈ കഥയാണ്.

മാസങ്ങൾ മറയുന്നതും വർഷങ്ങൾ വരുന്നതും നമ്മൾ അറിയുന്നത് കലണ്ടറുകളെ നോക്കിയാണ്. കൃത്യതയുടെയും തീരുമാനങ്ങളെടുക്കുന്നതിന്റെയും ഭാഗമായിരുന്നു കലണ്ടറുകൾ. ഭാവികാര്യങ്ങൾ നിശ്ചയിക്കുന്നതും കലണ്ടറുകളെ നോക്കിയായിരുന്നു.

മനുഷ്യൻ ദിവസങ്ങളുടെ പ്രത്യേകതകളും ഉദയാസ്തമയങ്ങളും നാളും വിനാഴികയും ഒക്കെ അറിഞ്ഞ് മാത്രം തീരുമാനങ്ങളെടുക്കുന്നവനാണെന്നും അവയ്ക്കെല്ലാം അവന്റെ ജീവിതത്തിൽ നിർണ്ണായക സ്വാധീനമുണ്ടെന്നും അതിനെ നന്നായി മാർക്കറ്റ് ചെയ്താൽ തങ്ങൾക്കു പ്രയോജനം ഉണ്ടെന്നും കച്ചവടക്കാർ മനസിലാക്കിയതിൽ നിന്നാവാം

www.malankaralibrary.com

വർഷാവസാനത്തിൽ നിരവധിയായ കലണ്ടറുകൾ പുറത്തിറങ്ങുന്നത്. തീയതിയും ദിവസവും മാത്രം നോക്കുക എന്നതിൽനിന്ന് നമ്മുടെ കലണ്ടറുകൾ എത്രയധികം വളർന്നിരിക്കുന്നുവെന്ന്, ഇന്ന് നിലവിലുള്ള കലണ്ടറുകൾ ഒന്നോടിച്ചുനോക്കിയാൽ മതി.

നമ്മുടെ കലണ്ടറുകൾ എത്രയധികം മാറ്ററുകളാണ് ഉൾക്കൊള്ളുന്നത്. തിയതിയും ദിവസവും അറിയുക എന്ന പ്രാഥമിക ആവശ്യം മാത്രമല്ല കലണ്ടറുകൾ ഇന്നു നിറവേറ്റുന്നത്. അതുകൊണ്ടാണ് തങ്ങളുടേതാണ് ഏറ്റവും മികച്ച കലണ്ടറെന്ന് അതിന്റെ ശില്പികൾ പരസ്യങ്ങളിലൂടെ അവകാശപ്പെടുന്നത്.

കലണ്ടർ ഒരോർമപ്പെടുത്തലാണ്. മാസം കഴിഞ്ഞിട്ടും മാറ്റാതെ കിടക്കുന്ന ചില കലണ്ടറുകൾ ദിവസങ്ങളെയോ മാസങ്ങളെയോ അത്ര ഗൗരവത്തിൽ പരിഗണിക്കുന്നില്ലെന്നതിന്റെ തെളിവും അലസതയുമാണ് വെളിവാക്കുന്നത്.

ഇന്നുണ്ടോയെന്നറിയില്ല. കുട്ടിക്കാലത്ത് നഗരത്തിലെ മികച്ച ചില കടകൾ കളർഫുള്ളായ ചില കലണ്ടറുകൾ പുറത്തിറക്കാറുണ്ടായിരുന്നു. തീയതി അറിയുക എന്നതിനല്ല, തങ്ങളുടെ സ്ഥാപനങ്ങളുടെ പരസ്യത്തിനായിട്ടാണ് അവർ അവ ഉപയോഗിച്ചിരുന്നത്.

ഓരോ മതവിശ്വാസികളെയും പ്രീതിപ്പെടുത്താനായി അവരുടെ ദൈവത്തിന്റെ ചിത്രമോ പ്രകൃതിദൃശ്യങ്ങളോ ചില സുന്ദരികളോ ഒക്കെയാണ് ആ കലണ്ടറുകളിൽ പ്രത്യക്ഷപ്പെട്ടിരുന്നത്. അതിന്റെ അടിയിലായി പ്രസ്തുത കടകളുടെ പരസ്യവുമുണ്ടാവും.

സ്കൂൾ വിട്ടുവരുന്ന ഡിസംബർ-ജനുവരി മാസങ്ങളിലെ വൈകുന്നേരങ്ങളിൽ ഇത്തരം കടകൾ കയറിയിറങ്ങലായിരുന്നു പണി. നിരയായിരിക്കുന്ന കടകൾ ഓരോന്നായി കയറിയിറങ്ങും. ചിലയിടത്തുനിന്ന് കിട്ടും. ചിലരാവട്ടെ തീർന്നുപോയെന്നു പറയും. കിട്ടുമ്പോൾ സന്തോഷം. കിട്ടാത്തപ്പോൾ അടുത്ത കടയിലേക്ക് പ്രതീക്ഷയോടെ കയറും. തീർന്നുപോയെന്നും ഇല്ലെന്നുമൊക്കെ എന്നോടു പറഞ്ഞ കടകളിൽനിന്ന് തന്നെ എനിക്കു ശേഷം വരുന്ന കുട്ടികൾക്ക് കലണ്ടർ കിട്ടിയെന്നുമിരിക്കും. അതാണ് അതിന്റെ തമാശ. എന്നോട് ഇങ്ങനെയും മറ്റുള്ളവരോട് അങ്ങനെയും..

(അർഹതപ്പെട്ടതും ആഗ്രഹിക്കുന്നതും ഒന്നും എനിക്കു പലപ്പോഴും കിട്ടാറില്ല എന്നു ഞാൻ മനസ്സിലായിത്തുടങ്ങിയത് നന്നേ ചെറുപ്പത്തിലേ കിട്ടിയ, നിസ്സാരമെന്ന് ഇന്നു തോന്നുന്ന ഇത്തരം ചില സംഭവങ്ങളിൽ നിന്നാണ്. അർഹതപ്പെട്ട ചില കോംപ്ലിമെന്റ്സ്, അർഹതപ്പെട്ട ചില അംഗീകാരങ്ങൾ, ചില സ്ഥാനങ്ങൾ, എനിക്കു മാത്രം ചെയ്തുതീർക്കാമായിരുന്ന ചില കാര്യങ്ങൾ. അതൊക്കെ മറ്റു ചിലയിടങ്ങളിലേക്ക് എന്നെ

www.malankaralibrary.com

നനയ്ക്കാതെ ഒഴുകിപ്പോവുന്നത് ഞാൻ പലപ്പോഴും നോക്കി നിന്നിട്ടുണ്ട്. വേദനിച്ചിട്ടുണ്ടാവാം. എന്നാലും തീർത്തും നിരാശയിലേക്ക് മനസ്സ് പോയി ട്ടില്ല. ഇനിയും വരുമെന്നോ അല്ലെങ്കിൽ അതെനിക്കു വിധിച്ചിട്ടില്ലെന്നോ കരുതിയിട്ടേയുള്ളൂ. ഇല്ല ദൈവമേ മനുഷ്യർ ചിലതൊക്കെ എനിക്ക് നിഷേധിച്ചാലും നീയെനിക്ക് ഞാൻ അർഹിക്കുന്നതിൽ കൂടുതൽ മാത്ര മല്ലേ തന്നിട്ടുള്ളൂ. അത് തിരിച്ചറിയുമ്പോൾ മനുഷ്യരോടു ഞാനെന്തിനു പരിഭവിക്കണം?).

ഇങ്ങനെ കിട്ടുന്ന കലണ്ടർ വീട്ടിലെ ഭിത്തി മുഴുവൻ ആണിയടിച്ച് അതിൽ തൂക്കിയിടും. സിമന്റ് തേക്കാത്ത ചുമര് കലണ്ടറാൽ മറയ്ക്കപ്പെട്ട് വിവിധ ചിത്രങ്ങളാൽ പരിലസിക്കും. അക്കൂട്ടത്തിൽ വല്ല ഹിന്ദുദൈവങ്ങ ളുടെ ചിത്രമെങ്ങാനും പെട്ടാൽ മതി അമ്മയുടെ ചീത്ത കേൾക്കാൻ. കാണാൻ സുന്ദരിയും കലകളുടെ ദേവതയുമായ സരസ്വതി ദേവിയൊക്കെ അങ്ങനെ ഭിത്തി അലങ്കരിക്കാതെ പോയി. ഇന്ന് ഏതെങ്കിലും കുട്ടികൾ ഇങ്ങനെ കലണ്ടറുകൾക്കായി കടകൾ തോറും കയറിയിറങ്ങാറുണ്ടോ ആവോ?

കുറെ വർഷങ്ങളായി ഓരോ ഡിസംബർ 31 നും പതിവായി ചെയ്യുന്ന ഒരു കാര്യമുണ്ട്.

പന്ത്രണ്ട് മണിയാവാതെ കിടക്കില്ല. മറ്റേതൊരു ദിവസവും പോലെ യല്ല ഈ രാത്രിയും ഈ നിമിഷവും. പുതിയൊരു ജനനത്തിനു സാക്ഷി യാവുന്നതുപോലെതന്നെ അഭിമാനകരവും സന്തോഷപ്രദവുമത്രെ പുത്തനാണ്ടിന്റെ നിറവിനുവേണ്ടി കാത്തിരിക്കുന്നതും സാക്ഷിയാവു ന്നതും. അതുകൊണ്ടാണ് ഉണർന്നിരിപ്പ്...

പന്ത്രണ്ടു മണി ക്ലോക്കിൽ അടിക്കുമ്പോൾ, അല്ലെങ്കിൽ പുതു വർഷത്തിന്റെ ആരവം എവിടെനിന്നെങ്കിലും ഉയരുന്നത് കാതിലെത്തു മ്പോൾ എണീറ്റ് പഴയ ആ കലണ്ടർ മാറ്റി പുതിയത് തൂക്കും, നിറഞ്ഞ പ്രാർത്ഥനയോടെ, നിറഞ്ഞ മനസ്സോടെ.

അർഹിക്കുന്നതിൽ കൂടുതലായി നീയെന്റെ വീഞ്ഞുപ്പാത്രങ്ങളിൽ നിറച്ച എല്ലാറ്റിനും നന്ദി.. ആരുടെയൊക്കെയോ സ്നേഹങ്ങളിൽ നീരാടു വാൻ അവസരം തന്നതിനും നന്ദി.. ഒപ്പം ഇനിയും അപ്രതീക്ഷിതമായി തരുന്നതിനെയും വരുന്നതിനെയെല്ലാം ഇരുകൈകളും നീട്ടി ഏറ്റുവാങ്ങാ നുമുള്ള കൃപക്കു വേണ്ടിയും പ്രാർത്ഥിക്കും. ജീവിതത്തിലെ മോഹ ങ്ങളും ആശകളും സമർപ്പിക്കുകയും ചെയ്യും. ഇതൊക്കെയാണ് എന്റെ ആശ. ഇതൊക്കെയാണ് ഞാൻ..

കിട്ടുന്നതെന്തെന്നോ അർഹതപ്പെട്ടതെന്തെന്നോ എനിക്കറിയില്ല...

◆

www.malankaralibrary.com



വിനായക് നിർമ്മൽ

നഷ്ടപ്പെട്ടുപോയ ഏതെല്ലാമോ ഓർമ്മകളിലേക്ക് വീശുന്ന സ്നേഹത്തിന്റെ കാറ്റ്. അതാണീ കുറിപ്പുകൾ.....

ഗൃഹാതുരതയുടെ നനവും ഗ്രാമജീവിതത്തിന്റെ നിഷ്ക്കളങ്കതയും ഇതിൽ നിങ്ങൾക്ക് വായിച്ചെടുക്കാം.

വായനക്കാരുടെ ഹൃദയങ്ങളെ കീഴടക്കിയ നനവുള്ള കാറ്റുകളുടെ പുതിയ പതിപ്പ്.

Bethany Publications, KTM-686010